# അറിവോരം

ISSN 2582-2764

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 1 | Issue 4 | Bimonthly | August 2021 | Thiruvananthapuram | Page 20 | Price ₹ 10





» 03 'മകൾക്കൊപ്പം'

» 04 വിയോജിക്കാൻ അവകാശമില്ലാത്ത ജനാധിപത്യമോ?

» 06 നിയമസഭാ സമിതികൾ രൂപീകരിച്ചു


സഭാധ്യക്ഷന്റെ പേജ്

## സ്ത്രീ ധനമല്ല, തുല്യതയുള്ള വ്യക്തിയാണ്

എം.ബി. രാജേഷ്, സ്പീക്കർ



സ്ത്രീധനവുമായി ബന്ധപ്പെട്ട പീഡനങ്ങളും മരണവും നമ്മുടെ സമൂഹത്തിൽ അവസാനിക്കാത്ത ദുരന്തങ്ങളാണ്. സമൂഹം എത്രയൊക്കെ മുന്നോട്ടുപോയിട്ടും എന്തുകൊണ്ടാണ് ഇത്രയും പ്രാകൃതമായ രീതികൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതെന്നത് അത്ഭുതപ്പെടുത്തുന്നതാണ്. എല്ലാ മനുഷ്യബന്ധങ്ങളെയും പണത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്ന സാമൂഹ്യ വ്യവസ്ഥയിലാണ് സ്ത്രീധനം പോലുള്ള തിന്മകൾ തഴച്ചു വളരുന്നത്.

വിവാഹബന്ധങ്ങളെ പണവുമായി കൂട്ടിക്കെട്ടുന്ന രീതിക്ക് അധികം പഴക്കമൊന്നുമില്ല. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും പണത്തിന്റെ ബന്ധമാക്കി ചുരുക്കിയത് മുതലാളിത്ത വ്യവസ്ഥയുടെ ആവിർഭാവത്തോടെയാണ്. സ്ത്രീ കുടുംബിനിയെന്നും പുരുഷൻ കുടുംബനാഥനെന്നുമുള്ള തെറ്റായ നിർവ്വചനങ്ങൾ രൂപപ്പെടുന്നത് അങ്ങനെയാണ്. എന്നാൽ സ്വകാര്യസ്വത്തിലധിഷ്ഠിതമായ വർഗവ്യവസ്ഥയുടെയും കുടുംബമെന്ന സ്ഥാപനത്തിന്റെയും ആവിർഭാവത്തോടെ തന്നെ സ്ത്രീ കീഴ്പ്പെട്ട് ജീവിക്കേണ്ടവൾ എന്ന വീക്ഷണം ആധിപത്യം നേടിയിരുന്നു.


വീട്ടിനുള്ളിൽ അടങ്ങിയൊതുങ്ങി കഴിയേണ്ടവളാണ് സ്ത്രീയെന്ന് അച്ഛനും അമ്മയും മറ്റ് കുടുംബാംഗങ്ങളും സമൂഹത്തിലുള്ളവരും പെൺകുട്ടികളെ പറഞ്ഞു പഠിപ്പിച്ചുകൊണ്ടിരുന്നു. സ്ത്രീക്ക് വിദ്യാഭ്യാസം നൽകാനുള്ള സംഘടിത ശ്രമങ്ങൾ വിവിധ സമൂഹങ്ങളിൽ നടന്നതുപോലും ഇരുപതാം നൂറ്റാണ്ടോടെയാണ്. സ്ത്രീകൾക്ക് വോട്ടവകാശം നേടാൻ വരെ വലിയ പോരാട്ടങ്ങൾ നടത്തേണ്ടിവന്നു. ഇങ്ങനെ സ്ത്രീയെ രണ്ടാം പൗരന്മാരാക്കി ചിത്രീകരിച്ച് ഉറപ്പിച്ചു. ഈ പുരുഷാധിപത്യ-സ്ത്രീവിരുദ്ധ പൊതുബോധത്തിന്റെ തണലിലാണ് സ്ത്രീധന പീഡനമടക്കമുള്ള തിന്മകൾ സമൂഹത്തിൽ പെരുകിയത്.

കേരളം പോലെയുള്ള സമൂഹങ്ങളിൽ വിദ്യാഭ്യാസത്തിൽ ഇന്ന് സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒരു പടി മുന്നിലാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പുരുഷനോടൊപ്പം പ്രവർത്തിച്ച് അവർ മികവ് തെളിയിക്കുന്നു. ബഹുഭൂരിപക്ഷം സ്ത്രീകളും സാമ്പത്തികശേഷിയിൽ പുരുഷനേക്കാൾ പിന്നിലാണെങ്കിലും ജോലിയും വരുമാനവുമുള്ള സ്ത്രീകളുടെ എണ്ണം കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ എത്രയോ കൂടിയിട്ടുണ്ട്. എന്നാൽ അവരുടെ സാമൂഹ്യപദവിയിൽ ഇത് കാര്യമായി പ്രതിഫലിക്കുന്നില്ല. അതുകൊണ്ടാണ് പ്രൊഫഷണലുകൾ അടക്കമുള്ള സമൂഹത്തിലെ ഉന്നതരെന്നു കരുതുന്ന സ്ത്രീകൾ പോലും സ്ത്രീധനത്തിന്റെ ഹോമത്തീയിൽ വെന്തുരുകുന്നത്.

വിപണിസംസ്കാരത്തിന്റെ വ്യാപനം അപകടകരമാംവിധം എല്ലാ മേഖലകളിലുമുണ്ട്. എന്നാൽ മനുഷ്യബന്ധങ്ങൾ അതിനും മുകളിൽ നിൽക്കുമെന്നാണല്ലോ ഒരു പരിഷ്കൃത സമൂഹമെന്ന് അഭിമാനിക്കുന്ന നമ്മൾ കരുതുക. എന്നാൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്?

ശേഷം 5 ാം പേജിൽ ▶▶▶

## സ്ത്രീധനത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന് കേരള ഗവർണർ



സ്ത്രീധനത്തിനെതിരെ ബോധവൽക്കരണത്തിന് ഉപവാസമനുഷ്ഠിച്ച് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. 2021 ജൂലൈ 14 ന് രാജ്ഭവനിലാണ് സ്ത്രീധനത്തിനെതിരെയും സ്ത്രീസുരക്ഷയ്ക്കായും ഗവർണർ ഉപവസിച്ചത്. 'സ്ത്രീസുരക്ഷ ജനജാഗ്രത' എന്ന സന്ദേശവുമായി ഗാന്ധി സ്മാരക നിധിയും ഗാന്ധിയൻ സംഘടനകളും നടത്തിയ ഉപവാസത്തിൽ ഗവർണർ പങ്കാളിയാകുകയായിരുന്നു. സർവകലാശാലകൾ കോഴ്സ് സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ വിദ്യാർത്ഥികളിൽ നിന്ന് സ്ത്രീധന വിരുദ്ധ ബോണ്ട് വാങ്ങണമെന്ന നിർദ്ദേശം അദ്ദേഹം മുന്നോട്ട് വച്ചു. സ്ത്രീധന വിരുദ്ധ ബോണ്ട് ലംഘിച്ചാൽ സർട്ടിഫിക്കറ്റുകൾ റദ്ദാക്കണം. ഇക്കാര്യം ചൂണ്ടിക്കാട്ടി വൈസ് ചാൻസലർക്ക് കത്ത് നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിൽ കേരള പോലീസ് ശക്തമായി ഇടപെടുന്നുണ്ടെന്നും നിയമത്തിനും പോലീസിനും മാത്രമായി ഇതിന് പരിഹാരം കാണാൻ കഴിയില്ലെന്നും സ്ത്രീധനമെന്ന സാമൂഹിക വിപത്തിനെതിരെയുള്ള പോരാട്ടത്തിൽ കേരളം മുന്നിൽ നിൽക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. രാവിലെ എട്ടരയ്ക്കു തുടങ്ങിയ ഉപവാസം വൈകുന്നേരം നാലരക്ക് ഗാന്ധി സ്മാരക നിധിയിലാണ് അവസാനിച്ചത്.

## സ്ത്രീധനക്കാരെ ഒറ്റപ്പെടുത്തണം: മുഖ്യമന്ത്രി



സ്ത്രീധനം നൽകിയുള്ള വിവാഹ ചടങ്ങുകളിൽ നിന്ന് ജനപ്രതിനിധികൾ വിട്ടു നിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. സ്ത്രീധനത്തിനെതിരെ സാമൂഹികമായ എതിർപ്പ് ഉയർന്ന് വരണം.

സ്ത്രീധന വിരുദ്ധ അക്രമങ്ങളിൽ നിയമപരമായ എന്തു നടപടിയെടുക്കാനും നിയമപാലകർക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഒരു പ്രത്യേക ഘട്ടത്തിൽ എത്തുമ്പോൾ മാത്രമേ സ്ത്രീധന പരാതികൾ പൊലീസിന് മുന്നിൽ എത്തുന്നുള്ളൂ. എന്നാൽ സ്ത്രീധനം ഉൾപ്പെട്ട വിവാഹമാണ് നടക്കുന്നത് എന്ന് ബോധ്യപ്പെട്ടാൽ അതിൽ നിന്ന് വിട്ടുനിൽക്കാൻ ജനപ്രതിനിധികൾ തയ്യാറാകണം. സ്ത്രീധനത്തിനെതിരെ സാമൂഹ്യമായ എതിർപ്പ് ഉയർന്നുവരണം. എല്ലാവരും ഒറ്റക്കെട്ടായി ഈ സാമൂഹ്യതിന്മക്കെതിരെ രംഗത്തുവന്നാൽ, ഇതിന്റെ പേരിൽ നടക്കുന്ന അക്രമങ്ങൾ പുറത്തുപറയാൻ പെൺകുട്ടികൾക്കും ധൈര്യം വരും. സ്ത്രീധനം നൽകിക്കൊണ്ടൊരു വിവാഹം തനിക്ക് വേണ്ടതില്ലെന്ന് പെൺകുട്ടിയും, സ്ത്രീധനം വാങ്ങിയുള്ള വിവാഹം വേണ്ടതില്ലെന്ന് യുവാക്കളും തീരുമാനിക്കുന്ന തരത്തിൽ ബോധവത്കരണം ഉയർത്തികൊണ്ടു വരണം. സ്ത്രീധന അക്രമത്തെ സംബന്ധിച്ചുള്ള പരാതികൾ മുന്നിലെത്തിയാൽ നിയമപരമായി തന്നെ അതിനെതിരെ കർക്കശമായ നടപടികൾ ഇപ്പോൾ കൈക്കൊള്ളുന്നുണ്ടെന്നും മുഖ്യമന്ത്രി സഭയിൽ പറഞ്ഞു.

## 'ആസാദി കാ അമൃത് മഹോത്സവ്' കേരള നിയമസഭയിലും

ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ്'ന്റെ ഭാഗമായി കേരള നിയമസഭാ സെക്രട്ടേറിയറ്റ് കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്)ന്റെ ആഭിമുഖ്യത്തിൽ 2021 ആഗസ്റ്റ് മുതൽ 2023 ആഗസ്റ്റ് വരെ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും നിയമസഭാംഗങ്ങൾക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെയും പ്രത്യേക വികസന നിധിയുടേയും വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടിയും 2021 ആഗസ്റ്റ് 10 ന് നിയമസഭാ മന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിച്ചു. പരിപാടിയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിക്കുകയും സ്പീക്കർ എം.ബി.രാജേഷ് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

കോവിഡ് മഹാമാരി സൃഷ്ടിച്ച പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികം ആഘോഷിക്കണമെന്നും പുതിയ തലമുറയെ സ്വാതന്ത്ര്യ സമരത്തിന്റെ പാഠങ്ങൾ, ഇന്ത്യ എന്ന ആശയം ഉയർന്നുവന്ന രീതി തുടങ്ങിയവ പഠിപ്പിക്കാനുള്ള അവസരമാണ് കൈവന്നിരിക്കുന്നതെന്നും പുതിയ തലമുറയെ ലക്ഷ്യം വച്ചുകൊണ്ട് നിയോജകമണ്ഡലങ്ങളിൽ പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും അതിന് മുന്നോടിയായി സാമാജികരുടെ നിർദ്ദേശങ്ങൾ പരഗണിക്കുമെന്നും സ്പീക്കർ അദ്ധ്യക്ഷപ്രസംത്തിൽ പറഞ്ഞു. 'മതനിരപേക്ഷ ജനാധിപത്യ ഇന്ത്യ' വെല്ലുവിളികൾ നേരിടുന്നിനാൽ ഇത്തരത്തിലുള്ള ആശയം ഉയർത്തിപ്പിടിക്കാനുള്ള പരിപാടി കേരളത്തിലാകെ സംഘടിപ്പിക്കുന്നതിന് ഈ പരിപാടിയിലൂടെ തുടക്കം കുറിച്ചിരിക്കുന്നതായും അദ്ദേഹം പറഞ്ഞു.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ഇന്ത്യയിൽ സ്വാതന്ത്ര്യത്തെ ആദ്യമായി അമൃതിനോടുപമിച്ചത് മഹാകവി കുമാരനാശാനാണെന്നും 'അമൃത് മഹോത്സവ്' എന്ന ദേശീയാഘോഷത്തിന്റെ പേര് കേരളീയർക്ക് അഭിമാനകരമാണെന്നും ഉപരിതല ആഘോഷങ്ങളിൽ മാത്രം ഒതുങ്ങാതെ ഉള്ളിലെ നീറ്റൽ അറിഞ്ഞുകൊണ്ട് പ്രവർത്തിക്കാനുള്ള അവസരമാകണം സ്വാതന്ത്ര്യ ദിനാഘോഷങ്ങളെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ശേഷം 15 ാം പേജിൽ ▶▶▶




**സ്ത്രീധനത്തെ വിവാഹത്തിന് ഒരു വ്യവസ്ഥയാക്കുന്ന ഏതൊരു ചെറുപ്പക്കാരനും തന്റെ വിദ്യാഭ്യാസത്തെയും രാജ്യത്തെയും അവഹേളിക്കുകയും സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്യുന്നു.**

**മഹാത്മാഗാന്ധി**

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



## കോവിഡ് സമാശ്വാസം ക്ഷീരകർഷകർക്ക് കാലിത്തീറ്റ നൽകി

**ചിറ്റയം ഗോപകുമാർ, അടൂർ**

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കോവിഡ് സമാശ്വാസമായി ക്ഷീര കർഷകർക്ക് കാലിത്തീറ്റ നൽകി. തൊണ്ണൂറ്റി ആറ് ക്ഷീരകർഷകർക്കാണ് കാലിത്തീറ്റ നൽകിയത്. ആയിരത്തി ഇരുനൂറ് രൂപ വിലവരുന്ന കാലിത്തീറ്റയാണ് സബ്സിഡി യോടെ നാനൂറ് രൂപ നിരക്കിൽ സംസ്ഥാനത്തൊട്ടാകെ സമാശ്വാസ പദ്ധതിയുടെ ഭാഗമായി സർക്കാർ ക്ഷീരകർഷകർക്ക് നൽകി വരുന്നത്. അതിന്റെ പറക്കോട് ബ്ലോക്ക്തല ഉദ്ഘാടനം കടമ്പനാട് ക്ഷീര സഹകരണ സംഘത്തിൽ വച്ച് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. തുളസീധരൻപിള്ള അധ്യക്ഷനായിരുന്നു. ബ്ലോക്ക് പഞ്ചായത്തംഗം, പഞ്ചായത്ത് മെമ്പർ, ക്ഷീരസംഘം പ്രസിഡന്റ്, സെക്രട്ടറി, ക്ഷീരവികസന ഓഫീസർ തുടങ്ങിയവർ സംസാരിച്ചു.





## വാഴൂർ ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

**ഡോ.എൻ.ജയരാജ്, കാഞ്ഞിരപ്പള്ളി**

വാഴൂർ ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ.എൻ.ജയരാജ് 2021 ജൂലൈ 8 ന് നിർവ്വഹിച്ചു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഇതിനായി 82 ലക്ഷം രൂപ നേരത്തെ അനുവദിച്ചിരുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകി നാടിനാകെ മാതൃകയായ ഉണ്ണികൃഷ്ണൻ നായർ (മണിയമ്മാവൻ) ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് മെമ്പർമാർ, ഡോക്ടർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തു.

## കോവിഡ് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു

**പി.കെ.കുഞ്ഞാലിക്കുട്ടി, വേങ്ങര**

വേങ്ങര നിയോജക മണ്ഡലത്തിൽ എം.എൽ.എയുടെ നേതൃത്വത്തിൽ കോവിഡ് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും പ്രവർത്തിക്കുന്ന വാർ റൂമുകളുടെ ക്രോഡീകരണമാണ് കൺട്രോൾ റൂമിൽ നടക്കുന്നത്. കൂടാതെ ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവർക്ക് ഭക്ഷണക്കിറ്റ് വിതരണം, വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന RRT കൾക്ക് ആവശ്യമായ ഓക്സിമീറ്റർ, സാനിറ്റൈസർ, മാസ്ക്, ഗ്ലൗസ്, ഫോഗിങ് മെഷീൻ, പ്രതിരോധ മരുന്നുകൾ മുതലായവയുടെ വിതരണവും കൺട്രോൾ റൂമിൽ ചെയ്തുവരുന്നു. മുഴുവൻ സമയ ആംബുലൻസ് സർവീസ് അടക്കമുള്ള മെഡിക്കൽ സേവനങ്ങളും കൺട്രോൾ റൂമിൽ ലഭ്യമാണ്.



## 'ബീച്ചിൽ ഒരു കാട്" മുനയ്ക്കലിൽ മിയോവാക്കി കാട് വിജയം കാണുന്നു

**ഇ.ടി.ടൈസൺ മാസ്റ്റർ, കയ്പമംഗലം**

തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴീക്കോട് മുനയ്ക്കൽ ഡോൾഫിൻ ബീച്ചിൽ എത്തുന്നവർക്ക് ഇനി കടൽ മാത്രമല്ല, കാടും കാണാം. ഇവിടെ ഔഷധമരങ്ങളും ഫലവൃക്ഷങ്ങളും അടങ്ങുന്ന 'മിയോവാക്കി കാടുകൾ' നട്ടുപിടിപ്പിച്ചത് വിജയകരമായിരിക്കുകയാണ്. ബീച്ചിലെ കായലിനോടും കടലിനോടും ചേർന്ന 20 സെന്റ് സ്ഥലത്ത് കറുക, പുളി, മാവ്, ഞാവൽ, ഇലഞ്ഞി, അത്തി, പ്ലാവ്, ആര്യവേപ്പ് തുടങ്ങി 100 ഇനങ്ങളിൽപ്പെട്ട 3215 വൃക്ഷത്തൈകളാണ് നട്ടത്. ചുരുങ്ങിയ നാളുകൾ കൊണ്ട് കുരുവികളുടെയും ചിത്രശലഭങ്ങളുടെയും ആവാസസ്ഥലമായി ഈ കാട് മാറി. അതുകൊണ്ടുതന്നെ തൃശ്ശൂർ ജില്ലയുടെ തന്നെ അപൂർവ്വതയിലേക്ക് തഴച്ചുവളരുവാൻ മിയോവാക്കികൾക്ക് കഴിയുന്നുണ്ട്. ശക്തമായ വേലിയേറ്റത്തിൽ കടൽ വെള്ളം കരയിലേക്ക് ഇരച്ച് കയറി ഉപ്പുവെള്ളം കാടുകളെ പ്രതിരോധത്തിലാക്കിയെങ്കിലും കൃത്യമായ പരിചരണത്തിൽ കാട് വീണ്ടും തഴച്ചുവളരുകയാണ്.

2020 മേയ് 15 നാണ് മുസിരിസ് പൈതൃകപദ്ധതിയുടെ സൗന്ദര്യവൽക്കരണത്തിന്റെഭാഗമായി ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ അകിരോ മിയോവാക്കിയുടെ വനവൽക്കരണരീതി അനുസരിച്ച് സ്ഥലം എം.എൽ.എ.യുടെയുംമുസിരിസ് പൈതൃക പദ്ധതി എം.ഡി.പി.എം.നൗഷാദിന്റെയും നേതൃത്വത്തിൽ സസ്യങ്ങൾ നട്ടത്. ഇതിനായി പ്രത്യേകസ്ഥലം തെരഞ്ഞെടുത്ത് ജൈവ വസ്തുക്കൾ മാത്രം ആവശ്യാനുസരണം മണ്ണിൽ ചേർത്ത് മണ്ണിനെ ഫലഭൂയിഷ്ഠമാക്കിയാണ് പലവിധ പഴവർഗ്ഗങ്ങളിൽപ്പെട്ട വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചത്. അതുകൊണ്ടുതന്നെ പ്രകൃതിയുടെ സ്വാഭാവികമായ കീടനിയന്ത്രണ രീതിയാണ് നടപ്പിലാക്കുന്നത്. കാടിനുചുറ്റും കമ്പിവേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കാട് കാണാനായി നടപ്പാതയും ഒരുക്കിയിട്ടുണ്ട്. മൂന്നരലക്ഷം രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്. മൂന്നുവർഷത്തെ പരിപാലനത്തിനായി ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഇന്നവേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പത്തിടങ്ങളിലാണ് ഇത്തരം സ്വാഭാവിക വനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.



പ്രതിപക്ഷ നേതാവിന്റെ പേജ്



# 'മകൾക്കൊപ്പം'

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

**നമ്മുടെ കുഞ്ഞുങ്ങളെ, സഹോദരിമാരെ, കൊലയ്ക്ക് കൊടുക്കാതെ ഹൃദയത്തോട് ചേർത്ത് പിടിക്കണം. പ്രതിസന്ധികളിൽ പതറാതെയിരിക്കാനുള്ള ആത്മവിശ്വാസം അവർക്ക് പകർന്ന് നൽകണം.**

ദൈവത്തിന്റെ സ്വന്തം നാട്ടിൽ സ്ത്രീധന സമ്പ്രദായം അസുരരൂപം പ്രാപിച്ചിരിക്കുന്നു. സ്ത്രീധനപീഡനം മൂലമുള്ള കൊലപാതകങ്ങളും ആത്മഹത്യകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ അനീതിക്കും അസമത്വത്തിനുമെതിരെ പൂർണ്ണതോതിൽ പ്രതികരിക്കാൻ പ്രബുദ്ധ കേരളത്തിന് കഴിഞ്ഞിട്ടില്ല. നമ്മുടെ വനിതകൾ ഏത് പ്രായത്തിലുള്ളവരായാലും ചൂഷണത്തിന് വിധേയരാക്കപ്പെടുന്ന സാമൂഹ്യാവസ്ഥയാണ് ഇന്ന് ഇവിടെയുള്ളത്. ധനസമ്പാദനത്തോടും, ആഡംബരത്തോടുമുള്ള ആർത്തി മൂത്ത് ഏതക്രമവും കാണിക്കുന്നതിൽ വിമുഖതയില്ലാത്തവരായി നമ്മുടെ യുവതലമുറ മാറുന്നത് നാം കാണണം. കേരളത്തിലുടനീളം സഞ്ചരിക്കുമ്പോൾ, ചിലരോട് സംവദിക്കുമ്പോൾ, ചില സംഭവങ്ങൾ അറിയുമ്പോൾ മനഃസാക്ഷി പോലും മരവിച്ചുപോകുന്നു. ഇത് തികച്ചും അസ്വസ്ഥജനകവും ഭീതിദവുമാണ്.

ഈ സാഹചര്യത്തിലാണ് യാതൊരു വിധ പരിമിതിയുമില്ലാതെ സ്ത്രീസമൂഹത്തിന് ആത്മവിശ്വാസവും സുരക്ഷിതത്വബോധവും നൽകി അവരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നത്. അവരനുഭവിക്കുന്ന ജീവിത പ്രയാസങ്ങളെ ആത്മാഭിമാനത്തോടെ നേരിടുവാൻ പ്രാപ്തരാക്കണം. ഇത് നമ്മുടെ ഉത്തരവാദിത്വമാണ് എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് 'മകൾക്കൊപ്പം' എന്ന പേരിൽ ഒരു സാമൂഹ്യബോധവൽക്കരണ പരിപാടി ആരംഭിച്ചത്.

ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചയപ്പിക്കുന്നത് പലപ്പോഴും ആ കുടുംബത്തിന്റെ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ചും കടം വാങ്ങിയുമൊക്കെയാണ്. ഇങ്ങനെ വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരിൽ ഉണ്ടാകുന്ന സ്വർണ്ണത്തോടും പണത്തോടും ഉള്ള ആർത്തി പീഡനത്തിലേയ്ക്ക് വഴി മാറുന്നു. തീർത്തും നിസ്സഹായാവസ്ഥയിലാകുന്ന പെൺകുട്ടികൾക്ക് നിലവിലെ സാമൂഹിക ചുറ്റുപാടിൽ സ്വഭവനത്തിലേക്ക് മടങ്ങിപ്പോകാൻ പോലും കഴിയാറില്ല. തന്റെ വിവാഹം നടത്തി കടക്കെണിയിലായ മാതാപിതാക്കൾക്ക് വീണ്ടും ഭാരമാകരുത് എന്ന് അവർ ചിന്തിക്കുന്നു. കൂടാതെ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുക കൂടിയാകുമ്പോൾ ഇവരുടെ ജീവിതം അശാന്തിയിലും, ഒരു പക്ഷേ ആത്മഹത്യയിലും ഒടുങ്ങുന്നു. ഇത് പുരോഗമനത്തിന്റെ നിരവധി പടവുകൾ കയറിക്കഴിഞ്ഞ സാക്ഷരകേരളത്തിന് ഒട്ടും ഭൂഷണമല്ല. ഏത് പ്രതിസന്ധിയേയും അതിജീവിക്കുന്നതിനുള്ള കരുത്ത് പകർന്ന് നൽകാനും സ്ത്രീസമൂഹത്തിന് തുല്യനീതി ലഭ്യമാക്കാനും സ്ത്രീധന സമ്പ്രദായത്തിനെതിരെയും സ്ത്രീകൾ അനുഭവിക്കുന്ന അതിക്രമങ്ങൾക്കെതിരെയും പ്രതികരിക്കുവാനും ആത്മാഭിമാനമുള്ള ഏതൊരാൾക്കും ഉത്തരവാദിത്വമുണ്ട്. ഇവിടെ സംരക്ഷണ കവചമൊരുക്കേണ്ട സർക്കാരും, വനിതാകമ്മീഷനടക്കമുള്ള ഭരണഘടനാ സ്ഥാപനങ്ങളും, ഇരകളെ സംരക്ഷിക്കുന്നതിലും അവർക്ക് ആത്മവിശ്വാസമേകുന്നതിലും പൂർണ്ണ തോതിൽ നീതിലഭ്യമാക്കുന്നതിലും വീഴ്ച വരുത്തുന്നതായാണ് പലപ്പോഴും നാം കണ്ടുവരുന്നത്. അത്തരം സ്ഥാപനങ്ങളുടെ വിശ്വാസ്യത തകരരുത്.

'മകൾക്കൊപ്പം' എന്ന കാമ്പയിനിലൂടെ നമ്മുടെ വനിതകൾക്ക് ഏത് പ്രതിസന്ധിയേയും അഭിമുഖീകരിക്കുന്നതിനുള്ള കരുത്ത് പകരുന്നതിനും തുല്യനീതി ലഭ്യമാക്കാനും, ആക്രമണങ്ങളെ പ്രതിരോധിക്കാനുമുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യമിടുന്നത്. ഇവർക്ക് നിയമസഹായമടക്കം ഉറപ്പ് നൽകുന്ന ഒരു 'Movement' ആയി ഈ കാമ്പയിൻ മാറുമെന്നതിൽ സംശയമില്ല. ഇതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത് തുല്യനീതിയും സമത്വവും കൂടിയാണ്. സ്ത്രീധനം കൊടുക്കില്ലെന്ന് പെൺകുട്ടികളും അവരുടെ കുടുംബവും ഉറച്ച തീരുമാനമെടുക്കണം. സ്ത്രീധനം വാങ്ങില്ലെന്ന് ആൺകുട്ടികളും കുടുംബവും ഉറപ്പാക്കണം. ഈ ലക്ഷ്യം മുൻനിർത്തി 'മകൾക്കൊപ്പം' കാമ്പയിൻ നടപ്പിലാക്കുമ്പോൾ അതിക്രമങ്ങളെ പ്രതിരോധിക്കാനുള്ള ആത്മവിശ്വാസം പെൺകുട്ടികളിൽ വളർത്തിയെടുക്കുവാൻ സാധിക്കുക തന്നെ ചെയ്യും. വിദ്യാർത്ഥി വനിതാ യുവജന സംഘടനകളടക്കം സാമൂഹ്യ സാംസ്കാരിക സേവന മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും മൊത്തത്തിൽ സമൂഹമൊന്നാകെയും ഈ പരിവർത്തനത്തിന് ചുക്കാൻ പിടിക്കണം. നമ്മുടെ കുഞ്ഞുങ്ങളെ, സഹോദരിമാരെ, കൊലയ്ക്ക് കൊടുക്കാതെ ഹൃദയത്തോട് ചേർത്ത് പിടിക്കണം. പ്രതിസന്ധികളിൽ പതറാതെയിരിക്കാനുള്ള ആത്മവിശ്വാസം അവർക്ക് പകർന്ന് നൽകണം.

ആത്മവിശ്വാസമുള്ള സ്ത്രീസമൂഹത്തിനും ചൂഷണരഹിതമായ കേരള സമൂഹനിർമ്മിതിക്കുമായുമുള്ള 'മകൾക്കൊപ്പം' കാമ്പയിൻ ഒരു വലിയ പരിവർത്തനത്തിന് കാരണമാകുമെന്ന് എനിക്കുറപ്പുണ്ട്. ഈ ലക്ഷ്യപ്രാപ്തിക്കായി ഒറ്റ മനസ്സോടെ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, മുന്നേറാം...

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

## മന്ത്രി ഇടപെട്ടു; വീടുകളിൽ വൈദ്യുതി എത്തി

**ജി.ആർ.അനിൽ,** നെടുമങ്ങാട്

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പതിനേഴോളം വീടുകളിൽ സ്ഥലം എം.എൽ.എ.യും ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയുമായ ജി.ആർ.അനിൽ ഇടപെട്ട് 48 മണിക്കൂറിനകം വൈദ്യുതി എത്തിച്ചു.നിയോജകമണ്ഡലത്തിൽ സമ്പൂർണ ഓൺലൈൻ പഠനസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ചേർന്ന അവലോകന യോഗത്തിൽ പതിനേഴോളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അദ്ദേഹം അടിയന്തരമായി ഇടപെടുകയായിരുന്നു. വൈദ്യുതി എത്താത്ത വീടുകളിൽ ഉടനെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.





## അണ്ടൂർകോണത്തെ കുട്ടികൾക്ക് പഠനമധുരമായി 'വയമ്പ്'

പോത്തൻകോട്, അണ്ടൂർകോണം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കോവിഡ്കാല വിദ്യാഭ്യാസ പ്രതിസന്ധികൾക്ക് പരിഹാരമായി ആരംഭിച്ച സമഗ്ര വിദ്യാഭ്യാസ പദ്ധതി 'വയമ്പി'ന് തുടക്കം കുറിച്ചു.കോവിഡ് പ്രതിസന്ധി വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിച്ച സാഹചര്യത്തിൽ അതിനെ അതിജീവിക്കാനും കുട്ടികളുടെ വീട്ടിലെത്തി അവരെ പഠനത്തിന് സഹായിക്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. സാമൂഹിക പഠന കേന്ദ്രങ്ങൾ സ്ഥാപിച്ച് പഠനസൗകര്യമൊരുക്കും. പഞ്ചായത്തിൽ എട്ട് സ്കൂളുകളിലായി ഏഴാം ക്ലാസുവരെ മൂവായിരത്തിലേറെ കുട്ടികൾ പഠിക്കുന്നുണ്ട്. പദ്ധതിയുടെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവ്വഹിച്ചു. മന്ത്രി ജി.ആർ.അനിൽ അദ്ധ്യക്ഷനായിരുന്നു. അണ്ടൂർകോണം ഗ്രാമപഞ്ചായത്തംഗങ്ങൾ ചടങ്ങിൽ സംബന്ധിച്ചു.

## കോവിഡ് കാലത്ത് മന്ത്രിയുടെ സഹായഹസ്തം

കോവിഡ് 19 മഹാമാരി രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് ബാധിച്ചവർക്കും ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി ആരോഗ്യ മേഖലയിൽ അക്ഷീണം പ്രവർത്തിക്കുന്നവർക്ക് പി.പി.ഇ കിറ്റ്, സാനിറ്റൈസർ, ഗ്ലൗസ്, മാസ്ക് എന്നിവ ആവശ്യമായി വരുന്നതിനാൽ അതത് തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കാൻ സന്മനസുള്ളവർ മുന്നോട്ട് വരണമെന്ന് മന്ത്രി ജി.ആർ.അനിൽ ആഹ്വാനം ചെയ്തു. നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാൻ മന്ത്രി സ്വന്തം നിലയിൽ ഒരു ലക്ഷം രൂപ സംഭാവന നൽകി ഇതിന് തുടക്കം കുറിച്ചു.





# വിയോജിക്കാൻ അവകാശമില്ലാത്ത ജനാധിപത്യമോ?

**എം ബി രാജേഷ്, സ്പീക്കർ**



വിയോജിക്കുക എന്നത് ഗുരുതരമായ ഒരു ക്രിമിനൽ കുറ്റമാണോ? ലോകത്തിലെ തന്നെ വലിയ ജനാധിപത്യ രാഷ്ട്രം എന്ന് ഒരുകാലത്ത് അറിയപ്പെട്ടിരുന്ന ഇന്ത്യയിൽ നിന്നുകൊണ്ട് ഇങ്ങനെയൊരു ചോദ്യം ഉയർത്തേണ്ടിവരുന്ന വിധത്തിൽ സാഹചര്യങ്ങൾ മാറിക്കഴിഞ്ഞു. വിയോജിക്കുന്നവരെ പഴുതില്ലാത്ത വിധം വളഞ്ഞിട്ട് ആക്രമിക്കുകയും നിശ്ശബ്ദരാക്കുകയും മാത്രമല്ല, അവരെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് അടുത്ത കാലത്തായി ഭരണകൂടം പ്രവർത്തിക്കുന്നത്.

വിയോജിക്കാനുള്ള അവകാശമാണ് ജനാധിപത്യത്തിന്റെ കാതൽ. ഇന്ത്യൻ ജനാധിപത്യ സംവിധാനം ഇതടക്കമുള്ള പൗരന്റെ അവകാശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടാണ് കെട്ടിപ്പടുത്തിരിക്കുന്നത്. ഭരണഘടനയുടെ ആമുഖവും ഉള്ളടക്കവും പ്രതിനിധാനം ചെയ്യുന്നത് മഹത്തായ ഈ ആശയമാണ്. ഭൂരിപക്ഷം ലഭിക്കുന്നവരാണ് ഭരിക്കുന്നതെങ്കിലും ന്യൂനപക്ഷത്തിന്റെ അഭിപ്രായങ്ങൾ കേൾക്കുക, പരിഗണിക്കുക എന്നതാണ് നമ്മൾ വിഭാവനം ചെയ്യുന്ന ജനാധിപത്യം. പ്രസംഗിക്കാനും ആശയപ്രകാശനത്തിനുമുള്ള സ്വാതന്ത്ര്യം, സമാധാനപരമായി ഒത്തുചേരാനുള്ള സ്വാതന്ത്ര്യം, സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം എന്നിവ വിയോജിക്കാനുള്ള അവകാശത്തെ കൂടിയാണ് ഉൾക്കൊള്ളുന്നത്. നിയമങ്ങൾ പാലിച്ചുകൊണ്ടു മാത്രമല്ല, ജനവിരുദ്ധമായ നിയമങ്ങൾ ലംഘിച്ചുകൊണ്ടു കൂടിയാണ് ലോകം വികസിച്ചത്. ഗാന്ധിജി പഠിപ്പിച്ചത് ചില നിയമങ്ങൾ ലംഘിക്കാൻ കൂടിയുള്ളതാണ് എന്നാണല്ലോ. ലോകം ഇതുവരെ കണ്ട എല്ലാ മാറ്റങ്ങൾക്കും പുരോഗതിക്കും പിന്നിൽ വിയോജിക്കാനും പ്രതിഷേധിക്കാനും പുതിയ മാർഗങ്ങൾ കണ്ടെത്താനുമുള്ള അവകാശം വലിയ പങ്കു വഹിച്ചിട്ടുണ്ട്.

സ്വതന്ത്ര ഇന്ത്യയിൽ അടിയന്തരാവസ്ഥ എന്ന ഇരുണ്ട കാലഘട്ടമൊഴികെ സമീപകാലം വരെ വിയോജിക്കാനുള്ള അവകാശവും പൗരാവകാശങ്ങളും ഉൾപ്പെടെയുള്ള ജനാധിപത്യ അവകാശങ്ങൾ പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നു. ഇപ്പോൾ ആസൂത്രിതമായി ജനാധിപത്യ അവകാശങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമം നടക്കുകയാണ്. വിയോജിപ്പിന്റെ ശബ്ദമുയർത്തുന്ന നാവുകളെ ഏതു ഹീനമാർഗം ഉപയോഗിച്ചും അരിഞ്ഞുകളയുക എന്ന മാർഗമാണ് ഭരണകൂടം സ്വീകരിച്ചിരിക്കുന്നത്.

ജനാധിപത്യാവകാശ നിഷേധത്തിനും പൗരാവകാശ നിഷേധങ്ങൾക്കുമെതിരെ രാജ്യത്തിനുള്ളിൽ മാത്രമല്ല പ്രതിഷേധം ഉയരുന്നത്. മികച്ച ജനാധിപത്യ മാതൃകയായിരുന്ന ഇന്ത്യക്ക് സംഭവിക്കുന്ന പരിണാമങ്ങളെ ലോകം ഗൗരവമായി നിരീക്ഷിക്കുന്നുണ്ട്. ഗ്ലോബൽ ഡെമോക്രസി ഇൻഡക്സിൽ (ആഗോള ജനാധിപത്യ സൂചിക) ഇന്ത്യയുടെ സ്ഥാനം കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ ഗണ്യമായി കുറഞ്ഞത് ഇതാണ് സൂചിപ്പിക്കുന്നത്. 2014 ൽ 27 ാമതായിരുന്ന ഇന്ത്യയുടെ സ്ഥാനം 53 ാമതായി താഴ്ന്നുവെന്നത് വളരെ ഗൗരവമായ വിഷയമാണ്. വൈകല്യം സംഭവിച്ച ജനാധിപത്യ വ്യവസ്ഥകളുടെ കൂട്ടത്തിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭീമ കൊറേഗാവ് കേസുമായി ബന്ധപ്പെടുത്തി സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളെ വേട്ടയാടുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഒരു കുറ്റം പോലും ചാർത്താൻ കഴിയാതെ, വിചാരണ അനന്തമായി നീട്ടിക്കൊണ്ടുപോയും ജാമ്യം നിഷേധിച്ചും ജയിലിലടക്കാനുള്ള വകുപ്പുകൾ ഉപയോഗിച്ചുമാണ് വിയോജിപ്പിന്റെ ശബ്ദത്തെ ഇല്ലാതാക്കുന്നത്. രാജ്യത്തെ ദളിത് പോരാട്ടങ്ങളുടെ ഓർമ പുതുക്കുന്ന ഭീമ കോറേഗാവ് ദിനത്തിൽ നടന്ന സംഭവങ്ങളുടെ പേരിൽ, ദളിത് അവകാശങ്ങൾക്കു വേണ്ടി ശബ്ദിക്കുന്നവരെയാണ് രാജ്യദ്രോഹക്കുറ്റം ചാർത്തി വേട്ടയാടുന്നത്. യു.എ.പി.എ., രാജ്യദ്രോഹ കുറ്റം, ദേശീയ സുരക്ഷാ നിയമം എന്നിവ ഉപയോഗിച്ചാണ് ഇവരെ ജയിലിൽ അടച്ചത്. ജയിലിൽ കഴിയുമ്പോൾ ഇവരുടെ വിയോജിപ്പുകൾ ലോകം അറിയില്ല എന്നാണ് ഭരണകൂടം കരുതുന്നത്.

ഭീമ കൊറേഗാവ് കേസിൽ അറസ്റ്റിലായ ഏറ്റവും പ്രായം ചെന്ന ആളാണ് ഫാ. സ്റ്റാൻ സ്വാമി. 84കാരനായ അദ്ദേഹം പാർകിൻസൺസ് രോഗിയായിരുന്നു. ഇരു കൈകളും വിറയ്ക്കുന്നതിനാൽ സ്വന്തമായി ഭക്ഷണം പോലും കഴിക്കാൻ കഴിയാത്ത ആൾ. വെള്ളം കുടിക്കണമെങ്കിൽ ഒരു സ്ട്രോ അനുവദിക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യം പോലും നിഷേധിച്ചു. സിപ്പറോ സ്ട്രോയോ അനുവദിക്കമെന്ന സ്റ്റാൻസ്വാമിയുടെ ആവശ്യത്തിന് മറുപടി നൽകാൻ സമയം വേണമെന്നാണ് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടത്. കോടതി അതിന് 20 ദിവസം അനുവദിച്ചു. ജയിലിൽ കഴിയുന്ന ഒരു തടവുകാരൻ ദ്രവരൂപത്തിലുള്ള ആഹാരം കഴിക്കാൻ സ്ട്രോയോ സിപ്പറോ ആവശ്യപ്പെടുമ്പോൾ അതിൽ തീരുമാനമെടുക്കാൻ ഇത്രയും സമയം വേണോ? ആ ദുരിതം കാണാനുള്ള മനുഷ്യപ്പറ്റ് നീതിന്യായ വ്യവസ്ഥയ്ക്കില്ലാതെ പോകുന്നത് എത്ര നിരാശാജനകമാണ്? മുംബൈ പോലീസ് റാഞ്ചിയിൽ ചെന്ന് സ്റ്റാൻ സ്വാമിയെ അറസ്റ്റ് ചെയ്തപ്പോൾ അദ്ദേഹത്തെ വൈദ്യ പരിശോധനക്ക് വിധേയനാക്കിയോ? ഗുരുതരമായ ആരോഗ്യാവസ്ഥ ചൂണ്ടിക്കാട്ടി എത്രയും വേഗം അദ്ദേഹത്തെ പുറത്തുള്ള ആശുപത്രിയിൽ എത്തിച്ച് ചികിത്സിക്കണമെന്ന ആവശ്യം അനുവദിക്കാൻ 15 ദിവസമെടുത്തു. പിന്നീട് കോടതിയുടെ ഉത്തരവ് പ്രകാരം ആശുപത്രിയിലെത്തിച്ചെങ്കിലും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ഇതിനെ ഭരണകൂടം നടത്തിയ ആസൂത്രിതമായ കൊലപാതകം എന്നല്ലാതെ മറ്റൊരു വാക്കു കൊണ്ടും വിശേഷിപ്പിക്കാൻ കഴിയില്ല.

സ്റ്റാൻ സ്വാമി കസ്റ്റഡിയിൽ മരണപ്പെട്ടതുകൊണ്ട് ഇത്രയും ഗൗരവമായ ചർച്ചകൾ ഉയർന്നുവന്നു. ഭീമ കോറേഗാവ് കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടവരെല്ലാം സമൂഹം ആദരിക്കുന്ന വ്യക്തിത്വങ്ങളാണ്. അവരെല്ലാം പാവപ്പെട്ടവരുടെയും പ്രാന്തവൽകരിക്കപ്പെട്ടവരുടെയും അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നതാണ് ജനങ്ങളുടെ ആദരവിന്റെ കാരണം. എന്നാൽ ഭരണകൂടത്തിന് അവരെ ജയിലിലടക്കാനും ഇതുതന്നെ കാരണമാകുന്നു. നിയമജ്ഞയും സാമൂഹ്യപ്രവർത്തകയുമായ സുധ ഭരദ്വാജ്, കവി വരവരറാവു, ദളിത് അവകാശ പ്രവർത്തകനായ സുരേന്ദ്ര ഗാഡ്ഗിൽ, മലയാളിയായ റോണ വിത്സൺ, മാനേജ്മെന്റ് വിദഗ്ധനും അംബേദ്കറുടെ കൊച്ചുമകനുമായ പ്രൊഫ. ആനന്ദ്തെൽതുംബ്ഡെ, മലയാളിയായ പ്രൊഫ. ഹാനി ബാബു തുടങ്ങി 16 പേരാണ് പ്രതികൾ.

ഭീമ കൊറേഗാവ് പ്രതികളുടെ കംപ്യൂട്ടറുകളിലേക്ക് നുഴഞ്ഞുകയറി വിധ്വംസക സ്വഭാവമുള്ള രേഖകൾ സ്ഥാപിക്കുകയും പിന്നീട് അത് ചൂണ്ടിക്കാട്ടി അവരെ ഗൂഢാലോചനകളിൽ പങ്കാളിയായി ചിത്രീകരിക്കുകയും ചെയ്യുക എന്നതാണ് സ്വീകരിച്ച തന്ത്രം. റോണാ വിത്സന്റെ ലാപ്ടോപ്പിൽ നുഴഞ്ഞുകയറി സ്ഥാപിച്ചതാണ് അറസ്റ്റിന് ആധാരമായ രേഖകളെന്ന് അമേരിക്കയിലെ പ്രസിദ്ധമായ ആഴ്സണൽ കൺസൾട്ടിങ് എന്ന ഫോറൻസിക് ലാബിന്റെ കണ്ടെത്തൽ ഞെട്ടിക്കുന്നതാണ്. ഭരണകൂടം തന്നെ ഒരു കുറ്റകൃത്യത്തിന്റെ രൂപരേഖ തയ്യാറാക്കി തങ്ങൾക്ക് ഇഷ്ടമില്ലാത്തവരുടെ ചുമലിൽ ചാർത്തുക എന്നതാണ് തന്ത്രം. ഭരിക്കുന്നവർ സ്വീകരിക്കുന്ന നടപടികൾ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഹാനികരമായി തീരുമ്പോൾ അതിനെതിരെ പ്രതിഷേധമുയരുക സ്വാഭാവികമാണ്. വിമർശനങ്ങൾ ഉയർന്നുവരുന്നത് ജനാധിപത്യത്തിന്റെ ലക്ഷണമാണ്. അത്തരം സന്ദർഭങ്ങളിൽ ഒന്നുകിൽ തെറ്റ് തിരുത്തുക, അല്ലെങ്കിൽ വിയോജിപ്പുകൾ ഇല്ലാതാക്കുക എന്നതാണ് സ്വീകരിക്കപ്പെടുന്ന രണ്ടു രീതികൾ. ആദ്യത്തേത് ജനാധിപത്യത്തിന്റെയും രണ്ടാമത്തേത് ഏകാധിപത്യത്തിന്റെയും മാർഗമാണ്.

ഭീമ കൊറേഗാവ് സംഭവം സംബന്ധിച്ച് മഹാരാഷ്ട്ര പോലീസാണ് ആദ്യം അന്വേഷണം നടത്തിയത്. ഒരു ഘട്ടത്തിൽ മഹാരാഷ്ട്രയിൽ ഭരണമാറ്റമുണ്ടായി. കേസ് പുനരന്വേഷിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അതോടെ സംസ്ഥാന സർക്കാരിനോട് ഒരു തരത്തിലുള്ള ആലോചനകളും നടത്താതെ എൻ ഐ എ കേസ് ഏറ്റെടുക്കുകയാണുണ്ടായത്. എൻ ഐ എ കേസ് ഏറ്റെടുത്ത ശേഷമാണ് കുറ്റം ചാർത്തപ്പെട്ടവർക്കെതിരെ നഗ്നമായ നിയമലംഘനങ്ങൾക്ക് വഴിയൊരുങ്ങിയത്.

ഭീമ കോറേഗാവ് കേസിന് പിന്നാലെ ലക്ഷദ്വീപിലെ ജനവിരുദ്ധ നടപടികൾക്കെതിരെ ശബ്ദമുയർത്തിയ കലാകാരി ഐഷാ സുൽത്താക്കെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി. ആന്ധ്ര പ്രദേശിലെ ടി വി 5 ന്യൂസ്, എ ബി എൻ, ആന്ധ്ര ജ്യോതി എന്നീ ചാനലുകൾക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തിയത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടുവെന്ന് ഒരു ഭരണകക്ഷി വിമത എം പിയുടെ പരാമർശം റിപ്പോർട്ട് ചെയ്തതിനായിരുന്നു. യു പിയിൽ മൃതദേഹം നദിയിലേക്ക് വലിച്ചെറിയുന്നതിന്റെ ഫോട്ടോ എടുത്ത ഫോട്ടോഗ്രാഫറെ രാജ്യദ്രോഹ കേസിൽ പ്രതിയാക്കി. ദേശദ്രോഹ കേസിനെ മാധ്യമപ്രവർത്തനത്തിനു വിലങ്ങിടാനുള്ള ഉപകരണമാക്കുന്നുവെന്ന് സുപ്രീം കോടതിക്കുപോലും പറയേണ്ടിവന്നു. പ്രശസ്ത മാധ്യമ പ്രവർത്തകനായ വിനോദ് ദുവെക്കെതിരെയും രാജ്യദ്രോഹക്കുറ്റം ചുമത്തി. ഒരു യൂട്യൂബ് പരിപാടിയിൽ നടത്തിയ പരാമർശത്തിന്റെ പേരിലായിരുന്നു കേസ്. ഈ കേസ് സുപ്രീം കോടതി റദ്ദാക്കി. പ്രധാനമന്ത്രിക്കെതിരായ വിമർശനം രാജ്യദ്രോഹമായി കണക്കാക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതി പറഞ്ഞു.

വിമർശിക്കുന്നവരെ രാജ്യദ്രോഹ കേസുകളിൽ പ്രതിയാക്കുന്നവർ തന്നെ വിദേശരാജ്യത്തിന്റെ സംവിധാനം ഉപയോഗിച്ച് സ്വന്തം പൗരന്മാരുടെ ഫോൺ സംഭാഷണം ചോർത്തുന്നു. പെഗാസസ് വിവാദം സംബന്ധിച്ച് എന്ത് വിശദീകരണമാണ് ഭരണകൂടത്തിന് നൽകാനുള്ളത്? രാജ്യദ്രോഹ കേസുകൾ സംബന്ധിച്ച സുപ്രീം കോടതിയുടെ നിരീക്ഷണം സുപ്രധാനമാണ്. 2014 മുതൽ 2019 വരെ രജിസ്റ്റർ ചെയ്ത 326 രാജ്യദ്രോഹ കേസുകളിൽ ശിക്ഷിച്ചത് ആറെണ്ണത്തിൽ മാത്രമാണെന്നതും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

നിയമവ്യവസ്ഥക്കകത്തുനിന്നാണ് ഭരണകൂടത്തിന്റെ തെറ്റായ നടപടികൾക്കെതിരെ രാഷ്ട്രീയ പാർട്ടികളും സംഘടനകളും പ്രക്ഷോഭങ്ങളും പ്രചാരണവും നടത്തുന്നത്. മാധ്യമങ്ങൾ വിമർശനമുയർത്തുന്നത്. അവയെ രാഷ്ട്രീയമായും ധാർമികമായും നേരിടാൻ കഴിയാതെ വരുന്നിടത്താണ് രാജ്യദ്രോഹക്കുറ്റമടക്കം ചാർത്തി പ്രക്ഷോഭ നേതാക്കളെയും പ്രചാരകരെയും ജയിലിലടക്കുന്നത്. മാധ്യമങ്ങളെ വേട്ടയാടുന്നത്. ഭരണകൂടത്തിന്റെ രാഷ്ട്രീയവും ധാർമികവുമായ അധഃപതനത്തെയാണ് ഇത് കാണിക്കുന്നത്.

ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുന്നതും ലോകത്തെ മികച്ച ജനാധിപത്യ മാതൃകകൾ സൃഷ്ടിച്ചതും തങ്ങളാണെന്നുമുള്ള പ്രതീതി സൃഷ്ടിക്കാൻ മൂലധന ശക്തികൾ ശ്രമിക്കാറുണ്ട്. ചില ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാട്ടാൻ കഴിയുകയും ചെയ്യും. നാടുവാഴിത്തത്തിന്റെയും രാജവാഴ്ചയുടെയും കാലത്തെക്കാൾ മുതലാളിത്തം പുരോഗമനപരമാണതാനും. എന്നാൽ മുതലാളിത്തത്തിന്റെയും ധന മൂലധനത്തിന്റെയും താൽപര്യങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ മുതലാളിത്ത ഭരണകൂടങ്ങൾ കൂടുതൽ അടിച്ചമർത്തൽ സ്വഭാവം കാണിക്കാറുണ്ട്. അത് ഫാസിസ്റ്റ് സ്വഭാവം ആർജ്ജിക്കുകപോലും ചെയ്യും. ഇപ്പോൾ അത്യന്തം മാരകമായ രൂപാന്തരം ധന മൂലധനത്തിന് സംഭവിച്ചിട്ടുണ്ട്. അതിന്റെ വ്യാപനത്തിന് തടസ്സമായി നിൽക്കുന്ന എന്തിനെയും നിഷ്കരുണം ഇല്ലാതാക്കുകയെന്ന മാർഗമാണ് അത് സ്വീകരിച്ചിരിക്കുന്നത്. അതിനു ഭരണകൂടത്തെ തന്നെ നേരിട്ട് ഉപയോഗിക്കുന്നു. 2008 മുതൽ വഷളായിത്തീർന്ന മുതലാളിത്ത പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇത്തരം ആക്രമണത്തിന് മൂർച്ച കൂടിയിട്ടുണ്ട്. ഭരണകൂടങ്ങളെ തങ്ങൾക്ക് അനുകൂലമായി ഉപയോഗിക്കാൻ ഭരണഘടനയുടെ അകത്തുനിന്നു തന്നെ അവർ ഇടപെടുന്നു. ജനാധിപത്യ അവകാശങ്ങളെയും പൗരാവകാശങ്ങളെയും ഇല്ലാതാക്കുന്നു. ജനങ്ങൾക്കിടയിൽ ഭിന്നത വളർത്താൻ ശ്രമിക്കുന്നു. നിയമനിർമാണ സഭകളെ നോക്കുകുത്തികളാക്കി സമ്പത്താകെ കൊള്ളയടിക്കാനുള്ള നിയമ ഭേദഗതികളുണ്ടാക്കുന്നു. ഇതിന്റെ ഭാഗമാണ് ഇന്ത്യയിൽ സമീപകാലത്തായി കാണുന്ന പൗരാവകാശ ലംഘനങ്ങളും ഭരണഘടന തത്വങ്ങൾ അട്ടിമറിക്കലും.

## സഭാധ്യക്ഷന്റെ പേജ് 1ാം പേജിന്റെ തുടർച്ച....

## സ്ത്രീ ധനമല്ല, തുല്യതയുള്ള വ്യക്തിയാണ്

ഉന്നതപദവിയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ പോലും വിവാഹക്കമ്പോളത്തിൽ വിലപേശലിന് വിധേയരാകുന്നു. അപ്പോൾ തൊഴിലില്ലാത്ത പെൺകുട്ടികളുടെ കാര്യം എന്തായിരിക്കുമെന്ന് ഊഹിക്കാം. ജോലിയും വരുമാനവുമുള്ള പെൺകുട്ടികൾക്ക് പോലും വൻതോതിൽ സ്വർണവും പണവും വാഹനവുമടക്കം മറ്റ് സമ്മാനങ്ങളും സ്ത്രീധനമായി നൽകേണ്ടിവരുന്നു. കേരളത്തിലെ ഇടത്തരം കുടുംബങ്ങളുടെ കടത്തിന്റെ വലിയൊരു പങ്ക് പെൺകുട്ടികളുടെ വിവാഹം നടത്തിയതുമൂലം കുടുംബങ്ങൾക്കുണ്ടാകുന്ന ബാധ്യത കാരണമാണ്.

ഒരു പെൺകുട്ടി വിവാഹിതയാകുമ്പോൾ അവളെ ഒരു സാമ്പത്തിക ബാധ്യതയായിട്ടാണോ ഭർത്താവും ബന്ധുക്കളും കാണേണ്ടത്? ജീവിതപങ്കാളിയായാണ് അവൾ വരുന്നത്. പങ്കാളിയെന്ന വാക്കു തന്നെ തുല്യതയെ അടയാളപ്പെടുത്തുന്നുണ്ട്. അവളെ പരിപാലിക്കാനുള്ള ഫീസ് ആയാണ് സ്ത്രീധനമെന്ന പേരിൽ വലിയ തുക വാങ്ങുന്നതെന്നാണ് സ്ത്രീധന വാദികളുടെ വാദം. ഒരു കുടുംബത്തിലെ പ്രവൃത്തികൾ തുല്യമായി വിഭജിക്കപ്പെടണമെന്നും നേട്ടവും കുറവുകളും തുല്യമായി പങ്കിടണമെന്നു മാണ് സങ്കല്പം. എന്നാൽ സ്ത്രീയുടെ ചുമലിൽ വീട്ടു നടത്തിപ്പിന്റെ എല്ലാ ഭാരവും മാറ്റിവച്ച് അവളെ വീട്ടമ്മയെന്ന് വാഴ്ത്തുകയാണ്. ആരും ശ്രദ്ധിക്കാത്ത അത്യദ്ധ്വാനം കൊണ്ട് നട്ടെല്ലൊടിയുന്ന ഒരു ജീവിതത്തിലേക്കുള്ള പ്രവേശനഫീസാണ് മിക്ക സ്ത്രീകളുടെയും കാര്യത്തിൽ സ്ത്രീധനം.

വലിയ തുക കൊടുത്ത് ദുരിതം വിലയ്ക്കു വാങ്ങുന്ന ഏർപ്പാടാണിത്. വലിയ തുകയും സ്വർണാഭരണങ്ങളും വാഹനങ്ങളും മറ്റ് സമ്മാനങ്ങളുമെല്ലാം നൽകി ദാമ്പത്യം ആരംഭിക്കുന്ന പല സ്ത്രീകളും സുരക്ഷിതരല്ല. കിട്ടിയത് മതിയാകാത്തവരും ക്രിമിനൽ സ്വഭാവമുള്ളവരുമായ ജീവിതപങ്കാളികളുടെയും കുടുംബാംഗങ്ങളുടെയും നിരന്തര പീഡനത്തെ തുടർന്ന് ആത്മഹത്യ ചെയ്യുന്നവർ എത്രയോ പേരുണ്ട്. പല പെൺകുട്ടികൾക്കും ജീവിതപങ്കാളികളുടെ കൈകൊണ്ടു തന്നെ കൊല്ലപ്പെടേണ്ടിവരുന്നു.

സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ടുള്ളതാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട പീഡനങ്ങൾ, മറ്റ് ഗാർഹിക പീഡനങ്ങൾ എന്നിവയെല്ലാം തടയാൻ നിയമങ്ങളുണ്ട്. എന്നിട്ടും സ്ത്രീധന പീഡനങ്ങളും കൊലകളും അഭംഗുരം തുടരുന്നു. നിയമങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കണമെന്നത് ഒരു വശം. എന്നാൽ നിയമം മാത്രം പോരാ. ചിന്തയിലും മനോഭാവത്തിലും സംസ്കാരത്തിലും മാറ്റമുണ്ടാകണം.

ഭർതൃഗൃഹത്തിൽ എന്ത് കഷ്ടപ്പാടുണ്ടായാലും എല്ലാം സഹിച്ച് അവിടെത്തന്നെ കഴിഞ്ഞുകൊള്ളണമെന്നാണ് സമൂഹവും വീടും പെൺകുട്ടികളെ പറഞ്ഞു പഠിപ്പിക്കുന്നത്. പീഡനം മൂർധന്യത്തിലെത്തുമ്പോൾ തന്റെ മാതാപിതാക്കളുടെ അടുത്തേക്കും പോകാൻ കഴിയില്ലെന്ന നിസ്സഹായാവസ്ഥയിലാണ് പെൺകുട്ടികൾ ജീവനൊടുക്കുന്നത്. അവരെ ചേർത്തുപിടിക്കാൻ മാതാപിതാക്കളും സമൂഹവും തയ്യാറാവുമ്പോൾ അവർക്ക് തുടർന്നും ജീവിക്കാൻ കരുത്ത് ലഭിക്കും.

സ്ത്രീധനം വേണമെന്ന് ആരും പ്രത്യക്ഷമായി ആവശ്യപ്പെടാറില്ല. പരോക്ഷമായി നടക്കുന്നതാണ് ഈ വ്യവഹാരം. നാട്ടുനടപ്പ് എന്ന പേരിലാണ് വിവാഹാലോചന സമയത്ത് ഇക്കാര്യം ചർച്ച ചെയ്യാറ്. സമ്മാനമായി പണവും ആഭരണങ്ങളും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളും നൽകുന്നു. ചിലർ എത്ര വേണമെന്ന് ആവശ്യപ്പെടാറില്ല. നിങ്ങളുടെ കഴിവിനനുസരിച്ച് തന്നാൽ മതിയെന്ന 'നല്ല വർത്തമാന'മാകും പറയുക. കഴിവിനനുസരിച്ചെന്നു പറയുമ്പോൾ കഴിവിന്റെ പല മടങ്ങു പുറത്തുനിന്നാകും പല കുടുംബങ്ങളും വരനു വേണ്ടി സമ്മാനം നൽകുക. ഇങ്ങനെ സാമ്പത്തികമായി നട്ടെല്ലൊടിഞ്ഞ കുടുംബങ്ങൾ നിരവധിയാണ്. ചോദിക്കാതെ തന്നെ സ്ത്രീധനം നൽകുന്ന രീതി സജീവമായിക്കഴിഞ്ഞു. സ്ത്രീധനത്തിന്റെ പേരിൽ എന്ത് പീഡനമുണ്ടായാലും എവിടെയും പരാതി പറയാതിരിക്കാൻ സ്ത്രീകളും കരുതലെടുക്കുന്നു. അങ്ങനെ സ്ത്രീധനം, സ്ത്രീധന പീഡനം എന്നീ വിപത്തുകൾ നിയമത്തിനു മുന്നിലെത്തുന്ന സന്ദർഭങ്ങൾ കുറയുന്നു. ഇനി എത്തുന്ന കേസുകൾ തന്നെ പല കാരണങ്ങൾ കൊണ്ട് ദുർബലപ്പെട്ടു പോകുന്നു. നിയമം മൂലം ഈ സാമൂഹ്യ വിപത്തുകളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ അങ്ങനെയാണ് ഫലവത്താകാതെ പോകുന്നത്.

ഒരു വശത്ത് വിപണി മൂല്യങ്ങളായ ലാഭം, ദുര, ഉപഭോഗതൃഷ്ണ എന്നിവയിലധിഷ്ഠിതമായ ജീവിതവീക്ഷണം സ്ത്രീയെ ഉപഭോഗവസ്തുവാക്കുന്നു. മറുവശത്ത് പ്രബലമായ ഫ്യൂഡൽ മൂല്യബോധത്തിൽ അധിഷ്ഠിതമായ ജനാധിപത്യവിരുദ്ധവും ഒട്ടൊക്കെ മനുഷ്യത്വവിരുദ്ധവുമായ കുടുംബഘടന സ്ത്രീയെ സർവംസഹയും വിധേയയുമാക്കുന്നു. ഇവ രണ്ടിലുമാണ് സ്ത്രീധനം പോലുള്ള തിന്മകളുടെ വേരുകൾ ആഴ്ന്നു കിടക്കുന്നത്. പ്രത്യേകിച്ച് നിലവിലുള്ള കുടുംബഘടനയെ നിശിതമായ വിചാരണയ്ക്കും പൊളിച്ചെഴുത്തിനും വിധേയമാക്കാത്ത ചർച്ചകളെല്ലാം തൊലിപ്പുറമേയുള്ള മിനുക്കലുകൾ മാത്രമായി ഒടുങ്ങുകയേയുള്ളൂ.

സമൂഹത്തെ ബോധവൽക്കരിച്ചുകൊണ്ടു മാത്രമേ ഈ വിപത്തിൽ നിന്ന് മോചനമുള്ളൂ. സ്ത്രീധനത്തിന്റെ കാര്യത്തിൽ മാത്രം അങ്ങനെയൊരു ബോധം ഉണ്ടാകുമോ? പണത്തിനു വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത മുതലാളിത്ത സമൂഹത്തിൽ അതിശക്തമായ ബോധവൽക്കരണ പ്രവർത്തനം ആവശ്യമാണ്. സ്ത്രീധന സമ്പ്രദായത്തിന്റെ പരോക്ഷമായ പൊതുസമ്മതിയെ തച്ചുടച്ച് തീ കൊടുക്കാൻ അതുകൊണ്ട് കഴിയണം. പെൺകുട്ടികളെ ശാക്തീകരിക്കുകയെന്നത് പ്രധാനമാണ്. വിദ്യാഭ്യാസം നേടി സ്വയം വരുമാനം കണ്ടെത്തിയശേഷം വിവാഹം എന്നതാകണം ചിന്ത. സ്ത്രീധനം കൊടുത്ത് വിവാഹം കഴിക്കില്ലെന്ന് പെൺകുട്ടികളും സ്ത്രീധനം വാങ്ങി വിവാഹം കഴിക്കില്ലെന്ന് ആൺകുട്ടികളും പ്രതിജ്ഞ ചെയ്യണം. ഇതിനുള്ള കരുത്ത് അവർക്ക് വിദ്യാഭ്യാസത്തിലൂടെ ലഭിക്കുംവിധം പാഠ്യപദ്ധതി പരിഷ്കരിക്കണം. പൊതുസമൂഹത്തിൽ സ്ത്രീധനത്തെ വലിയ തിന്മയായി കണക്കാക്കാനുള്ള അവബോധമുണ്ടാക്കണം. സമൂഹത്തിന്റെ ആശയ വ്യവഹാരങ്ങളിൽ സ്ത്രീധനത്തിനും ഭർതൃഗൃഹത്തിലെ പീഡനത്തിനുമെതിരായ ശക്തമായ സന്ദേശങ്ങൾ ഉൾച്ചേർക്കണം. സ്ത്രീ തന്നെ ധനം എന്നുള്ള വിശേഷണങ്ങൾ പുരോഗമനപരമല്ല. സ്ത്രീയെ ധനമായല്ല, വ്യക്തിയായാണ് അടയാളപ്പെടുത്തേണ്ടത്; തുല്യതയുള്ള വ്യക്തിയായി.

# ഇ-നിയമസഭ പദ്ധതി അവസാനഘട്ടത്തിലേക്ക്



കോവിഡ് 19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിലും ഇ - നിയമസഭ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തടസ്സമില്ലാതെ തുടർന്നുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് അധികമായി വേണ്ടിവരുന്ന കേബിളിംഗ് പ്രവൃത്തികൾ പരിശോധിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി ഓൺലൈനായി യോഗം ചേർന്നു. ഐ.ടി. വിഭാഗം ഉദ്യോഗസ്ഥരും പദ്ധതി നിർവ്വഹണ ഏജൻസിയായ ULTS ഉദ്യോഗസ്ഥരും ആഴ്ചതോറും നടത്തുന്ന ഓൺലൈൻ മീറ്റിംഗുകളിലൂടെ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

പതിനാലാം കേരള നിയമസഭയുടെ പിരിച്ചുവിടൽ, പതിനഞ്ചാം കേരള നിയമസഭയുടെ രൂപീകരണം എന്നിവയുമായി ബന്ധപ്പെട്ട് അംഗങ്ങളുടെ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യുന്നതിനും അംഗങ്ങളുടെ സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട് പ്രതിജ്ഞാ ഫോറം ഇ-നിയമസഭാ ആപ്ലിക്കേഷൻ മുഖാന്തരം സമർപ്പിക്കുന്നതിനും അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുകയും സഭയിൽ സത്യപ്രതിജ്ഞ നടക്കുന്ന അവസരത്തിൽ അംഗങ്ങൾക്ക് അവർ പ്രതിജ്ഞാ ഫോറം മോണിറ്ററിൽ നോക്കി വായിക്കുന്നതിനും സത്യപ്രതിജ്ഞ ചെയ്ത് Roll of members-ൽ ഒപ്പുവയ്ക്കുന്നതിനും നടപടി സ്വീകരിച്ചു. പതിനഞ്ചാം കേരള നിയമസഭയുടെ എല്ലാ സാമാജികർക്കും ഇ-നിയമസഭാ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നിന് User ID യും പാസ്സ്‌വേർഡും നൽകി.

പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യസമ്മേളനത്തിൽ ഗവർണ്ണറുടെ പ്രസംഗം, ബജറ്റ് പ്രസംഗം എന്നിവ മുൻപേജ് കാണുന്ന തരത്തിൽ ആപ്ലിക്കേഷനിലൂടെ സാമാജികർക്ക് ലഭ്യമാക്കി. ഗവർണ്ണറുടെ പ്രസംഗത്തിന്മേലുള്ളനന്ദിപ്രമേയത്തിനായി സാമാജികർ ഇ-വോട്ടിംഗ് സംവിധാനം ഉപയോഗിച്ചു. ഒന്നാം സമ്മേളത്തിലെ ചോദ്യോത്തരവേള സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർണ്ണമായി ഇ-നിയമസഭാ ആപ്ലിക്കേഷനിലൂടെ നിർവ്വഹിച്ചു. ചോദ്യങ്ങൾ, സബ്മിഷൻ തുടങ്ങിയവയ്ക്കുള്ള മറുപടി കാലതാമസം കൂടാതെ ഇ-നിയമസഭ പോർട്ടലിലും നിയമസഭാ വെബ്സൈറ്റിലും ലഭ്യമാക്കുകയും ചെയ്തു.

പ്രസ് ഗ്യാലറിയിൽ എല്ലാ സീറ്റിലും ടാബ്‌ലറ്റുകൾ സ്ഥാപിച്ച് നിയമസഭാരേഖകൾ മാധ്യമപ്രവർത്തകർക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്കായി ULTS തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മൊഡ്യൂളുകളുടെ ടെസ്റ്റിംഗ്, മാറ്റങ്ങൾ വന്ന ലേ-ഔട്ടുകൾക്കനുസൃതമായ ജോലികൾ, വിവിധ വിഭാഗങ്ങളിലെ ഫർണിച്ചർ പുനക്രമീകരണം എന്നീ ജോലികൾ പുരോഗമിക്കുന്നു.

സാമാജികർക്കായുള്ള ട്രെയിനിംഗ് ഹാളിന്റെ പ്രവൃത്തി അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ നാലാം നിലയിലെ 5 സി കോൺഫറൻസ് ഹാളിൽ പുരോഗമിച്ചുവരുന്നു. പദ്ധതിയോടനുബന്ധിച്ചുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആശങ്ക ദൂരീകരിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽ), ULTS എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം സംഘടിപ്പിച്ചു.

പതിനഞ്ചാം കേരള നിയമസഭ രൂപീകൃതമായശേഷം സ്പീക്കർ എം.ബി. രാജേഷ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുകയും ഇ-നിയമസഭയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഒക്ടോബർ 31 നകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഇ-നിയമസഭയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനും തുടർ നടപടികൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ചിരുന്ന സ്പീക്കർ അദ്ധ്യക്ഷനായ ഒൻപതംഗ ഇ-നിയമസഭ ഉന്നതതലസമിതി പുനഃസംഘടിപ്പിക്കുകയും സമിതിയുടെ പ്രഥമയോഗം ചേരുകയും ചെയ്തു.

ചോദ്യം, സബ്മിഷൻ. ശ്രദ്ധക്ഷണിക്കൽ, അടിയന്തരപ്രമേയം, ചട്ടങ്ങളുടെ ഭേദഗതി, അടിയന്തര ചോദ്യം തുടങ്ങിയ സഭാ നടപടികൾക്കുള്ള നോട്ടീസുകൾ ഇ-നിയമസഭ ആപ്ലിക്കേഷൻ മുഖാന്തരം സമർപ്പിക്കുന്നതിനായി എല്ലാ പാർലമെന്ററി പാർട്ടി ഓഫീസുകൾക്കും ലോഗിൻ സജ്ജമാക്കി. സഭാ നടപടികളുമായി ബന്ധപ്പെട്ട ബിസിനസ്സുകൾക്കുള്ള നോട്ടീസുകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് നിയമസഭാ സാമാജികർക്കും സാമാജികരുടെ പി.എ.മാർക്കും, പാർലമെന്ററി പാർട്ടി ഓഫീസ് പ്രതിനിധികൾക്കും ജൂൺ, ജൂലൈ മാസങ്ങളിൽ ആവശ്യമായ പരിശീലനം നൽകി. പാർലമെന്ററി പാർട്ടികളുടെ സഹകരണം ഉറപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പാർലമെന്ററി പാർട്ടി ഓഫീസ് സെക്രട്ടറി/ലീഡർമാരുടെ യോഗം ചേർന്നു.

രണ്ടാം സമ്മേളനത്തിൽ മേശപ്പുറത്തുവയ്ക്കുന്നതിനുള്ള കടലാസുകൾ ആപ്ലിക്കേഷനിലൂടെ രജിസ്റ്റർ ചെയ്ത് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മേശപ്പുറത്തുവയ്ക്കുന്നതിനുള്ള കടലാസ്സുകൾ ഇനി മുതൽ ആപ്ലിക്കേഷൻ വഴി സോഫ്റ്റ് ഫോമിൽ ലഭ്യമാക്കുന്നതിന് സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകി. ആപ്ലിക്കേഷനിലൂടെ അംഗങ്ങൾക്ക് ലഭ്യമാക്കുക വഴി കടലാസ് ഉപയോഗം പൂർണ്ണമായി ഒഴിവാക്കുവാൻ സാധിക്കും.

## ഇ-നിയമസഭാ ആപ്ലിക്കേഷൻ ഗവ.സെക്രട്ടേറിയറ്റിൽ

ഇ-നിയമസഭാ ആപ്ലിക്കേഷൻ ഗവ. സെക്രട്ടേറിയറ്റിൽ C-DIT വികസിപ്പിക്കുന്ന ആപ്ലിക്കേഷനുമായി ഇന്റഗ്രേറ്റ് ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ്, C-DIT എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. അക്കൗണ്ടന്റ് ജനറൽ ഓഫീസിനായി തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷൻ ഇ-നിയമസഭ ആപ്ലിക്കേഷനുമായി സംയോജിപ്പിക്കുന്നതിനും അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടുകൾ മേശപ്പുറത്തുവയ്ക്കുന്നതിന് ഓൺലൈനായി ലഭ്യമാക്കുന്നത് സംബന്ധിച്ചും എ.ജി. ഓഫീസ് പ്രതിനിധികളുമായി യോഗം ചേർന്നു.


എം.ബി.രാജേഷ്
എക്സ് ഒഫീഷ്യോ
ചെയർമാൻ
കാര്യോപദേശക സമിതി


പി.പ്രസാദ്
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി I



കെ.രാജൻ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി II


റോഷി അഗസ്റ്റിൻ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി III


പി.രാജീവ്
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി IV


പി.എ.മുഹമ്മദ് റിയാസ്
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി V


വി.ശിവൻകുട്ടി
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി VI


കെ.കൃഷ്ണൻകുട്ടി
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി VII


കെ.എൻ.ബാലഗോപാൽ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി VIII

# നിയമസഭാ സമിതികൾ രൂപീകരിച്ചു

പതിനഞ്ചാം കേരള നിയമസഭ 2021 മേയ് 3 ന് രൂപീകൃതമായതിനെ തുടർന്ന് കേരള നിയമസഭയിലെ 37 സഭാ സമിതികൾ വിവിധ ഘട്ടങ്ങളിലായി പ്രത്യേക ബുള്ളറ്റിനുകൾ പ്രകാരം നിലവിൽ വന്നു. നിയമസഭാ സമിതികളിൽ ആദ്യമായി രൂപീകരിച്ചത് കാര്യോപദേശക സമിതിയാണ്. 2021 മേയ് 26 ലെ 8 ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകരിച്ച കാര്യോപദേശക സമിതിയിൽ 9 അംഗങ്ങളാണുള്ളത്. സമിതിയുടെ എക്സ് ഒഫീഷ്യോ ചെയർമാൻ സ്പീക്കറാണ്. സമിതിയുടെ ആദ്യ യോഗം 2021 മേയ് 28 ന് ചേരുകയും ആദ്യ റിപ്പോർട്ട് 2021 മേയ് 31 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## സബ്ജക്ട് കമ്മിറ്റികൾ ( 2021-23)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233 അനുസരിച്ച് 7.6.2021 ലെ 26 ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 14 സബ്ജക്ട് കമ്മിറ്റികൾ 2021 ജൂൺ 7 പ്രാബല്യത്തിൽ നിലവിൽ വന്നു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന 7 ൽ കുറയാത്തതും 11 ൽ കവിയാത്തതുമായ അംഗങ്ങളാണ് ഓരോ കമ്മിറ്റിയിലുമുള്ളത്.

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) ൽ കൃഷി വകുപ്പ് മന്ത്രി ചെയർമാനും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി, മത്സ്യബന്ധനവും സംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി എന്നീ എക്സ് ഒഫീഷ്യോ അംഗങ്ങളും ഉൾപ്പെടെ 11 അംഗങ്ങൾ ഉണ്ട്.

സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും) ൽ ചെയർമാൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പു മന്ത്രിയാണ്. എക്സ് ഒഫീഷ്യോ അംഗമായ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി ഉൾപ്പെടെ 10 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം) ൽ ജല വിഭവ വകുപ്പുമന്ത്രിയാണ് ചെയർമാൻ. 11 അംഗങ്ങളുണ്ട്.

സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും) നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ചെയർമാനായ സമിതിയിൽ 9 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി V (മരാമത്തും ഗതാഗതവും വാർത്താവിനിമയവും) ന്റെ ചെയർമാൻ പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയാണ്. ഗതാഗതവകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി എന്നീ എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഉൾപ്പെടെ 11 അംഗങ്ങളുണ്ട്.

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) ൽ ചെയർമാൻ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയും എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി, മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി എന്നിവരുമാണ്. ആകെ 11 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) ൽ ഊർജ്ജ വകുപ്പുമന്ത്രി ചെയർമാനും എക്സ്-ഒഫീഷ്യോ അംഗമായ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ഉൾപ്പെടെ 9 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) ധനകാര്യ വകുപ്പുമന്ത്രിയാണ് ചെയർമാൻ. എക്സ്-ഒഫീഷ്യോ അംഗങ്ങളായ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രിയും സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും ഉൾപ്പെടെ 11 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും) ൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനും റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയും, കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയും എക്സ്-ഒഫീഷ്യോ അംഗങ്ങളുമാണ്. ആകെ 10 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി X (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും) ൽ ചെയർമാൻ വനം വന്യജീവി വകുപ്പുമന്ത്രിയും എക്സ്-ഒഫീഷ്യോ അംഗം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും ഉൾപ്പെടെ 10 അംഗങ്ങളാണുള്ളത്.

സബ്ജക്ട് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും) ൽ സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയാണ് ചെയർമാൻ. എക്സ്-ഒഫീഷ്യോ അംഗമായ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ഉൾപ്പെടെ 10 അംഗങ്ങളുണ്ട്.

സബ്ജക്ട് കമ്മിറ്റി XII (ആരോഗ്യവും കുടുംബക്ഷേമവും) ൽ ചെയർപേഴ്സൺ ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ഉൾപ്പെടെ 10 അംഗങ്ങളുണ്ട്.

സബ്ജക്ട് കമ്മിറ്റി XIII (സാമൂഹ്യ സേവനം) ൽ ചെയർമാൻ പട്ടികജാതി പട്ടിക വർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രിയും എക്സ്-ഒഫീഷ്യോ അംഗമായ ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയും ഉൾപ്പെടെ 10 അംഗങ്ങളാണുള്ളത്.

മുഖ്യമന്ത്രി ചെയർമാനായ സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ) ൽ 11 അംഗങ്ങളുണ്ട്.

2021-22 ലെ ധനാഭ്യർത്ഥനകളുടെ (Demand for Grants) പരിശോധനയ്ക്കായി എല്ലാ സബ്ജക്ട് കമ്മിറ്റികളും 2021 ജൂൺ 6 മുതൽ 2021 ജൂലൈ 7 വരെയുള്ള കാലയളവിൽ യോഗം ചേർന്ന് വിവിധ സർക്കാർ വകുപ്പുകളുടെ ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തുകയും അധിക വിഹിതം അനുവദിക്കുന്നതിനുള്ള ശിപാർശകൾ നൽകുകയും ചെയ്തു. സമിതികളുടെ ശിപാർശകളടങ്ങിയ റിപ്പോർട്ടുകൾ 22.7.2021 ന് സഭയിൽ സമർപ്പിച്ചു.


## ധനകാര്യ സമിതികൾ ( 2021-23)

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നീ 4 ധനകാര്യ സമിതികളിലെ അംഗങ്ങളെ തെരഞ്ഞെടുപ്പിലൂടെ നിശ്ചയിക്കുന്നു. അംഗങ്ങളിൽ നിന്നും നാമനിർദ്ദേശ പത്രിക സ്വീകരിക്കുകയും വോട്ടെടുപ്പ് നടക്കുന്ന പക്ഷം ആനുപാതിക പ്രാതിനിധ്യമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒരു വോട്ട് മുഖേന തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നു. 2021 ജൂൺ 8 ാം തീയതി പ്രാബല്യത്തിൽ 8.6.2021 ലെ 32 ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം ധനകാര്യ സമിതികൾ നിലവിൽ വന്നു. 4 ധനകാര്യ സമിതികളിലും ചെയർമാൻ ഉൾപ്പെടെ 11 അംഗങ്ങൾ വീതമാണുള്ളത്.

മേൽപ്പറഞ്ഞ സമിതികൾ ഒഴികെയുള്ള നിയമസഭാ സമിതികൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 180 അനുസരിച്ച് 2021 ജൂൺ 15 ാം തീയതി പ്രാബല്യത്തിൽ (ബുള്ളറ്റിൻ ഭാഗം 2 നമ്പർ 42, തീയതി 16.6.2021) രൂപീകൃതമായി. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയിൽ 7 അംഗങ്ങളും പട്ടികജാതി -പട്ടിക വർഗ്ഗക്ഷേമം സംബന്ധിച്ച സമിതി, ചട്ടങ്ങൾ സംബന്ധിച്ച സമിതി എന്നിവയിൽ 11 അംഗങ്ങൾ വീതവും മറ്റ് സമിതികളിൽ 9 അംഗങ്ങൾ വീതവുമാണുള്ളത്. ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ സ്പീക്കറാണ്.

ഹൗസ് കമ്മിറ്റി, ലൈബ്രറി ഉപദേശക സമിതി എന്നിവ 16.6.2021 ലെ 43 ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2021 ജൂൺ 15 ാം തീയതി പ്രാബല്യത്തിൽ രൂപീകൃതമായി. ഹൗസ് കമ്മിറ്റിയിൽ 7 അംഗങ്ങളും ലൈബ്രറി ഉപദേശക സമിതിയിൽ 8 അംഗങ്ങളുമാണുള്ളത്. ലൈബ്രറി ഉപദേശക സമിതിയിൽ നിയമസഭാ സെക്രട്ടറി എക്സ്-ഒഫീഷ്യോ അംഗമാണ്.


പി.എസ്.സുപാൽ
ചെയർമാൻ
പിന്നോക്ക സമുദായക്ഷേമം
സംബന്ധിച്ച സമിതി



മാത്യു ടി.തോമസ്
ചെയർമാൻ
ഔദ്യോഗിക ഭാഷ
സംബന്ധിച്ച സമിതി


പി.പി.ചിത്തരഞ്ജൻ
ചെയർമാൻ
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധതൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി


എ.സി.മൊയ്തീൻ
ചെയർമാൻ
പ്രവാസി മലയാളികളുടെ
ക്ഷേമം സംബന്ധിച്ച സമിതി


എ.എൻ.ഷംസീർ
ചെയർമാൻ
യുവജനക്ഷേമവും
യുവജനകാര്യവും
സംബന്ധിച്ച സമിതി


കെ.പി.മോഹനൻ
ചെയർമാൻ
മുതിർന്ന പൗരന്മാരുടെ
ക്ഷേമം സംബന്ധിച്ച സമിതി


തോമസ് കെ.തോമസ്
ചെയർമാൻ
ലൈബ്രറി ഉപദേശക
സമിതി


കോവൂർ കുഞ്ഞുമോൻ
ചെയർമാൻ, ഹൗസ് കമ്മിറ്റി


ഇ.ചന്ദ്രശേഖരൻ
ചെയർമാൻ
പൊതുമേഖലാ സ്ഥാപനങ്ങളെ
സംബന്ധിച്ച സമിതി


എം.വി.ഗോവിന്ദൻ മാസ്റ്റർ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി IX


എ.കെ.ശശീന്ദ്രൻ
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി X


വി.എൻ.വാസവൻ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി XI



വീണ ജോർജ്ജ്
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി XII



കെ.രാധാകൃഷ്ണൻ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി XIII


പിണറായി വിജയൻ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി XIV


കെ.ബി.ഗണേഷ് കുമാർ
ചെയർമാൻ
ഹർജികൾ
സംബന്ധിച്ച സമിതി


മുരളി പെരുനെല്ലി
ചെയർമാൻ
പ്രിവിലേജസ്,എത്തിക്സ്
എന്നിവ സംബന്ധിച്ച
സമിതി


എം.എം.മണി
ചെയർമാൻ
സബോർഡിനേറ്റ്
ലെജിസ്ലേഷൻ സമിതി


കെ.പി.എ.മജീദ്
ചെയർമാൻ
ഗവൺമെന്റ് നൽകുന്ന
ഉറപ്പുകൾ സംബന്ധിച്ച
സമിതി


കെ.കെ.ശൈലജ ടീച്ചർ
ചെയർ പേഴ്സൺ
എസ്റ്റിമേറ്റ്സ് കമ്മിറ്റി


ടി.പി.രാമകൃഷ്ണൻ
ചെയർമാൻ
ലോക്കൽ ഫണ്ട്
അക്കൗണ്ട്സ് കമ്മിറ്റി


സണ്ണി ജോസഫ്
ചെയർമാൻ
പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി


പ്രമോദ് നാരായൺ
ചെയർമാൻ
അനൗദ്യോഗിക
ബില്ലുകളും പ്രമേയങ്ങളും
സംബന്ധിച്ച സമിതി


പി.സി.വിഷ്ണുനാഥ്
ചെയർമാൻ
മേശപ്പുറത്തുവച്ച
കടലാസുകൾ
സംബന്ധിച്ച സമിതി


ഒ.ആർ.കേളു
ചെയർമാൻ
പട്ടികജാതി -
പട്ടികവർഗ്ഗക്ഷേമം
സംബന്ധിച്ച സമിതി


യു.പ്രതിഭ
ചെയർ പേഴ്സൺ
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും
ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി


ഇ.കെ.വിജയൻ
ചെയർമാൻ
പരിസ്ഥിതി
സംബന്ധിച്ച
സമിതി



# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ

റ്റി.മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ലേഖനം തുടർച്ച...

## ചട്ടങ്ങൾ സംബന്ധിച്ച സമിതി

സഭയുടെ നടപടികൾ നടത്തുന്നത് ഭരണഘടനയിലെയും ഭരണഘടനയുടെ അനുച്ഛേദം 208-ൽ പറയുന്ന പ്രകാരം സഭ നിർമ്മിച്ചിട്ടുള്ള നടപടിച്ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. കാലാകാലം മാറിവരുന്ന ആശയങ്ങൾക്കനുസരിച്ച് നിയമസഭാചട്ടങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തിയെങ്കിൽ മാത്രമേ സഭാനടപടികൾ ചലനാത്മകവും ചൈതന്യപൂർണ്ണവുമാകുകയുള്ളൂ. അതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ചട്ടങ്ങൾ സംബന്ധിച്ച സമിതി. 11 അംഗങ്ങളുള്ള ഈ സമിതിയെ നാമനിർദ്ദേശം ചെയ്യുന്നത് സ്പീക്കറാണ്. സ്പീക്കർ ഈ സമിതിയുടെ എക്സ് ഒഫീഷ്യോ ചെയർമാനാണ്. ഈ സമിതിയുടെ കാലാവധി നിർണ്ണയിച്ചിട്ടില്ല. ധനകാര്യ സമിതികളുടെ കാലാവധി അവസാനിക്കുമ്പോൾ ഇതിന്റെയും കാലാവധി അവസാനിച്ചതായി കണക്കാക്കി ഇത് പുനഃസംഘടിപ്പിക്കുന്നു.

### ചുമതലകൾ

സഭയിലെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച കാര്യങ്ങൾ പരിഗണിക്കുക, ചട്ടങ്ങൾക്കുവേണ്ട ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ നടത്തുക എന്നിവയാണ് ഈ സമിതിയുടെ കർത്തവ്യങ്ങൾ. നിയമസഭാ ചട്ടങ്ങൾക്ക് ഭേദഗതി വേണ്ടിവരുന്ന സന്ദർഭത്തിൽ സമിതി അതു പരിഗണിക്കുകയും ചട്ടങ്ങൾക്കാവശ്യമായ മാറ്റങ്ങൾ ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ട് നേരിട്ട് സഭയിൽ സമർപ്പിക്കുന്നതിനു പകരം മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തു വയ്ക്കുകയാണ് ചെയ്യുന്നത്. ചട്ടങ്ങൾക്ക് മാറ്റം നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്ന തീയതി മുതൽ ഏഴു ദിവസത്തിനുള്ളിൽ ഏതംഗത്തിനും അതിന് ഭേദഗതി നൽകാവുന്നതാണ്.

ഏതെങ്കിലും ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് കിട്ടുന്ന നോട്ടീസ് സമിതിക്ക് റഫർ ചെയ്യപ്പെടും. സമിതി അതു പരിഗണിച്ച് ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്ക് ഉചിതമായ ഭേദഗതി വരുത്തും. അംഗങ്ങൾ നൽകിയ ഭേദഗതി പരിഗണിച്ച ശേഷമുള്ള ആത്യന്തിക റിപ്പോർട്ട് വീണ്ടും മുഖ്യമന്ത്രി മേശപ്പുറത്തു വയ്ക്കുന്നു. അതിനുശേഷം റിപ്പോർട്ടിനോട് യോജിച്ചുകൊണ്ട് കമ്മിറ്റിയിലെ ഒരംഗം അവതരിപ്പിക്കുന്ന പ്രമേയം സഭ അംഗീകരിക്കുന്നതോടുകൂടി ചട്ടങ്ങൾക്കു വരുത്തിയ ഭേദഗതി ബുള്ളറ്റിനിലൂടെ അറിയിക്കുന്നതാണ്.

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന് ഏഴു ദിവസത്തിനുള്ളിൽ ഭേദഗതി നോട്ടീസ് കിട്ടാത്തപക്ഷം റിപ്പോർട്ടിലെ ശിപാർശകൾ പ്രസ്തുത കാലം കഴിയുമ്പോൾ സഭ അംഗീകരിച്ചതായി കണക്കാക്കപ്പെടുകയും മാറ്റങ്ങൾ ബുള്ളറ്റിനിലൂടെ പ്രഖ്യാപിക്കുകയും ചെയ്യും. ഭേദഗതികൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി

നിയമസഭയ്ക്കും അതിന്റെ സമിതികൾക്കും അംഗങ്ങൾക്കും നിയമപ്രകാരം തന്നെ ചില പ്രത്യേക അവകാശാധികാരങ്ങളുണ്ട്. ഈ അവകാശങ്ങളുടെയും അധികാരങ്ങളുടെയും അഭാവത്തിൽ സഭയ്ക്കും അംഗങ്ങൾക്കും തങ്ങളിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ കഴിയാതെ വരുന്നതാണ്. സഭയുടെയും സമിതികളുടെയും അംഗങ്ങളുടെയും സ്വാതന്ത്ര്യവും അധികാരാവകാശങ്ങളും അന്തസ്സും മഹത്വവും ഉയർത്തിപ്പിടിക്കുന്നതിനും പരിരക്ഷിക്കുന്നതിനും സഹായകരമായിട്ടാണ് ഈ സവിശേഷാധികാരങ്ങൾ നിയമപ്രകാരം തന്നെ ഉറപ്പുവരുത്തിയിരിക്കുന്നത്.

നിലവിലുള്ള അവകാശാധികാരങ്ങളെ അവയുടെ ഉറവിടം അനുസരിച്ച് ഭരണഘടനയിലെ വ്യവസ്ഥപ്രകാരം ലഭ്യമായവയെന്നും മറ്റ് നിയമങ്ങൾ പ്രകാരം ലഭ്യമായവയെന്നും സഭാ ചട്ടങ്ങൾ പ്രകാരം ലഭ്യമായവയെന്നും കീഴ്വഴക്കപ്രകാരമുള്ളവയെന്നും നാലായി തരംതിരിച്ചിരിക്കുന്നു.

### ചുമതലകൾ

സമിതി, അതിനയച്ചു കിട്ടുന്ന എല്ലാ പ്രശ്നങ്ങളും ഓരോ കേസിന്റെയും വസ്തുതകളുടെ വെളിച്ചത്തിൽ പരിശോധിച്ച് ഒരു അവകാശലംഘനം ഉണ്ടായിട്ടുണ്ടോ എന്നും, ഉണ്ടായിട്ടുണ്ടെങ്കിൽ ലംഘനത്തിന്റെ സ്വഭാവവും അതിലേക്ക് നയിച്ച സാഹചര്യങ്ങളും ഏതൊക്കെയാണെന്ന് കണ്ടെത്തുകയും അതിന് ഉചിതമെന്നു തോന്നുന്ന ശിപാർശകൾ നൽകുകയും ചെയ്യേണ്ടതാണ്. അതുപോലെ സ്പീക്കർ റഫർ ചെയ്യുന്നതും നിയമസഭയ്ക്കകത്തും പുറത്തും അംഗങ്ങളുടെ അധാർമ്മികവും സദാചാരവിരുദ്ധവുമായ നടപടികളെ സംബന്ധിക്കുന്നതുമായ സംഗതികളും സമിതി പരിശോധിക്കേണ്ടതാണ്. കൂടാതെ നിയമസഭാ നടപടിചട്ടങ്ങളിൽ അനുബന്ധം II ആയി ചേർത്തിരിക്കുന്ന അംഗങ്ങൾക്കായുള്ള പെരുമാറ്റ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അംഗങ്ങളുടെ സാന്മാർഗ്ഗികവും സദാചാരപരവുമായ പെരുമാറ്റം സംബന്ധിച്ച് മേൽനോട്ടം നടത്തുക, അംഗങ്ങൾക്കായുള്ള പെരുമാറ്റ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതും ഈ സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുന്നു.

### പ്രവർത്തന രീതി

ഒരു അവകാശലംഘനത്തിനു നോട്ടീസ് കിട്ടുമ്പോൾ ആർക്കെതിരെയാണോ നോട്ടീസ് നൽകിയിട്ടുള്ളത് ആ ആളിന് നോട്ടീസിന്റെ കോപ്പി അയച്ചുകൊടുത്ത് അദ്ദേഹത്തിന് പറയാനുള്ളത് അറിയിക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെടുന്നു. അദ്ദേഹത്തിന്റെ വിശദീകരണം കേട്ടതിനുശേഷം നോട്ടീസിൽ പ്രഥമദൃഷ്ട്യാ അവകാശലംഘനം അടങ്ങിയിട്ടുണ്ടോ എന്ന് സ്പീക്കർ പരിശോധിക്കുന്നു. അതിൽ അവകാശലംഘനം അടങ്ങിയിട്ടുള്ള പക്ഷം സ്പീക്കർ അത് സമിതിക്ക് അയയ്ക്കുന്നു. അല്ലാത്തപക്ഷം തള്ളിക്കളയുകയും ചെയ്യുന്നു.

സമിതിക്ക് അയച്ചുകിട്ടുന്ന അവകാശലംഘന നോട്ടീസുകൾ സമിതി പരിഗണിക്കുന്നു. ആർക്കെതിരെയാണോ അവകാശലംഘന പ്രശ്നം ഉന്നയിച്ചിട്ടുള്ളത് ആ വ്യക്തിയോട് വീണ്ടും വിശദീകരണം ആവശ്യപ്പെടുന്നു. അത് സമിതി പരിഗണിക്കുന്നു. അവകാശലംഘനത്തിന് ആധാരമായ പ്രശ്നത്തെപ്പറ്റി നേരിട്ടറിയാവുന്നവരുണ്ടെങ്കിൽ അവരിൽനിന്നും സമിതി തെളിവെടുക്കുന്നു. അവകാശലംഘനപ്രശ്നം ഉന്നയിച്ചിട്ടുള്ള വ്യക്തിയേയും വിസ്തരിച്ച് തെളിവെടുപ്പ് നടത്തുന്നു. അതിനുശേഷം സമിതി റിപ്പോർട്ട് തയ്യാറാക്കുന്നു. റിപ്പോർട്ടിൽ നോട്ടീസിലെ ആരോപണം, അതിനു കിട്ടിയ മറുപടി, തെളിവെടുത്തപ്പോൾ കിട്ടിയ വിവരങ്ങൾ, പ്രശ്നത്തിൽ അവകാശലംഘന പ്രശ്നം ഉൾക്കൊണ്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം, അത് സംഭവിക്കാനിടയായ സാഹചര്യം എന്നിവ വിശദീകരിക്കുന്നു. ആരോപണം തെളിയിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ നൽകേണ്ട ശിക്ഷയെന്തെന്നും അതിനു സ്വീകരിക്കേണ്ട നടപടിയെന്തെന്നും കൂടി സമിതി ശിപാർശ ചെയ്യേണ്ടതാണ്. നോട്ടീസിന്റെ പരിശോധനയിൽ അവകാശലംഘനം നടന്നതായി തെളിയാത്തപക്ഷമോ അവകാശലംഘനം നടത്തിയ ആൾ തെറ്റ് ഏറ്റുപറഞ്ഞ് ഖേദം പ്രകടിപ്പിക്കുന്ന പക്ഷമോ ആരോപണത്തിന്മേൽ നടപടി ആവശ്യമില്ലെന്ന് ശിപാർശ ചെയ്യാവുന്നതാണ്.

### റിപ്പോർട്ടിന്മേലുള്ള നടപടി

റിപ്പോർട്ട് സമർപ്പിച്ചശേഷം സമിതിയുടെ അദ്ധ്യക്ഷനോ സമിതിയിലെ അംഗമോ മറ്റാരെങ്കിലുമോ റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്. പ്രസ്തുത പ്രമേയത്തിന്മേൽ അരമണിക്കൂറിൽ കവിയാത്ത ചർച്ച അനുവദിക്കാവുന്നതാണ്. പരിഗണനയ്ക്കുള്ള പ്രമേയത്തിന് സഭയുടെ സമ്മതം കിട്ടിയശേഷം സമിതിയുടെ ചെയർമാനോ അംഗമോ മറ്റാരെങ്കിലുമോ റിപ്പോർട്ടിലെ ശിപാർശയുമായി സഭ യോജിക്കുന്നുവെന്നോ ഭേദഗതിയോടുകൂടി യോജിക്കുന്നുവെന്നോ ശിപാർശയോടു വിയോജിക്കുന്നുവെന്നോ ഉള്ള പ്രമേയം അവതരിപ്പിക്കും. അനന്തര നടപടി അവസാനിപ്പിക്കണമെന്നാണ് റിപ്പോർട്ടിലെ ശിപാർശയെങ്കിൽ സഭ ശിപാർശയുമായി യോജിക്കുന്നു എന്ന പ്രമേയം അംഗീകരിക്കുന്നതോടുകൂടി അതുസംബന്ധിച്ച നടപടി അവസാനിപ്പിക്കുന്നു. റിപ്പോർട്ടിൽ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷയാണ് ശിപാർശ ചെയ്തിട്ടുള്ളതെങ്കിൽ ആ ശിപാർശയുമായി യോജിച്ചുകൊണ്ടുള്ള പ്രമേയം സഭ പാസ്സാക്കുന്നപക്ഷം റിപ്പോർട്ടിലെ ശിപാർശ പ്രകാരം ശിക്ഷ നടപ്പാക്കാനുള്ള നടപടി നിയമസഭാ സെക്രട്ടേറിയറ്റ് സ്വീകരിക്കുന്നതാണ്.

## സഭാംഗങ്ങളുടെ സൗകര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സമിതികൾ

നിയമസഭാംഗങ്ങളുടെ ഔദ്യോഗികവും അനൗദ്യോഗികവുമായ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കുന്നതിനും അവർക്കാവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പിക്കുന്നതിലേക്കുമായി സ്പീക്കർ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രണ്ട് സമിതികളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. നിയമസഭാ നടപടി ചട്ടങ്ങളിൽ ഈ സമിതികളെ സംബന്ധിച്ച വ്യവസ്ഥകൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല. ഹൗസ് കമ്മിറ്റി, ലൈബ്രറി ഉപദേശക സമിതി എന്നിവയാണ് പ്രസ്തുത സമിതികൾ.

### ഹൗസ് കമ്മിറ്റി

സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഏഴിൽ കവിയാതെയുള്ള അംഗങ്ങൾ ഉൾപ്പെടുന്നതാണ് ഈ സമിതി. തുടക്കത്തിൽ ഒരുവർഷ കാലാവധിയാണ് സമിതിക്ക് നിശ്ചയിച്ചിരിക്കുന്നതെങ്കിലും നിയമസഭാ സമിതികളുടെ കാലാവധി പൊതുവിൽ 30 മാസമായി ഏകീകരിക്കപ്പെട്ടതോടുകൂടി ഹൗസ് കമ്മിറ്റിയുടെ കാലാവധിയും 30 മാസമായിത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നിയമസഭാംഗങ്ങളുടെ തിരുവനന്തപുരത്തെ താമസസൗകര്യം, ഭക്ഷണ സൗകര്യം, മറ്റ് അനുബന്ധകാര്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള പ്രായോഗിക ശിപാർശകൾ ബഹു. നിയമസഭാ സ്പീക്കർക്ക് കാലാകാലങ്ങളിൽ നൽകുക എന്നതാണ് ഈ സമിതിയുടെ പ്രധാന കർത്തവ്യം. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സബ് കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തുവാൻ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

### ലൈബ്രറി അഡ്വൈസറി കമ്മിറ്റി

സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഏഴ് നിയമസഭാംഗങ്ങളും നിയമസഭാ സെക്രട്ടറി (എക്സ് ഒഫീഷ്യോ)യും ഉൾപ്പെടെ എട്ട് പേരാണ് ഈ സമിതിയിൽ അംഗങ്ങളായിട്ടുള്ളത്. നിയമസഭാ ലൈബ്രറിയെ സംബന്ധിച്ച് സ്പീക്കർ പ്രത്യേകമായി റഫർ ചെയ്യുന്ന കാര്യങ്ങൾ, ലൈബ്രറിയുടെ നവീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ, നിയമസഭാംഗങ്ങൾക്ക് ലൈബ്രറിയുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായുള്ള കാര്യങ്ങൾ, പുതിയ പുസ്തകങ്ങൾ വാങ്ങുക, ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുക, വിവര സമാഹരണം, ഡോക്യുമെന്റേഷൻ എന്നീ കാര്യങ്ങളിൽ കാലാകാലങ്ങളിൽ ആവശ്യമായ ശിപാർശകൾ സ്പീക്കർക്ക് നൽകുക എന്നിവയാണ് ഈ സമിതിയുടെ മുഖ്യമായ കർത്തവ്യങ്ങൾ.

തുടരും....

# പതിനഞ്ചാം കേരള നിയമസഭയിലെ ആദ്യനിയമം

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയുന്നതിനുള്ള 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യസമ്മേളനത്തിൽ ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് 2021 ജൂൺ 3-ാം തീയതി നിയമസഭയിൽ അവതരിപ്പിക്കുകയും പൊതു ചർച്ചയും വകുപ്പ് തിരിച്ചുള്ള പരിഗണനയും ശേഷം സഭ പാസ്സാക്കുകയും ചെയ്തു.

സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വെവ്വേറെ നിയമങ്ങളാണ് ഉണ്ടായിരുന്നത്. അതു മൂലം കോവിഡ് 19 പോലെയുള്ള സാംക്രമിക രോഗങ്ങളെ ഒരു ഏകീകൃത രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിലാണ് The Epidemic Diseases Act, I of 1072 M.E (Cochin Act), The Epidemic Diseases Act, 1073 M.E (II of 1073 Travancore Act) എന്നിവ റദ്ദാക്കിക്കൊണ്ടും 1897 ലെ The Epidemic Diseases Act (Central Act 3 of 1897) മലബാർ മേഖലയിൽ പ്രാബല്യം ഇല്ലാതാക്കിക്കൊണ്ടും സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിനായി ഈ ബിൽ അവതരിപ്പിച്ചത്.

The Kerala Epidemic Diseases Ordinance 2021 ന് പകരമായി ഓർഡിനൻസിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുവന്ന ബിൽ 2021 മേയ് 28 ന് പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം നമ്പർ ബില്ലായി ഗസറ്റിൽ പ്രസിദ്ധീകരിച്ചു.

നിയമസഭാ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത ബിൽ അടിയന്തരമായി പാസ്സാക്കേണ്ടതിനാലും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), ചട്ടം 77, ചട്ടം 237 എന്നിവ താല്ക്കാലികമായി സസ്പെന്റ് ചെയ്ത് പൊതുചർച്ചയ്ക്കുശേഷം പരിഗണനയ്ക്ക് എടുക്കാൻ സഭ തീരുമാനിച്ചു.

ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നോ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നോ ആവശ്യപ്പെടുന്ന 102 ഭേദഗതി നോട്ടീസുകളും ബില്ലിലെ വകുപ്പുകളിന്മേൽ 557 ഭേദഗതി നോട്ടീസുകളും അംഗങ്ങളിൽ നിന്ന് ലഭിച്ചു. ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (I) ഉപഖണ്ഡമനുസരിച്ചുള്ള ഓർഡിനൻസ് നിരാകരണ പ്രമേയത്തിന് (ordinance disapproval motion) 32 അംഗങ്ങൾ ഭേദഗതി നോട്ടീസ് നൽകി.

സംസ്ഥാനത്താകമാനമോ പ്രത്യേക ഭാഗങ്ങളിലേക്കോ ഏതൊരു രോഗത്തെയും സാംക്രമികരോഗമായി വിജ്ഞാപനം ചെയ്യാൻ ഇത് സർക്കാരിന് അധികാരം നൽകുന്നു. സാംക്രമിക രോഗങ്ങൾ പിടിപെടുന്ന ഭാഗങ്ങളിൽ രോഗവ്യാപനം തടയാൻ പ്രത്യേക നടപടികൾ എടുക്കുന്നതിനും നിയന്ത്രണങ്ങൾ നിർദ്ദേശിക്കുന്നതിനും ലംഘിക്കുന്നവർക്കും കുറ്റങ്ങൾക്ക് പ്രേരണ നൽകുന്നവർക്കും രണ്ട് വർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷ നൽകുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### പകർച്ചവ്യാധി പ്രതിരോധത്തിന് സാംക്രമിക രോഗങ്ങൾ ബിൽ

മറ്റൊരു കാലത്തുമില്ലാത്ത പ്രതിസന്ധിയിലാണ് ലോകമെങ്ങും. കോവിഡ് മഹാമാരി ലോകത്തെയാകെ മാറ്റിമറിച്ചിരിക്കുകയാണ്. കേരളം നടത്തിയ കോവിഡ് പ്രതിരോധം ലോക ശ്രദ്ധ പിടിച്ചു പറ്റിയതാണ്. നമ്മളിപ്പോഴും കോവിഡിൽ നിന്നും പൂർണ മുക്തരല്ല. ഈ പശ്ചാത്തലത്തിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയുന്നതിന് വേണ്ടിയാണ് ഈ സർക്കാർ കേരള സാംക്രമിക രോഗങ്ങൾ ബിൽ-2021 കൊണ്ടുവന്നത്. ഈ ബിൽ നിയമമായതോടെ കോവിഡ് പോലെയുള്ള സാംക്രമിക രോഗങ്ങളെ ഏകീകൃത രീതിയിൽ കൈകാര്യം ചെയ്യുന്നതിന് സാധിക്കുന്നു. സംസ്ഥാനത്താകമാനമോ പ്രത്യേക ഭാഗങ്ങളിലേക്കോ ഏതൊരു രോഗത്തെയും സാംക്രമിക രോഗമായി വിജ്ഞാപനം ചെയ്യാൻ ഈ ബിൽ സർക്കാരിന് അധികാരം നൽകുന്നു. സാംക്രമിക രോഗങ്ങൾ പിടിപെടുന്ന ഭാഗങ്ങളിൽ രോഗവ്യാപനം തടയാൻ പ്രത്യേക നടപടികൾ എടുക്കുന്നതിനും നിയന്ത്രണങ്ങൾ നിർദേശിക്കുന്നതിനും സാധിക്കുന്നു. നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കാനും സാധിക്കും. അതിനാൽ തന്നെ ഈ കോവിഡ് കാലത്ത് ഈ നിയമം ഏറെ സഹായകരമാണ്.



**വീണാ ജോർജ്**
ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി

## പാർലമെന്റ് വർഷകാല സമ്മേളനം അവസാനിച്ചു

നിശ്ചിതതീയതിക്ക് രണ്ടു ദിവസം മുൻപേ പാർലമെന്റിന്റെ വർഷകാല സമ്മേളനം അവസാനിപ്പിച്ചു. പെഗാസസ് ഫോൺ ചോർത്തൽ, വിവാദ കാർഷിക നിയമങ്ങൾ എന്നവയിലൂന്നി പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിലാണ് ആഗസ്റ്റ് 13 ന് അവസാനിക്കേണ്ട സമ്മേളനം നേരത്തേ പിരിഞ്ഞത്. സുപ്രധാന ബില്ലുകളടക്കം 20 ബില്ലുകൾ പാസാക്കിയെങ്കിലും സംവരണവുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി ബിൽ ഒഴികെ മറ്റ് ബില്ലുകളെല്ലാം പ്രതിപക്ഷത്തിന്റെ നിസഹരണത്തെത്തുടർന്ന് മിനിറ്റുകൾക്കകമാണ് പാസായത്. സമ്മേളന ദിവസങ്ങളിലാകെ 21 മണിക്കൂറും 14 മിനിട്ടും മാത്രമാണ് ലോക്സഭ സമ്മേളിച്ചത്. സുപ്രധാന വിഷയങ്ങളെക്കുറിച്ചുള്ള പതിവ് ചർച്ചകൾ നടന്നില്ലെന്നതും ശ്രദ്ധേയമാണ്.

2021 ജൂലൈ 19 ന് ആരംഭിച്ച സമ്മേളനത്തിൽ ലോക്സഭയും രാജ്യസഭയും രാവിലെ 11 മണി മുതൽ സമ്മേളിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരു വർഷമായി പാർലമെന്റ് സമ്മേളന സമയം രണ്ടു ഘട്ടങ്ങളിലായി ക്രമീകരിച്ചിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനായി 280 അംഗങ്ങൾ ലോക്സഭാ ചേംബറിലും 259 അംഗങ്ങൾ വിവിധ ഗ്യാലറികളിലും ഇരിക്കുന്ന വിധത്തിലായിരുന്നു ഇരിപ്പിടം ക്രമീകരിച്ചിരുന്നത്.

വർഷകാല സമ്മേളനം ആരംഭിക്കുന്നതിന് മുന്നോടിയായി കോവിഡ് വാക്സിന്റെ രണ്ടു ഡോസുകളും എടുക്കുവാൻ എല്ലാ എം.പി.മാരോടും നിർദ്ദേശിച്ചിരുന്നു. ആർ.ടി.പി.സി.ആർ. പരിശോധന, വാക്സിനേഷൻ എന്നിവയുള്ള സൗകര്യങ്ങൾ പാർലമെന്റ് മന്ദിരത്തിൽ ഒരുക്കിയിരുന്നു. സന്ദർശകർക്കും എം.പി. മാരുടെ ജീവനക്കാർക്കും പാർലമെന്റ് അങ്കണത്തിൽ പ്രവേശനം നൽകിയിരുന്നില്ല. അംഗങ്ങൾ സഭയ്ക്കകത്തും പുറത്തും മുഖാവരണം ധരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

പാർലമെന്ററി കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും സഭാ നടപടികൾ തത്സമയം കാണുന്നതിനും ജനങ്ങൾക്ക് ചോദ്യോത്തരങ്ങൾ ലഭിക്കുന്നതിനും സഹായകമായ രീതിയിൽ ലോക്സഭ മൊബൈൽ ആപ് വികസിപ്പിച്ചിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ അഴിച്ചുപണി നടത്തിയതിനു ശേഷം പുതിയ മന്ത്രിമാർ പങ്കെടുക്കുന്ന ആദ്യ സമ്മേളനമാണ് കഴിഞ്ഞത്. മലയാളിയായ രാജീവ് ചന്ദ്രശേഖർ, പുനസംഘടിപ്പിച്ച മന്ത്രിസഭയിൽ ഇലക്ട്രോണിക്സും വിവര സാങ്കേതികാ വിദ്യ വകുപ്പും സഹമന്ത്രിയാണ്.

## എട്ട് സംസ്ഥാനങ്ങളിൽ ഗവർണർമാരെ നിയമിച്ചു



പി.എസ്.ശ്രീധരൻ പിള്ള

എട്ട് സംസ്ഥാനങ്ങളിൽ ഗവർണർമാരുടെ സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് രാഷ്ട്രപതി രാംനാഥ് കോവിന്ദ് ജൂലൈ 6 ന് വിജ്ഞാപനം പുറപ്പെടുവിച്ചു. മിസോറാം ഗവർണറായ പി.എസ്.ശ്രീധരൻ പിള്ളയെ ഗോവയിലേയ്ക്ക് മാറ്റി നിയമിച്ചു. ഹരിയാന ഗവർണർ സത്യനാരായൺ ആര്യയെ ത്രിപുര ഗവർണറാക്കി. ത്രിപുര ഗവർണർ രമേഷ് ബായിസിനെ ജാർഖണ്ഡിലേയ്ക്ക് മാറ്റിനിയമിച്ചു. ഹിമാചൽ പ്രദേശ് ഗവർണറായ തെലങ്കാനയിലെ മുതിർന്ന ബി.ജെ.പി. നേതാവ് ബണ്ഡാരു ദത്താത്രേയയെ ഹരിയാനയിലേയ്ക്ക് മാറ്റി.

ആന്ധ്രാപ്രദേശിൽ നിന്നുള്ള മുൻ ലോക്സഭാംഗം ഹരിബാബു കംബംപട്ടിയെ മിസോറാം ഗവർണറായി നിയമിച്ചു. കേന്ദ്ര സാമൂഹിക നീതി വകുപ്പുമന്ത്രി താവർചന്ദ് ഗഹ്‌ലോതിനെ കർണാടക ഗവർണറാക്കി. ഗോവ മുൻ സ്പീക്കറും ബി.ജെ.പി. നേതാവുമായ രാജേന്ദ്ര വിശ്വനാഥ് അർലേകറാണ് ഹിമാചൽ പ്രദേശിൽ നിയോഗിക്കപ്പെട്ട പുതിയ ഗവർണർ. ഗുജറാത്തിൽ നിന്നുള്ള ആദിവാസി നേതാവും മുൻ മന്ത്രിയുമായ മംഗുഭായി ഛഗൻഭായി പട്ടേലിനെ മധ്യപ്രദേശ് ഗവർണറായി നിയമിച്ചു.

പി.എസ്. ശ്രീധരൻപിള്ള 2003 ലും 2018 ലുമായി രണ്ടു തവണ കേരളത്തിൽ ബി.ജെ.പി. അദ്ധ്യക്ഷ പദവി വഹിച്ചിട്ടുണ്ട്. 2019 ഒക്ടോബർ 5 മുതൽ മിസോറാം ഗവർണറായി സേവനമനുഷ്ഠിക്കുന്നു. ആലപ്പുഴയിലെ വെണ്മണിയാണ് സ്വദേശം.

## ടി.ഐ. മധുസൂദനൻ എം.എൽ.എ. കൊങ്കൺ റെയിൽവേ യൂസേഴ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിലേയ്ക്ക്



കൊങ്കൺ റെയിൽവേ യൂസേഴ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ അംഗമായിരുന്ന എ. പ്രദീപ് കുമാർ, നിയമസഭാംഗം അല്ലാതായതിനെ തുടർന്ന് പതിനഞ്ചാം കേരള നിയമസഭാംഗമായ ടി.ഐ. മധുസൂദനനെ തൽസ്ഥാനത്തേയ്ക്ക് 2021 ജൂൺ 16 ന് നാമനിർദ്ദേശം ചെയ്തു. 2023 ജനുവരി 31 വരെയാണ് കാലാവധി. കൊങ്കൺ റെയിൽവേ കോർപ്പറേഷന്റെ സേവനപരിധിയിൽ വരുന്ന പ്രാദേശിക ഉണഭോക്താക്കളെ പ്രതിനിധീകരിക്കുന്ന കമ്മിറ്റിയിൽ മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള എം.പി.മാരും എം.എൽ.എ.മാരും അംഗങ്ങളാണ്. കേരളത്തിൽ നിന്ന് സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒരു നിയമസഭാ സാമാജികനും ലോക്സഭയിൽ നിന്നും രാജ്യസഭയിൽ നിന്നും ഓരോ അംഗങ്ങൾ വീതവും കമ്മിറ്റിയംഗങ്ങളാണ്. ഇപ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന ടി.ഐ. മധുസൂദനൻ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നുള്ള ജനപ്രതിനിധിയാണ്.

### വേർപാട്

## മുൻമന്ത്രി കെ.ശങ്കരനാരായണപിള്ള



മുൻമന്ത്രി കെ.ശങ്കരനാരായണപിള്ള (75) 2021 ജൂലൈ 20 ന് അന്തരിച്ചു. 1987-91 കാലയളവിൽ ഇ.കെ.നായനാർ മന്ത്രിസഭയിൽ ഗതാഗതവകുപ്പ് മന്ത്രിയായിരുന്നു. തിരുവനന്തപുരം ഈസ്റ്റ് നിയോജകമണ്ഡലത്തിൽ നിന്ന് 1982 ലും 1987 ലും കോൺഗ്രസ് (എസ്) സ്ഥാനാർത്ഥിയായി മത്സരിച്ച് നിയമസഭയിലെത്തി. കെ.എസ്.യു.വിലൂടെ രാഷ്ട്രീയ രംഗത്തെത്തിയ അദ്ദേഹം 1997 ൽ കേരള വികാസ് പാർട്ടി രൂപീകരിച്ചു.

കെ.എസ്.യു., യൂത്ത് കോൺഗ്രസ് എന്നിവയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി പ്രസിഡന്റ്, തിരുവനന്തപുരം ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ, കെ.എസ്.എഫ്.ഇ. എന്നിവയുടെ ഡയറക്ടർ സ്ഥാനവും വഹിച്ചു. പൊതു പ്രവർത്തനരംഗത്ത് ലാളിത്യത്തിന്റെ പ്രതീകമായിരുന്നു കെ.ശങ്കരനാരായണപിള്ള തിരുവനന്തപുരത്തിന്റെ വികസനത്തിനു വേണ്ടി 'അനന്തപുരിയുടെ അന്തരാത്മാവു തേടി' എന്ന പേരിൽ ജില്ല മുഴുവൻ പദയാത്ര നടത്തിയിട്ടുണ്ട്. കെ.ആർ.കുമാരി ഗിരിജയാണ് ഭാര്യ. രണ്ട് മക്കളുണ്ട്.

# നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ K-LAMPS

കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ സെന്റർ ഫോർ പാർലമെന്ററിസ്റ്റഡീസ് (സി.പി.എസ്.ടി.), സഭാ ടി.വി. എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ച് കേരള ലെജിസ്ലേറ്റീവ് അസംബ്ലീസ് മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (K-LAMPS) എന്ന പേരിൽ രൂപീകരിച്ച മീഡിയ, പാർലമെന്ററി പഠന ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം നിയമസഭാ സെക്രട്ടേറിയറ്റിന് മുതൽക്കൂട്ടാകുന്നു. ഇരു വിഭാഗങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിയമസഭയും പൊതുസമൂഹവുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പരിപാടികൾ കൂടുതൽ കാര്യക്ഷമതയോടെ സംഘടിപ്പിക്കുന്നതിനുമായി അവ സംയോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.പി.എസ്.ടി. വിഭാഗം വഴി നിർവ്വഹിച്ചുവരുന്നതും പുതുതായി ഏറ്റെടുക്കേണ്ടതുമായ പരിപാടികൾ സഭാ ടി.വി. വിഭാഗവുമായി സഹകരിച്ച് വിഭാവനം ചെയ്ത് നടപ്പിലാക്കിയാൽ അവ വർദ്ധിതമൂല്യമുള്ളവയാക്കാൻ സാധിക്കുമെന്നും അതുവഴി പൊതുസമൂഹത്തിനും പാർലമെന്ററി ജനാധിപത്യത്തിന്റെ പങ്കാളിത്ത ഘടകങ്ങൾക്കും ഗുണപ്രദമാകുവാൻ സഹായകരമാകുമെന്നും സമിതി വിലയിരുത്തുകയുണ്ടായി. ഉദ്യോഗസ്ഥതല സമിതിയുടെ റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും സി.പി.എസ്.ടി., സഭാ ടി.വി. വിഭാഗങ്ങളുടെ ഘടന, പ്രവർത്തനസ്വാതന്ത്ര്യം എന്നിവ നിലനിർത്തിക്കൊണ്ട് ഒന്നിച്ച് പ്രവർത്തിക്കുവാൻ സാധ്യമാകുന്ന മേഖലകളിൽ അപ്രകാരം പ്രവർത്തിക്കുന്നതിനായി അവയെ ഒരു കുടക്കീഴിലാക്കിയാണ് K-LAMPS രൂപീകരിച്ചത്.

എക്സിക്യൂട്ടീവ് ഡയറക്ടറുടെ കീഴിൽ K-LAMPS മീഡിയ, പാർലമെന്ററി സ്ററഡീസ് എന്നീ വിഭാഗങ്ങൾക്കായി രണ്ട് ഡയറക്ടർമാർ, മൂന്ന് ജോയിന്റ് ഡയറക്ടർമാർ, മൂന്ന് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പ്രവർത്തിക്കുന്നു.



*K-LAMPS ന്റെ രൂപീകരണം, പ്രവർത്തനമേഖല, ഭാവിപരിപാടികൾ എന്നിവയെപ്പറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് സംസാരിക്കുന്നു.*

ജനാധിപത്യ പ്രക്രിയ, നിയമസഭാ നടപടികൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് നേരിട്ട് പരിചയവും പഠനവും സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപീകൃതമായ സി.പി.എസ്.ടി. വിഭാഗത്തിന്റെയും ജനാധിപത്യ പ്രക്രിയയിൽ നിയമനിർമ്മാണ സഭകൾ വഹിക്കുന്ന പങ്ക്, നിയമങ്ങളുടെ ആവശ്യകത, അവ സമൂഹത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ദൃശ്യമാധ്യമങ്ങൾ മുഖേന ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപീകൃതമായ സഭാ ടി.വി. വിഭാഗത്തിന്റെയും പ്രവർത്തനസ്വാതന്ത്ര്യവും പ്രവർത്തനമേഖലകളും നിലനിർത്തിക്കൊണ്ടു തന്നെ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുന്ന മേഖലകളിൽ പ്രവർത്തനം വ്യാപരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അവയെ സംയോജിപ്പിച്ച് K-LAMPS എന്ന സംവിധാനത്തിന് തുടക്കമിട്ടത്.

ശരിയായ ദിശാബോധത്തോടെയും ആസൂത്രണത്തോടെയുമുള്ള പ്രവർത്തനങ്ങളിലൂടെ കേരള നിയമസഭയുടെയും കേരളീയ സമൂത്തിന്റെയും ഇടയിൽ ഒരു മധ്യവർത്തിയെന്ന തരത്തിൽ K-LAMPSനെ വികസിപ്പിക്കാനാകുമെന്ന് നിസ്സംശയം പറയുവാൻ സാധിക്കും.

ജനപ്രതിനിധിസഭകളുടെ വൈവിധ്യമാർന്ന നടപടിക്രമങ്ങളും മനുഷ്യോന്മുഖമായ ഇടപെടലുകളും ജാഗ്രതയോടെ ജനങ്ങളിലേക്ക് എത്തിക്കാനുതകുന്ന തരത്തിൽ K-LAMPS മുഖേന നടപ്പിലാക്കാൻ സാധിക്കുന്ന ചില പരിപാടികളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

ഭരണഘടനാ വിദഗ്ധരേയും നിയമജ്ഞരേയും രാഷ്ട്രീയ നേതാക്കളേയും ഉൾപ്പെടുത്തി ഭരണഘടനാ നിർമ്മാണത്തിന്റെ ആദ്യഘട്ട ചർച്ചകൾ മുതലുള്ള ഭരണഘടനാ നിർമ്മാണ സഭയിലെ സംവാദങ്ങൾ വിവരണാത്മകവും വിശകലനാത്മകവുമായി അവതരിപ്പിക്കുന്ന പരിപാടികൾ, ഓരോ ആഴ്ചയിലെയും രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചുള്ള ചർച്ച, കേരള നിയമസഭയുടെ നേതൃത്വത്തിൽ തദ്ദേശഭരണതലത്തിൽ ഒരു നിശ്ചിത കാലയളവിൽ ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച അവതരണവും വിശകലനവും, ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം, അതിർത്തി നിർണ്ണയം, ഭരണഭാഷ നിഘണ്ടു നിർമ്മാണം, ന്യൂനപക്ഷ ഭാഷകൾ തുടങ്ങിയ വിഷയങ്ങളിലുള്ള ചർച്ചകൾ, സഭയും സമൂഹവുമായി ബന്ധപ്പെട്ടുള്ള നിരവധി പരിപാടികൾ എന്നിവ K-LAMPS ന്റെ പാർലമെന്ററി സ്റ്റഡീസ് വിഭാഗവും മീഡിയ വിഭാഗവും യോജിച്ച് സംഘടിപ്പിക്കുവാനും ഡോക്യുമെന്റ് ചെയ്യുവാനും സാധിക്കും. നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പാർലമെന്ററി ജനാധിപത്യവും നടപടിക്രമങ്ങളും സംബന്ധിച്ച പ്രശ്നോത്തരി, സംവാദം, കേരള നിയമസഭാ സന്ദർശനത്തിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സഭാ സമിതികൾ, ഉന്നതഉദ്യോഗസ്ഥർ, വിശിഷ്ട വ്യക്തികൾ എന്നിവരുമായി നടത്തുന്ന അഭിമുഖങ്ങൾ, ദേശീയ തലത്തിൽ പ്രഗൽഭരായ രാഷ്ട്രീയ നേതാക്കൾ, ഭരണഘടനാ വിദഗ്ധർ, നിയമജ്ഞർ, മാധ്യമപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ചർച്ചകൾ, സെമിനാറുകൾ, പ്രഭാഷണ പരമ്പരകൾ, നിയമസഭാ സമിതി സഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടുകളെ ആസ്പദമാക്കിയുള്ള ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുവാനും ആയത് ചിത്രീകരിച്ച് ജനങ്ങളിലേയ്ക്ക് എത്തിക്കുവാനും സാധിക്കും.

K-LAMPS ന് കീഴിൽ ഒരു ഡിജിറ്റൽ ലൈബ്രറി വിഭാഗവും പ്രവർത്തന സജ്ജമായി വരുന്നു. സഭാ ടി.വി. തയ്യാറാക്കുന്ന വീഡിയോകൾ, നിയമസഭാ നടപടിക്രമവുമായി ബന്ധപ്പെട്ട വീഡിയോകൾ, ഓഡിയോ ഫയലുകൾ മുതലായവ സമാഹരിച്ച് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനും ആവശ്യങ്ങൾക്കനുസരിച്ച് തിരഞ്ഞ് കണ്ടുപിടിക്കാൻ സാധ്യമാകുന്ന രീതിയിലുമാണ് ലൈബ്രറി സജ്ജമാക്കുന്നത്. നിലവിൽ നിയമസഭയുടെ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ് K-LAMPS (പാർലമെന്ററി സ്റ്റഡീസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ്. ഒരു ജനപ്രതിനിധിയെ വാർത്തെടുക്കുവാൻ ഉതകുന്ന രീതിയിൽ വിവിധ മേഖലകളിലെ വിഷയങ്ങൾ ഉൾപ്പെടുത്തി, പ്രസ്തുത കോഴ്സ് വിപുലീകരിക്കണമെന്ന ആശയമുണ്ട്.

വിവിധ മേഖലകളിൽ വിജയം കൈവരിച്ചവർ, ദേശീയ/അന്തർദേശീയ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ എന്നിവർക്ക് പുറമേ സാമൂഹ്യ വികസനത്തിന് തനതായ രീതിയിൽ സംഭാവന നൽകിയ, അധികമാരും അറിയാത്ത വ്യക്തികളെ കണ്ടുപിടിച്ച് അവരുടെ പ്രവർത്തനങ്ങൾ/ജീവിതാനുഭവങ്ങൾ ജനപ്രതിനിധികളുടെ/വിശിഷ്ട വ്യക്തികളുടെ മുൻപിൽ Talk show രീതിയിൽ അവതരിപ്പിക്കുന്നതിന് വേദി ഒരുക്കുവാനും അത് സഭാ ടി.വി.യിലൂടെ ജനങ്ങളിലേക്കെത്തിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

സാമൂഹ്യ മാധ്യമങ്ങളുടെ അനന്തസാധ്യത മുതലെടുത്ത് അത്തരം പ്ലാറ്റ്ഫോമുകളിൽ സജീവമാകാനുതകുന്ന പരിപാടികൾ കൂടുതലായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും ശ്രമിക്കുന്നുണ്ട്.

ജനാധിപത്യവ്യവസ്ഥയെ ശക്തിപ്പെടുത്തുവാൻ സഹായകമാകുന്ന പരിപാടികൾ വിജ്ഞാനത്തോടൊപ്പം വിനോദവും പ്രദാനം ചെയ്യുന്ന രീതിയിൽ ജനങ്ങളിലേക്കെത്തിക്കുവാനുതകുന്ന ചില നിർദ്ദേശങ്ങൾ അനേക വർഷത്തെ പാർലമെന്ററി പ്രവർത്തന പരിചയസമ്പത്തുള്ള സ്പീക്കർ ശ്രീ. എം.ബി. രാജേഷ് മുന്നോട്ട് വച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രാവർത്തികമാക്കുവാനും K-LAMPS ഉദ്ദേശിക്കുന്നുണ്ട്.

# കേരള നിയമസഭയുടെ 'ശക്ധർ ആന്റ് കൗൾ' രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു

കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും എന്ന റഫറൻസ് ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു. നിയമസഭാ ദിനമായ ഏപ്രിൽ 27 ന് കേരള നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ഒ.രാജഗോപാൽ എം.എൽ.എ.യ്ക്ക് കോപ്പി നൽകിയാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്. ചടങ്ങിൽ അപ്പോഴത്തെ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.

ഇന്ത്യൻ പാർലമെന്ററി സമ്പ്രദായത്തിന്റെ ചുവടുപിടിച്ച് ലോക്സഭാ സെക്രട്ടറി ജനറൽമാരായിരുന്ന എം.എൻ. കൗൾ, എസ്.എൽ.ശക്ധർ എന്നിവർ പ്രസിദ്ധീകരിച്ച പ്രാക്ടീസ് ആന്റ് പ്രൊസീജിയർ ഓഫ് പാർലമെന്റ് എന്ന പ്രാമാണിക ഗ്രന്ഥത്തിന്റെ ഘടനയിലും മാതൃകയിലുമാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്. ഭരണഘടനാ സ്ഥാപനമായ നിയമനിർമ്മാണ സഭകൾ സ്വയം രൂപപ്പെടുത്തിയിട്ടുള്ള നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളും സഭയുടെ ക്രമീകൃതമായ നടത്തിപ്പിനായി സ്പീക്കർ പുറപ്പെടുവിക്കുന്ന റൂളിംഗുകളും സഭാനടപടികൾക്ക് ഉപോദ്ബലകമായ ഭരണഘടനാവ്യവസ്ഥകളും ഇവയ്ക്കെല്ലാമുപരിയായ കോടതി ഉത്തരവുകളും കൂടാതെ കേരള നിയമസഭയുടെ ചരിത്രവും ഈ പുസ്തകത്തിൽ ലളിതമായി വിവരിച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ പുതിയ പതിപ്പിൽ രാജ്യസഭാ തെരഞ്ഞെടുപ്പ്, ഓർഡിനൻസ് എന്നീ അദ്ധ്യായങ്ങൾ കൂടി ഇടം പിടിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭാ നടപടികളിലെ അപൂർവ്വതകളും ചട്ടങ്ങളിൽ വന്ന പരിഷ്കരണവും പുതിയ കീഴ്വഴക്കങ്ങളും രണ്ടാം പതിപ്പിൽ കോർത്തിണക്കിയിട്ടുണ്ട്. 500/- രൂപ വിലയുള്ള ഈ ഗ്രന്ഥം നിയമസഭാ സമുച്ചയത്തിലെ മ്യൂസിയം വിഭാഗത്തിൽ നിന്ന് പൊതുജനങ്ങൾക്ക് വാങ്ങാനുള്ള സൗകര്യമുണ്ട്.

> "കേരള നിയമസഭയിലെ റൂളിംഗുകളും പ്രീസിഡന്റ്സുമൊക്കെ ഉൾക്കൊള്ളുന്ന മനോഹരമായ ഒരു പുസ്തകം നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ സാമാജികരും അത് പഠനവിധേയമാക്കേണ്ടതാണ്."
>
> ഡോ. എം.കെ. മുനീർ എം.എൽ.എ.
>
> (നിയമസഭാ സാമാജികരുടെ പരിശീലന പരിപാടിയുടെ ഉദ്ഘാടനവേളയിൽ നടത്തിയ ആശംസാ പ്രസംഗത്തിൽ നിന്ന്)





സഭാ സ്പന്ദനങ്ങളുടെ ചരിത്രപുസ്തകമായാണ് 'കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും' അടയാളപ്പെടുത്തുന്നത്. ആദ്യ പതിപ്പ് റഫറൻസ് ഗ്രന്ഥമെന്ന നിലയിൽ നിയമസഭാ സാമാജികർക്ക് മാത്രമല്ല ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമെല്ലാം പ്രയോജനപ്പെട്ടുവെന്ന് വിവിധ പ്രതികരണങ്ങളിൽ നിന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. കേരള നിയമസഭയുടെ നടപടിക്രമങ്ങളിൽ എന്നും കാത്തുസൂക്ഷിച്ചിട്ടുള്ള കൃത്യതയും കണിശതയും തുടർന്നും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് ജനാധിപത്യ സമൂഹത്തിന്റെ പുരോഗമനത്തിന് അനിവാര്യമാണ്. കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ വിവരവിഭവ വികസന വിഭാഗമാണ് ഈ ദൗത്യം ഏറ്റെടുത്തിരിക്കുന്നത്.

K-LAMPS (പാർലമെന്ററി സ്റ്റഡീസ്)

## സർട്ടിഫിക്കറ്റ് കോഴ്സ് ആറാമത് ബാച്ച് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ K-LAMPS (പാർലമെന്ററി സ്റ്റഡീസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ആറാമത് ബാച്ചിന്റെ പരീക്ഷാഫലം 2021 ജൂൺ 24 ന് പ്രഖ്യാപിച്ചു. തിരുവനന്തപുരം സ്വദേശി ആര്യ വാമനൻ ഒന്നാം റാങ്ക് കരസ്ഥമാക്കി. നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരൻ ടി.പി.അബ്ദുൾ മജീദ്, കോട്ടയം സ്വദേശിനി ഡോ. ജോമോൾ ജോർജ് എന്നിവർ രണ്ടാം റാങ്ക് പങ്കിട്ടു. കോഴിക്കോട് സ്വദേശി സാബിത്തിനാണ് മൂന്നാം റാങ്ക്. 2019 ൽ ആരംഭിച്ച ബാച്ചിന്റെ എഴുത്തു പരീക്ഷ കോവിഡ് മഹാമാരിയെ തുടർന്ന് ഓൺലൈനായി 2020 ഡിസംബർ മാസത്തിലും വാചാ പരീക്ഷ 2021 ഫെബ്രുവരി മാസത്തിലുമാണ് നടത്തിയത്. 95 ശതമാനം വിജയമാണ് ഇത്തവണ കൈവരിച്ചത്.

റാങ്ക് ജേതാക്കൾ




ആര്യ വാമനൻ



അബ്ദുൾ മജീദ് ടി.പി.



ഡോ. ജോമോൾ ജോർജ്



സാബിത്ത്

# സഭയിൽ ഓരോ വാക്കിനും അംഗത്തിന് ഉത്തരവാദിത്വമുണ്ട് : മുഖ്യമന്ത്രി

## സാമാജികർക്കായി ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു



പൊതുതെരഞ്ഞെടുപ്പിനുശേഷം നിയമസഭ രൂപീകരിക്കുമ്പോൾ അംഗങ്ങൾക്ക് സഭാ പ്രവർത്തനവും നടപടിക്രമങ്ങളും പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലന പരിപാടി സംഘടിപ്പിക്കാറുണ്ട്. 2021 ജൂൺ 24, 25, 26 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ പതിനഞ്ചാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി കേരളാ ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ, അംഗങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഇ-നിയമസഭാ സംവിധാനം തുടങ്ങിയവ സംബന്ധിച്ച് വിവിധ സെഷനുകളായി പരിശീലനം നടന്നു.

2021 ജൂൺ 24 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിയിൽ, സ്പീക്കർ എം.ബി. രാജേഷ് അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതമാശംസിച്ചു. സഭയിൽ ഓരോ വാക്കിനും അംഗത്തിന് ഉത്തരവാദിത്വമുണ്ടെന്നും സഭാ പ്രവർത്തനങ്ങളെ ഗൗരവത്തോടെ സമീപിക്കണമെന്നും സഭയ്ക്കുള്ളിലെ നടപടിക്രമങ്ങൾ പോലെ തന്നെ പ്രധാനമാണ് കമ്മിറ്റികൾ എന്നതിനാൽ അവയിലുള്ള പങ്കാളിത്തം അംഗങ്ങൾ മുടക്കുവാൻ പാടില്ലെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. നിയമസഭാംഗങ്ങൾ സഭയ്ക്കകത്തും പുറത്തും മാതൃകയായിരിക്കണമെന്നും വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ. മാരുടെ കൂട്ടായ പ്രവർത്തനം ഉണ്ടാകണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗ് വിഭാഗം രൂപീകൃതമായതിന് ശേഷമാണ് നിയമസഭാംഗങ്ങൾക്കായി വിപുലമായ രീതിയിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുവാൻ തുടങ്ങിയതെന്ന് അദ്ദേഹം എടുത്തു പറയുകയും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരിപാടി സംഘടിപ്പിച്ചതിനെ അഭിനന്ദിക്കുകയും ചെയ്തു.

ജനങ്ങളുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിയമസഭാ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാൻ അംഗങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഓറിയന്റേഷൻ പരിപാടി കൊണ്ട് പ്രധാനമായി ഉദ്ദേശിക്കുന്നതെന്ന് സ്പീക്കർ എം.ബി. രാജേഷ് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. നിയമസഭാ നടപടിക്രമങ്ങൾ, കീഴ്‌വഴക്കങ്ങൾ, ഇ-നിയമസഭാ പ്രവർത്തനം തുടങ്ങിയവയിലുള്ള പരിശീലനം നിയമസഭാ പ്രവർത്തനം കൂടുതൽ ഗുണമേന്മയുള്ളതാക്കാൻ സഹായിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി കെ. രാജൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കെ. രാധാകൃഷ്ണൻ, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ഡോ. എം.കെ. മുനീർ എം.എൽ.എ. എന്നിവർ പരിപാടിക്ക് ആശംസ നേർന്ന് സംസാരിച്ചു. നിയമസഭാ സെക്രട്ടറി എസ്. വി. ഉണ്ണികൃഷ്ണൻ നായർ കൃതജ്ഞത പ്രകടിപ്പിച്ചു.

ഉദ്ഘാടന പരിപാടിക്ക് ശേഷം നടന്ന ആദ്യ സെഷനിൽ 'നിയമസഭാ നടപടിക്രമവും പാർലമെന്ററി മര്യാദകളും സാമാജികരുടെ അവകാശങ്ങളും' എന്ന വിഷയം മാത്യൂ ടി. തോമസ് എം.എൽ.എ. അവതരിപ്പിച്ചു. സണ്ണി ജോസഫ് എം.എൽ.എ. സെഷനിൽ അദ്ധ്യക്ഷനായിരുന്നു.

'ബജറ്റ് നടപടിക്രമങ്ങളും സബ്ജക്ട് കമ്മിറ്റികളും' സംബന്ധിച്ച രണ്ടാം സെഷനിൽ മുൻ മന്ത്രി ഡോ. ടി. എം. തോമസ് ഐസക് വിഷയം അവതരിപ്പിക്കുകയും മുൻ മന്ത്രി കെ. സി. ജോസഫ് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. മൂന്നാം സെഷനിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ 'നിയമനിർമ്മാണം' എന്ന വിഷയം അവതരിപ്പിക്കുകയും മുൻ മന്ത്രി എസ്. ശർമ്മ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ആദ്യ ദിനത്തിലെ സെഷനുകൾക്കു ശേഷം വൈകുന്നേരം സാമാജികരും നിയമസഭാ ജീവനക്കാരും പങ്കെടുത്ത സംഗീത പരിപാടി നടന്നു.

പരിശീലന പരിപാടിയുടെ രണ്ടാം ദിനത്തിലെ ആദ്യ സെഷനിൽ 'നിയമസഭാ സമിതികൾ- ഉത്തരവാദിത്തങ്ങളും പ്രവർത്തനവും' എന്ന വിഷയം എൻ. ഷംസുദ്ദീൻ എം.എൽ.എ. അവതരിപ്പിച്ചു. മുൻ എം.എൽ.എ. പി. അയിഷാ പോറ്റി അദ്ധ്യക്ഷയായിരുന്നു. രണ്ടാം സെഷനിൽ 'ചോദ്യോത്തരവേള' എന്ന വിഷയം മുൻ മന്ത്രി വി. എസ്. സുനിൽകുമാർ അവതരിപ്പിക്കുകയും ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം നടന്ന ആദ്യ സെഷനിൽ 'നിയമസഭാ പ്രവർത്തനവും അച്ചടി-ദൃശ്യ-ശ്രവ്യ-സമൂഹമാധ്യമങ്ങളും' എന്ന വിഷയം മാദ്ധ്യമ പ്രവർത്തകനായ സണ്ണിക്കുട്ടി എബ്രഹാം അവതരിപ്പിച്ചു. മുൻ എം.എൽ.എ. കെ. സുരേഷ് കുറുപ്പ് അദ്ധ്യക്ഷനായിരുന്നു. രണ്ടാം സെഷനിൽ 'എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും- ആരോഗ്യകരമായ പാരസ്പര്യത്തിന്റെ പ്രസക്തി' എന്ന വിഷയം സ്പീക്കർ എം. ബി. രാജേഷ് അവതരിപ്പിച്ചു. മോൻസ് ജോസഫ് എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. സെഷനുകൾക്കുശേഷം വൈകുന്നേരം അംഗങ്ങൾക്കായി വീഡിയോ പ്രദർശനം നടത്തി.

മൂന്നാം ദിനത്തിലെ ആദ്യ സെഷനിൽ 'നിയമസഭാ ലൈബ്രറി: സവിശേഷതകളും സേവനങ്ങളും' എന്ന വിഷയം സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർ കുമാർ അവതരിപ്പിച്ചു. ചീഫ് ലൈബ്രേറിയൻ ജി. മേരി ലീല അദ്ധ്യക്ഷത വഹിച്ചു.

നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ അദ്ധ്യക്ഷത വഹിച്ച രണ്ടാം സെഷനിൽ ഗതാഗത വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എസ്. അനിൽ 'ഇ-നിയമസഭ, ചോദ്യോത്തരവേള' എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് ഇ-നിയമസഭ സംബന്ധിച്ച് 'ULTS' പ്രോജക്റ്റ് മാനേജർ ഡെമോൺസ്ട്രേഷനും സംശയനിവാരണവും നടത്തി.

തുടർന്ന് നടന്ന അവലോകന യോഗത്തിൽ ഓറിയന്റേഷൻ പരിപാടിയിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള അംഗങ്ങളുടെ മികച്ച പങ്കാളിത്തമുണ്ടായതിൽ സ്പീക്കർ തൃപ്തി അറിയിച്ചു. വിവിധ സെഷനുകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുക്കുമെന്നും അംഗങ്ങൾക്ക് തുടർ പരിശീലനങ്ങൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച ഓറിയന്റേഷൻ പരിപാടി 2021 ജൂൺ 26 ന് ഉച്ചയോടുകൂടി സമാപിച്ചു.

മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും പ്രസംഗത്തിന്റെ പൂർണ്ണരൂപത്തിനായി QR Code സ്കാൻ ചെയ്യുക.

## നിയമസഭാ സാമാജികർക്കായി കോവിഡ് സുരക്ഷാ പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരള നിയമസഭയുടെ കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) ന്റെയും AMUSEUM Artscience എന്ന സംഘടനയുടെയും സംയുക്താഭിമുഖ്യത്തിൽ നിയമസഭാ സാമാജികർക്കായി കോവിഡ് സുരക്ഷ സംബന്ധിച്ച് ഒരു പരിശീലന പരിപാടി 2021 ജൂൺ 9 ന് നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായൺ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ സ്വാഗതം ആശംസിച്ച പരിപാടിയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷനായിരുന്നു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് മുഖ്യാതിഥിയായ പരിപാടിയുടെ ഉദ്ഘാടനം സ്പീക്കർ എം.ബി.രാജേഷ് നിർവ്വഹിച്ചു. തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് Infection Control വിഭാഗത്തിലെയും AMUSEUM Artscience ന്റെയും പ്രതിനിധികൾ വിഷയം അവതരിപ്പിക്കുകയും കോവിഡ് വ്യാപനം തടയുന്നതിനായി മാസ്ക്, സാനിറ്റൈസർ, പി.പി.ഇ. കിറ്റ് തുടങ്ങിയവ ഉപയോഗിക്കേണ്ടതിന്റെ ശാസ്ത്രീയമായ രീതി സംബന്ധിച്ച് ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്തു. AMUSEUM Artscience ന്റെ പ്രതിനിധി ഡോ.അജിത്കുമാർ കൃതജ്ഞത അർപ്പിച്ചു.

## മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും സാമാജികരുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്കും പരിശീലനം

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും സാമാജികരുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്കുമായി 2021 ജൂലൈ 13, 14 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുള്ള പരിപാടിയിൽ സ്പീക്കർ എം.ബി.രാജേഷും സാമാജികരുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്കുള്ള പരിശീലന പരിപാടിയിൽ നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായരും ആമുഖ പ്രസംഗം നടത്തി. 'റൂൾസ് ഓഫ് പ്രൊസീജിയർ ആന്റ് കണ്ടക്ട് ഓഫ് ബിസിനസ്സ്-ആൻ ഓവർവ്യൂ' എന്ന വിഷയം സംബന്ധിച്ച് സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, 'ക്വസ്റ്റ്യൻ അവർ ആന്റ് ഇ-നിയമസഭ' എന്ന വിഷയത്തിൽ ഗതാഗതവകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എസ്.അനിൽ, 'ലെജിസ്ലേച്ചർ കമ്മിറ്റീസ്-ആൻ ഓവർവ്യൂ' എന്ന വിഷയത്തിൽ ജോയിന്റ് സെക്രട്ടറി എസ്. രാമദാസൻ പോറ്റി, 'ലെജിസ്ലേറ്റീവ് പ്രോസസ്' എന്ന വിഷയത്തിൽ കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) ഡയറക്ടർ ജി.പി.ഉണ്ണികൃഷ്ണൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളിൽ 101 പേരും സാമാജികരുടെ പേഴ്സണൻ അസിസ്റ്റന്റുമാരിൽ 80 പേരും പരിശീലനത്തിൽ പങ്കെടുത്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

# കാലം അടയാളപ്പെടുത്തിയ കർമ്മയോഗി



നീതിപീഠങ്ങളിലും അധികാരസ്ഥാനങ്ങളിലും മാനുഷികമൂല്യവും ഹൃദയശുദ്ധിയും ആത്മശക്തിയും ഉള്ളവർ എത്തിയാൽ അവർ മനുഷ്യഹൃദയങ്ങളിൽ ചിരകാല പ്രതിഷ്ഠ നേടും. നിയമസംഹിതകൾക്ക് ജനനന്മയുടെയും സാമൂഹ്യസേവനത്തിന്റെയും വ്യാഖ്യാനങ്ങൾ നൽകിയതു വഴി മാനവികതയുടെ മുഖം ജുഡീഷ്യറിക്ക് നൽകിയ മനുഷ്യസ്നേഹിയും നിരവധി മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വവുമാണ് വി.ആർ.കൃഷ്ണയ്യർ. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു സാമൂഹിക രാഷ്ട്രീയ അന്തരീക്ഷം കേരളത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അതിന് കാരണഭൂതരായ നിരവധി പേരിൽ പ്രമുഖസ്ഥാനം അദ്ദേഹത്തിനുണ്ട്. അഭിഭാഷകൻ, ജനപ്രതിനിധി, ജനകീയ നേതാവ്, മന്ത്രി, ന്യായാധിപൻ, പൊതുപ്രവർത്തകൻ, മനുഷ്യാവകാശ പ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ തിളങ്ങിയ ബഹുമുഖ പ്രതിഭയും കർമ്മമണ്ഡലങ്ങളിൽ എല്ലാം തന്റെ സാന്നിധ്യം തെളിയിച്ച മഹത്‌വ്യക്തിയുമാണ് കൃഷ്ണയ്യർ.അദ്ദേഹം സമൂഹത്തിന് നൽകിയ സംഭാവനകൾ ഭാരതീയരുടെ പ്രത്യേകിച്ച് കേരളീയരുടെ ജീവിതത്തെ ദീപ്തപൂർണ്ണമാക്കി.

വിപ്ലവകരമായ മാറ്റങ്ങളിലൂടെ കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് നാന്ദികുറിച്ച മന്ത്രിയെന്ന നിലയിലും, പ്രമുഖ അഭിഭാഷകനെന്ന നിലയിലും, ഇന്ത്യയുടെ ഭാവി ദിശാസൂചി മാറ്റി മറിച്ച നിരവധി വിധിന്യായങ്ങൾ പുറപ്പെടുവിച്ച ന്യായാധിപൻ എന്ന നിലയിലും മനുഷ്യാവകാശ ധ്വംസനങ്ങളെ ശക്തമായി എതിർത്ത പൊതുപ്രവർത്തകൻ എന്ന നിലയിലും, വി.ആർ.കൃഷ്ണയ്യർ വേറിട്ടൊരു വ്യക്തിത്വമായിരുന്നു.

ശക്തമായ ജനാധിപത്യ മൂല്യങ്ങളുടെ അചഞ്ചലമായ കർമ്മയോഗിയും കേരളത്തിലെ അവകാശ സമരങ്ങളുടെ നേതാവുമായ വി.ആർ.കൃഷ്ണയ്യരുടെ ജനനം 1915 നവംബർ 15 ന് പാലക്കാട് വൈദ്യനാഥപുരം ഗ്രാമത്തിലായിരുന്നു. അഭിഭാഷകനായിരുന്ന വി.വി. രാമയ്യരുടെയും എസ്.എൻ. നാരായണി അമ്മാളുടെയും മകനായി ജനിച്ച കൃഷ്ണയ്യരുടെ പ്രാഥമിക വിദ്യാഭ്യാസം കൊയിലാണ്ടി എലിമെന്ററി സ്കൂളിലായിരുന്നു. ബാസൽ മിഷൻ സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം അണ്ണാമല സർവ്വകലാശാലയിൽ നിന്ന് ബിരുദവും മദ്രാസ് ലോ കോളേജിൽ നിന്ന് ബി.എല്ലും പാസായി. കോളേജ് പഠനകാലത്ത് പ്രഖ്യാപിത സോഷ്യലിസ്റ്റ് പ്രക്ഷോഭങ്ങൾ ഒരു തരത്തിലും സ്വാധീനിച്ചിട്ടില്ലാത്ത കൃഷ്ണയ്യരിലേക്ക് സോഷ്യലിസ്റ്റ് ആശയങ്ങളുടെ വിത്ത് പാകിയത് അണ്ണാമല സർവ്വകലാശാല ലൈബ്രറിയിൽ നിന്നും കിട്ടിയ ഹരോൾഡ് ലാസ്കിയുടെ പുസ്തകങ്ങളായിരുന്നു.

1938 ൽ ഇരുപത്തിമൂന്നാം വയസ്സിൽ തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിൽ അഭിഭാഷകനായി പ്രവർത്തനമാരംഭിച്ച അദ്ദേഹം കർഷകരുടെയും തൊഴിലാളികളുടെയും കേസുകളായിരുന്നു കൂടുതലും വാദിച്ചിരുന്നത്. ആത്മമിത്രങ്ങളായിരുന്ന സി.എച്ച്.കണാരനും, കാന്തലോട്ട് കുഞ്ഞമ്പുവും, ടി.സി.നാരായണൻ നമ്പ്യാരും മുഖേന വടക്കേ മലബാറിലെ കർഷകരുടെ സ്ഥിതി മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1948 ജൂണിൽ കമ്മ്യൂണിസ്റ്റുകാരോടുള്ള കൂട്ടുകെട്ട് ആരോപിച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. 30 ദിവസത്തെ ജയിൽവാസം കൃഷ്ണയ്യരെ ഇരുട്ടറയിൽ കഴിയുന്ന തടവുകാർക്ക് നീതിയുടെ പ്രകാശമെത്തിച്ച ചരിത്രപുരുഷനാക്കി. അന്നത്തെ ജയിൽ ജീവിതമാണ് പൊതു പ്രവർത്തനത്തിലേക്ക് സജീവമായി ഇറങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

1952 ൽ ആദ്യ പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ അന്ന് മദിരാശി നിയമസഭയുടെ ഭാഗമായിരുന്ന കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്നും കമ്മ്യൂണിസ്റ്റ് പിന്തുണയോടെ കൃഷ്ണയ്യർ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചു. യുവ അഭിഭാഷകൻ, സമൂഹത്തിൽ എല്ലാ വിഭാഗങ്ങളിലും അറിയപ്പെടുന്ന വ്യക്തി എന്നീ നിലകളിൽ കൃഷ്ണയ്യർ സർവ്വസ്വീകാര്യനായ സ്ഥാനാർത്ഥിയായി. കൂത്തുപറമ്പിൽ നിന്ന് വിജയിച്ച് നാല് വർഷം മദിരാശി നിയമസഭാംഗമായി പ്രവർത്തിച്ചു. 1957 ൽ ഐക്യകേരള രൂപീകരണത്തിന് ശേഷം നടന്ന ആദ്യ പൊതുതെരഞ്ഞെടുപ്പിൽ തലശ്ശേരി മണ്ഡലത്തിൽ നിന്ന് കമ്മ്യൂണിസ്റ്റ് പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി കൃഷ്ണയ്യർ വിജയിച്ചു. ആദ്യ കേരള നിയമസഭയിൽ മന്ത്രിയായ അദ്ദേഹം 7 വകുപ്പുകളുടെ ചുമതലയാണ് വഹിച്ചത്. ആഭ്യന്തരം, ജയിൽ, സാമൂഹികക്ഷേമം, ജലസേചനം, വൈദ്യുതി, നിയമം, ഉൾനാടൻ ജലഗതാഗതം എന്നീ വകുപ്പുകളുടെ ചുമതല അദ്ദേഹത്തിനായിരുന്നു. ഈ വകുപ്പുകളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാൻ കൃഷ്ണയ്യർക്ക് കഴിഞ്ഞു. കേരളത്തിന്റെ സാമൂഹ്യവ്യവസ്ഥയെ മാറ്റിമറിച്ച ഭൂപരിഷ്കരണ നിയമം തയ്യാറാക്കിയത് അദ്ദേഹമായിരുന്നു. ജയിൽ മന്ത്രി എന്ന നിലയിൽ ജയിലുകൾ മനുഷ്യരെ നന്നാക്കാനുള്ള സ്ഥാപനമാക്കി മാറ്റാനും, പോലീസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ പോലീസിനെ ജനങ്ങളുടെ ഇച്ഛയ്ക്കും നന്മയ്ക്കും അനുസരിച്ച് പ്രവർത്തിക്കുന്നവരാക്കാനും വൈദ്യുതി, ജലസേചന വകുപ്പുകളുടെ മന്ത്രിയെന്ന നിലയിൽ ജലസമ്പത്തിനെ ജന പങ്കാളിത്തത്തോടെ നാടിന്റെ പുരോഗതിക്ക് ഉപയോഗിക്കാനുമുള്ള ശ്രമമാണ് കൃഷ്ണയ്യരുടെ ഭാഗത്ത് നിന്നുണ്ടായത്.

ജനങ്ങളുടെ പേടിസ്വപ്നം എന്നതിൽ നിന്ന് പോലീസുകാർ ജനസേവകർ എന്ന പരിവേഷത്തിലേക്ക് മാറ്റപ്പെട്ടു. കാറ്റും വെളിച്ചവും സ്വാതന്ത്ര്യവും ജയിലറകളിലേക്ക് കടന്നുചെല്ലുന്നതിന് ജയിൽ പരിഷ്കരണം വഴിവച്ചു. പരോൾ ഉപാധികളിൽ ഇളവുകൾ വരുത്തി. അന്നുവരെ ജയിൽ അടുക്കളകളിൽ നിലനിന്നിരുന്ന ജാതി വ്യത്യാസം ഇല്ലാതാക്കി. സെൻട്രൽ ജയിലുകളിൽ വർഷത്തിൽ രണ്ട് ദിവസം ഓരോ മതവുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ ആഘോഷിക്കുന്നതിന് അനുമതി നൽകി. യുവാക്കളായ ജയിൽ പുള്ളികൾക്ക് പഠിക്കാനും പരീക്ഷ എഴുതാനും അവസരമൊരുക്കി. തിരുവനന്തപുരത്ത് ജുവനൈൽ ഹോം തുറക്കുകയും ജയിൽ ലൈബ്രറികളിൽ നിന്ന് തടവുകാർക്ക് പുസ്തകവും പത്രവും വിതരണം ചെയ്യുകയും ചെയ്തു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം എന്നീ ആഘോഷ ദിനങ്ങളിൽ തടവുകാർക്ക് ജയിൽ വസ്ത്രം മാറ്റി നല്ല വസ്ത്രങ്ങൾ ധരിക്കാൻ അനുവാദം നൽകി. ഇതു കൂടാതെ പോലീസ് സേനയുടെ നവീകരണത്തിനും ക്ഷേമത്തിനും ഒട്ടനവധി പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ച് നടപ്പാക്കി.

സാമൂഹികക്ഷേമ വകുപ്പിലും പലവിധ നൂതന പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു. സ്ത്രീകൾക്കായി റസ്ക്യൂ ഹോമുകൾ ആരംഭിച്ചതും, സ്ത്രീ കുറ്റവാളികളെ വൈകിട്ട് 6 മണിക്ക് ശേഷം ജയിലുകളിൽ അടയ്ക്കരുതെന്ന് നിർദ്ദേശിച്ചതും കുട്ടികളുടെ ക്ഷേമത്തിനായുള്ള നിയമഭേദഗതിക്ക് നിയമമന്ത്രി എന്ന നിലയിൽ നിർദ്ദേശങ്ങൾ നൽകിയതും മറ്റും എടുത്ത് പറയേണ്ട പരിഷ്കാരങ്ങളാണ്. സർക്കാർ പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'ശ്രമദാനം' എന്ന നൂതന ആശയം അദ്ദേഹം ആവിഷ്കരിച്ച് നടപ്പാക്കി. സോവിയറ്റ് യൂണിയനിൽ ലെനിൻ തുടങ്ങിവച്ച സബോട്ടിനി (SUBOTNI) എന്ന ആശയമാണ് ശ്രമദാനത്തിന് പിന്നിൽ. ഈ ജനപങ്കാളിത്ത പദ്ധതിയിലൂടെ കേരളത്തിലങ്ങോളമിങ്ങോളം ജലവൈദ്യുത പദ്ധതികളും റോഡുകളും ജലസേചന പദ്ധതികളും മലബാർ മേഖലകളിൽ മജിസ്ട്രേറ്റ് കോടതികളും സ്ഥാപിക്കപ്പെട്ടു.

1959 ജൂലൈ 31 ന് ആദ്യ കേരള നിയമസഭ പിരിച്ചുവിടപ്പെട്ടതിനെത്തുടർന്ന് അദ്ദേഹം കേരള ഹൈക്കോടതിയിൽ അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. എന്നാൽ 1960 ൽ രണ്ടാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ കൃഷ്ണയ്യർ തലശ്ശേരിയിൽ നിന്ന് വീണ്ടും മത്സരിച്ചു. ആ തെരഞ്ഞെടുപ്പിൽ എതിർസ്ഥാനാർത്ഥി പി.കുഞ്ഞിരാമനോട് കൃഷ്ണയ്യർ പരാജയപ്പെട്ടു. എന്നാൽ തെരഞ്ഞെടുപ്പ് ചോദ്യം ചെയ്ത് കൃഷ്ണയ്യർ കോടതിയിൽ ഫയൽ ചെയ്ത ഹർജിയിന്മേൽ കോടതി കൃഷ്ണയ്യരുടെ വാദം ശരിവയ്ക്കുകയും 1961 സെപ്റ്റംബർ 7 ന് വി.ആർ.കൃഷ്ണയ്യരെ വിജയിയായി പ്രഖ്യാപിക്കുകയും ചെയ്തു. 1961 നവംബർ 13 ന് നിയമസഭാംഗമായി അദ്ദേഹം വീണ്ടും സത്യപ്രതിജ്ഞ ചെയ്തു. 1965 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനു ശേഷം നടന്ന പൊതുതെരഞ്ഞെടുപ്പിൽ സി.പി.ഐ. സ്വതന്ത്രനായി തലശ്ശേരിയിൽ നിന്ന് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

1968 ജൂലൈ 2 ന് 52 ാം വയസ്സിൽ കൃഷ്ണയ്യർ ഹൈക്കോടതി ജഡ്ജിയായി നിയമിതനായി. ഹൈക്കോടതി ജഡ്ജിപദവിയിലും പരമമായ രാഷ്ട്രസേവനം തനിക്ക് സാധ്യമാണെന്ന് അദ്ദേഹം തെളിയിച്ചു. ഹൈക്കോടതിയിൽ അതുവരെ പിൻതുടർന്നുവന്ന പല കീഴ്‌വഴക്കങ്ങളും വി.ആർ.കൃഷ്ണയ്യർ നിരുത്സാഹപ്പെടുത്തി. ജഡ്ജിമാർ ചേംബറിൽ നിന്ന് കോടതിമുറിയിലേക്ക് പോകുമ്പോൾ മുന്നിൽ വെള്ളി വടിയുമായി നീങ്ങുന്ന പ്യൂണിന്റെ സേവനം അദ്ദേഹം വേണ്ടെന്ന് വച്ചു. കേരള ഹൈക്കോടതിയുടെ ചരിത്രത്തിൽ ആദ്യമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ട ജഡ്ജിയും കൃഷ്ണയ്യരാണ്. ഒരു മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൽ പ്രതിജ്ഞാബദ്ധമായ തന്റെ കടമ നിറവേറ്റാനുള്ള മഹത്തായ അവസരമാണ് ജഡ്ജി പദവി എന്ന് അദ്ദേഹം വിശ്വസിച്ചു. കോടതി ജനങ്ങളുടേതാണെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും അതനുസരിച്ച് മാറ്റങ്ങൾ ആവിഷ്കരിക്കുകയും ചെയ്ത ആദ്യത്തെ ജഡ്ജി കൃഷ്ണയ്യരായിരിക്കും. നീതിയാണ് തന്റെ ലക്ഷ്യമെന്നും നിയമം വെറും ഉപകരണം മാത്രമാണെന്നും തിരിച്ചറിഞ്ഞ അദ്ദേഹം സ്വാഭാവിക നീതിയെ അടിസ്ഥാനമാക്കി തീർപ്പ് കൽപ്പിച്ച പല കേസുകളും ഇന്നും രജതരേഖകളാണ്.

1973 ജൂലൈ 17 ന് കൃഷ്ണയ്യരെ സുപ്രീം കോടതി ജഡ്ജിയായി അവരോധിച്ചു. 1980 നവംബർ 14 വരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. സുപ്രീം കോടതിയിൽ എത്തുന്നതിന് മുൻപ് ദേശീയ നിയമ കമ്മീഷൻ അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചു. അക്കാലയളവിൽ കൃഷ്ണയ്യർ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ട് ഭാരതത്തിലെ ദരിദ്രർക്ക് നിയമസംരക്ഷണത്തിനുള്ള അടിസ്ഥാന പ്രമാണമായി മാറി. സുപ്രീംകോടതി ജഡ്ജിയായി സേവനമനുഷ്ഠിച്ച ഏഴര വർഷത്തിനിടയിൽ നാനൂറിലധികം വരുന്ന സുപ്രധാന ജഡ്ജ്മെന്റുകളാണ് അദ്ദേഹം പുറപ്പെടുവിച്ചത്. ഒരു ന്യായാധിപന് വേണ്ടത് സ്വതന്ത്രമായ നീതിനിർവ്വഹണവും ഭയരഹിതവും സ്വാധീനത്തിനതീതമായി നിർബ്ബന്ധങ്ങൾക്ക് കീഴടങ്ങാത്ത പ്രവർത്തനവുമാണെന്ന് കൃഷ്ണയ്യർ പഠിപ്പിച്ചു. അതിന് ഉദാഹരണമാണ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്ക് എതിരായ വിധി.

1987 ൽ ഇന്ത്യയുടെ എട്ടാമത്തെ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ അദ്ദേഹം ആർ.വെങ്കിട്ടരാമനോട് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1999 ൽ കൃഷ്ണയ്യരെ രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചു. 2008 ൽ കേരള സർക്കാർ രൂപീകരിച്ച പത്തംഗ നിയമ പരിഷ്കരണ കമ്മീഷന്റെ അധ്യക്ഷൻ വി.ആർ.കൃഷ്ണയ്യരായിരുന്നു. 2009 ജനുവരിയിൽ സർക്കാരിനു സമർപ്പിച്ച കമ്മീഷൻ റിപ്പോർട്ടിൽ പുതിയ നിയമനിർമ്മാണം ആവശ്യമായിട്ടുള്ള വിവിധ മേഖലകളെ സംബന്ധിച്ചും, നിലവിലെ നിയമങ്ങളുടെ പരിഷ്കരണത്തെ സംബന്ധിച്ചും, ചട്ടങ്ങളിൽ വേണ്ട ഭേദഗതിയെ സംബന്ധിച്ചുമെല്ലാം സമഗ്രമായി പ്രതിപാദിക്കുന്നു. ഒരു ജഡ്ജിയും പറയാൻ ധൈര്യപ്പെടാതിരുന്നത് പറയുകയും രേഖപ്പെടുത്തുകയും ചെയ്തിരുന്ന അദ്ദേഹം പാവപ്പെട്ടവരുടെ താൽപര്യങ്ങൾ പരിരക്ഷിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. അടിയാനോട് നീതി പുലർത്തുന്ന ന്യായാധിപൻമാരാണ് ഭാരതത്തിനു വേണ്ടതെന്നും കീഴ്‌വഴക്കങ്ങളല്ല പുതുവഴക്കങ്ങളാണ് നാടിനാവശ്യമെന്നും അദ്ദേഹം വിശ്വസിച്ചു. അനീതിക്കെതിരായ ചെറുത്തുനിൽപ്പ് കൃഷ്ണയ്യരുടെ ജീവിതദൗത്യമായിരുന്നു. ജീവിതത്തിലുടനീളം ഒരു കർമ്മയോഗി, ഉദാത്തമായ മനസ്സിന്റെയും കറകളഞ്ഞ വ്യക്തിത്വത്തിന്റെയും ഉടമ, മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പ്രത്യേകിച്ച് സ്ത്രീകളുടെയും ദളിതരുടെയും അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയ മനുഷ്യസ്നേഹി എന്നീ നിലകളിലെല്ലാം അദ്ദേഹം ജനഹൃദയങ്ങളിൽ ഇടം നേടിയിട്ടുണ്ട്.

മൗലികാവകാശങ്ങളും രാഷ്ട്രനയത്തിന്റെ നിർദ്ദേശകതത്വങ്ങളും സംബന്ധിച്ച് കൃഷ്ണയ്യർക്ക് മുമ്പും പിമ്പുമുള്ള കാഴ്ചപ്പാടുകൾ പരിശോധിക്കുമ്പോഴാണ് കൃഷ്ണയ്യരിലെ ജനപക്ഷ ന്യായാധിപനെ നാം തിരിച്ചറിയുന്നത്. സമത്വത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം സംബന്ധിച്ച കേസുകളിൽ ഭരണഘടന ആഴത്തിൽ പഠിച്ച് വിധിയെഴുതിയ വി.ആർ.കൃഷ്ണയ്യർ ഭരണഘടനയെ സമ്പുഷ്ടമാക്കി. പല നിയമജ്ഞരും ഭരണഘടനയെ വ്യാഖ്യാനിച്ചപ്പോൾ കൃഷ്ണയ്യർ ഭരണഘടനയെയും സുപ്രീംകോടതിയെയും ജനകീയമാക്കി. ആദിവാസികൾക്കും, ദുർബലജനവിഭാഗങ്ങൾക്കും കാര്യക്ഷമതയും അർപ്പണബോധവുമുള്ള നിയമജ്ഞരെ നൽകുന്ന ഒരു സൗജന്യ നിയമസഹായ സംവിധാനം എന്നും കൃഷ്ണയ്യരുടെ സ്വപ്നമായിരുന്നു. ജയിലിൽ നീതി ഉറപ്പാക്കാൻ കൃഷ്ണയ്യരെ പോലെ ഇത്രയധികം വ്യാഖ്യാനങ്ങൾ നടത്തിയ ജഡ്ജി സുപ്രീം കോടതിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല.

കുറ്റവാളിയായതുകൊണ്ട് ഒരാൾക്ക് മൗലികാവകാശം നിഷേധിക്കാൻ സാധ്യമല്ലെന്ന് അദ്ദേഹം വാദിച്ചു. കത്തുകൾ ഹർജിയായി പരിഗണിച്ചതും, പൊതുതാൽപര്യ വ്യവഹാരത്തിന് തുടക്കം കുറിച്ചതും, സ്ത്രീകളുടെയും കുട്ടികളുടെയും കോടതികൾ വേണമെന്ന് നിർദ്ദേശിച്ചതും കൃഷ്ണയ്യരാണ്. വധശിക്ഷക്കെതിരെ എന്നും നിലപാടെടുത്തിട്ടുള്ള അദ്ദേഹം കുറ്റവാളിയെയല്ല മറിച്ച് കുറ്റത്തിന്റെ കാരണത്തെയാണ് നശിപ്പിക്കേണ്ടതെന്ന് വാദിച്ചു. മനുഷ്യാവകാശങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ പ്രമാണങ്ങളെ പ്രാവർത്തികമാക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. സത്യത്തിന്റെയും നീതിയുടെയും കാവലാൾ അഭിപ്രായങ്ങൾ തുറന്നുപറയാൻ ആരുടേയും മുഖം നോക്കിയിരുന്നില്ല. വി.ആർ.കൃഷ്ണയ്യർ 2014 ഡിസംബർ 4 ന് 100 ാം വയസ്സിൽ അന്തരിച്ചു. 100 ാം ജന്മദിനം ആഘോഷിച്ച് മൂന്നാഴ്ച പിന്നിടുമ്പോഴായിരുന്നു അന്ത്യം.

*തയ്യാറാക്കിയത് :*
*രാഖി കെ.വി.,*
*സെക്ഷൻ ഓഫീസർ*


ഇതര സഭാ വാർത്തകൾ

## മഹാരാഷ്ട്ര അസംബ്ലിയിൽ 12 എം.എൽ.എമാർക്ക് സസ്പെൻഷൻ



സ്പീക്കർ ഭാസ്കർ ജാദവിനോട് അപമര്യാദയായി പെരുമാറിയതിന് മഹാരാഷ്ട്ര നിയമസഭയിൽ 12 ബി.ജെ.പി. അംഗങ്ങളെ ഒരു വർഷത്തേയ്ക്ക് സസ്പെന്റ് ചെയ്തു. 2021 ജൂലൈ 5 ന് സംസ്ഥാന പാർലമെന്ററികാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച പ്രമേയം ശബ്ദവോട്ടോടെ പാസാക്കുകയായിരുന്നു. സസ്പെൻഷൻ കാലയളവിൽ അംഗങ്ങൾക്ക് നിയമസഭ പരിസരത്ത് പ്രവേശിക്കുന്നതിന് അനുമതി നിഷേധിച്ചു.

## പശ്ചിമബംഗാളിൽ ഗവർണ്ണറുടെ പ്രസംഗം മിനിറ്റുകൾക്കുള്ളിൽ പൂർത്തിയാക്കി



പശ്ചിമബംഗാളിൽ നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗം ഏതാനും മിനിറ്റുകളിലൊതുക്കി ഗവർണർ ജഗദീപ് ധൻകർ. പുതിയ നിയമസഭ രൂപീകരിച്ചതിനെ തുടർന്ന് 2021 ജൂലൈ 2 ന് ആദ്യ സമ്മേളനം ആരംഭിച്ച ദിവസം ഗവർണർ പ്രസംഗം അവതരിപ്പിക്കുന്നതിനു മുൻപുതന്നെ ബി.ജെ.പി. അംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം ആരംഭിച്ചിരുന്നു. പ്രതിപക്ഷ എം.എൽ.എ.മാർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അക്രമത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്ലക്കാർഡുകളും മരണപ്പെട്ടവരുടെ ചിത്രങ്ങളും ഉയർത്തിപ്പിടിച്ച് ബഹളം വച്ചതിനെ തുടർന്ന്, സ്പീക്കർ ബിമാൻ ബാനർജി, മുഖ്യമന്ത്രി മമതാ ബാനർജി എന്നിവരുമായി ഗവർണ്ണർ കൂടിയാലോചിച്ച് പ്രസംഗത്തിന്റെ ആദ്യഭാഗവും അവസാനഭാഗവും മാത്രം വായിച്ച് ഏതാനും മിനിറ്റുകൾക്കുള്ളിൽ പൂർത്തിയാക്കുകയായിരുന്നു. വോട്ടെടുപ്പിന് ശേഷമുള്ള അക്രമത്തിനിരയായവരെ കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു വാക്കുപോലും പറയാത്തതിൽ പ്രതിഷേധിച്ചാണ് പ്രസംഗം തടസ്സപ്പെടുത്തിയതെന്ന് പ്രതിപക്ഷ നേതാവ് ശുഭേന്ദു അധികാരി അറിയിച്ചു.

## ഉത്തരാഖണ്ഡിൽ പുതിയ മുഖ്യമന്ത്രി



ഉത്തരാഖണ്ഡിലെ പതിനൊന്നാമത് മുഖ്യമന്ത്രിയായി പുഷ്കർ സിങ് ധാമി സത്യപ്രതിജ്ഞ ചെയ്തു. നാലു മാസത്തിനിടയിലെ മൂന്നാമത്തെ മുഖ്യമന്ത്രിയാണ് പുഷ്കർ സിങ് ധാമി. മുഖ്യമന്ത്രി ത്രിവേന്ദ്ര സിങ് റാവത്ത് 2021 മാർച്ച് 10 ന് രാജിവച്ചതിനെ തുടർന്ന് തീരഥ് സിങ് റാവത്ത് മുഖ്യമന്ത്രിയായി ചുമതലയേറ്റിരുന്നു. എം.എൽ.എ. അല്ലാതിരുന്ന തീരഥ് സിങ് റാവത്ത് ഭരണഘടന പ്രകാരം സത്യപ്രതിജ്ഞ ചെയ്ത് ആറു മാസത്തിനുള്ളിൽ ജനവിധി തേടണമായിരുന്നു. കോവിഡ് മൂലം ഉപതെരഞ്ഞെടുപ്പ് ഉടനെ നടത്തേണ്ടതില്ലെന്ന തെരഞ്ഞെടുപ്പു കമ്മീഷന്റെ തീരുമാനം ഉണ്ടായതോടെ സെപ്റ്റംബർ പത്തിനു മുൻപ് വിജയിച്ച് എം.എൽ.എ. ആകാനുള്ള സാധ്യത മങ്ങിയതിനാൽ അദ്ദേഹം രാജിവയ്ക്കുകയായിരുന്നു. ഈ സാഹചര്യത്തിലാണ് ഖാതിമ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആയ പുഷ്കർസിങ് ധാമിയെ മുഖ്യമന്ത്രിയാക്കാൻ ബി.ജെ.പി. നിയമസഭാകക്ഷി യോഗം തീരുമാനിച്ചത്.

## പശ്ചിമ ബംഗാളിൽ ലെജിസ്ലേറ്റീവ് കൗൺസിൽ: നിയമസഭ പ്രമേയം പാസാക്കി

പശ്ചിമ ബംഗാളിൽ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രമേയം 2021 ജൂലൈ 6 ന് പശ്ചിമ ബംഗാൾ നിയമസഭ പാസാക്കി. ഭരണഘടന അനുച്ഛേദം 169 പ്രകാരമുള്ള പ്രമേയം 69 നെതിരെ 196 വോട്ടുകൾക്കാണ് പാസായത്. ആകെയുള്ള 294 അംഗങ്ങളിൽ 265 പേരാണ് വോട്ടെടുപ്പിൽ ഹാജരായത്. തെരഞ്ഞെടുപ്പുസമയത്തെ പ്രഖ്യാപനത്തിൽ തൃണമൂൽ കോൺഗ്രസ് നേതാവ് മമതാബാനർജി ലെജിസ്ലേറ്റീവ് കൗൺസിൽ തിരികെ കൊണ്ടുവരുമെന്ന വാഗ്ദാനവും നൽകിയിരുന്നു. മുതിർന്ന തൃണമൂൽ കോൺഗ്രസ് നേതാവും പാർലമെന്ററികാര്യ മന്ത്രിയുമായ പാർത്ഥ ചാറ്റർജിയാണ് പ്രമേയം സഭയുടെ മേശപ്പുറത്തു വച്ചത്. പ്രമേയം ലോക്സഭയിലും രാജ്യസഭയിലും അംഗീകരിക്കപ്പെടുന്ന പക്ഷം നിയമവ്യവസ്ഥകളനുസരിച്ച് ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കുന്നതിന് സാധിക്കും. പാർലമെന്റിൽ ഇതിനെ എതിർക്കുമെന്ന് പ്രതിപക്ഷ നേതാവ് അറിയിച്ചു.



പശ്ചിമ ബംഗാളിൽ നിലവിലുണ്ടായിരുന്ന ഉപരിസഭ 1969 ലെ കൂട്ടുകക്ഷി സർക്കാർ റദ്ദാക്കുകയായിരുന്നു.

## കർണ്ണാടകയിൽ ബസവരാജ് ബൊമ്മെ മുഖ്യമന്ത്രിയായി ചുമതലയേറ്റു



കർണ്ണാടകയുടെ മുപ്പത്തി ഒന്നാമത് മുഖ്യമന്ത്രിയായി ബസവരാജ് ബൊമ്മെ ചുമതലയേറ്റു. സ്ഥാനമൊഴിയുന്ന മുഖ്യമന്ത്രി ബി.എസ്.യെദ്യൂരപ്പയുടെ വിശ്വസ്തനും യെദ്യൂരപ്പ സർക്കാരിൽ ആഭ്യന്തര-നിയമ- പാർലമെന്ററികാര്യ മന്ത്രിയുമായിരുന്നു അദ്ദേഹം. മുൻമുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയും ജനതാദൾ നേതാവുമായിരുന്ന എസ്. ആർ.ബൊമ്മെയുടെ മകനാണ് ബി.ജെ.പി. നേതാവും 61 കാരനുമായ ബസവരാജ് ബൊമ്മെ.

ജനതാദളിലൂടെ രാഷ്ട്രീയത്തിലെത്തിയ ബസവരാജ് ബൊമ്മെയെ 2008 ൽ ബി.ജെ.പി. യിലെത്തിച്ചത് ബി.എസ്.യെദ്യൂരപ്പയായിരുന്നു. 2008 ൽ യെദ്യൂരപ്പ സർക്കാരിൽ ജലവിഭവ സഹകരണ വകുപ്പ് മന്ത്രിയായിരുന്നു. ഹാവേരി ജില്ലയിലെ ഷിഗ്ഗാവിൽ നിന്നുള്ള എം.എൽ.എ.യാണ്.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

## കോവിഡ് 19 വാക്സിനേഷൻ ഊർജ്ജിതപ്പെടുത്തി നിയമസഭാ സെക്രട്ടേറിയറ്റ്

കോവിഡ് വാക്സിനേഷൻ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളന കാലയളവിൽ നിയമസഭാ സാമാജികർക്കായി 2021 ജൂൺ 10 ന് നിയമസഭാ സമുച്ചയത്തിൽ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. 2021 ഏപ്രിൽ 7,8,9 തീയതികളിൽ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ 45 വയസ്സിന് മുകളിലുള്ള നിയമസഭാ ജീവനക്കാർക്ക് വാക്സിൻ എടുക്കുന്നതിനായി പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചിരുന്നു. 2021 ജൂൺ 19 ന് സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തിവന്നിരുന്ന വാക്സിനേഷൻ ക്യാമ്പിലും നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കായി പ്രത്യേക കൗണ്ടർ രൂപീകരിച്ച് 45 വയസിനു മുകളിലുള്ളവർക്ക് വാക്സിനെടുക്കുവാൻ അവസരം ഒരുക്കിയിരുന്നു.



ആദ്യ ഡോസ് വാക്സിൻ എടുക്കുന്നവർക്ക് മുൻഗണന നൽകി 2021 ജൂലൈ 2 നും ജൂലൈ 16 നും നിയമസഭാ സെക്രട്ടേറിയറ്റിൽ ജീവനക്കാർക്കായി വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് രണ്ടാം ഡോസ് വാക്സിൻ എടുക്കുന്നതിന് സമയപരിധി പൂർത്തിയായവരെയും പരിഗണിച്ചിരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഭൂരിഭാഗം ജീവനക്കാരും വാക്സിൻ സ്വീകരിച്ചു.

## ഓണത്തിന് ഒരു മുറം പച്ചക്കറി



നിയമസഭാ സെക്രട്ടേറിയറ്റിലെ ഹരിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഓണത്തിനാവശ്യമായ പച്ചക്കറി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന കൃഷി പരിപാടി സ്പീക്കർ എം. ബി. രാജേഷ് 2021 ജൂൺ 16 ന് ഉദ്ഘാടനം ചെയ്തു.

നിയമസഭാ വളപ്പിൽ ഏകദേശം 20 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തുവരുന്നു. കൂടാതെ ആയിരത്തിലധികം ഗ്രോബാഗുകളിലും ചെടിച്ചട്ടികളിലുമായി വിവിധയിനം പച്ചക്കറികൾ നട്ടുവളർത്തി വരുന്നു. പച്ചക്കറികൾ ഹരിതക്ലബ്ബിന്റെ നേതൃത്വത്തിൽ വിളവെടുക്കുകയും തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ ഹരിതക്ലബ്ബിന്റെ കൗണ്ടർ വഴി ജീവനക്കാർക്ക് വില്പന നടത്തുകയും ചെയ്തു വരുന്നു.

ജൈവമാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ചിട്ടുള്ള ബയോ പാർക്ക്, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണികൾ എന്നിവ കൃഷികാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തിവരുന്നു. ജേഴ്സി,കാസർഗോഡ് കുള്ളൻ എന്നീയിനങ്ങളിൽപ്പെട്ട രണ്ട് പശുക്കളെയും പരിപാലിച്ചു വരുന്നു. അവയിൽ നിന്ന് ലഭിക്കുന്ന വളവും കൃഷിക്ക് പ്രയോജനപ്പെടുത്തുന്നു.


നിയമസഭാ വളപ്പിൽ കരനെല്ല്, കുറ്റിക്കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ഇവിടെ വിളയിക്കുന്ന കരനെല്ല് പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിറപുത്തരി ചടങ്ങിന് ഉപയോഗിക്കുന്നുണ്ട്. കദളീവനം, മുളവനം, തുളസീവനം, നക്ഷത്ര വനം, ശലഭ ഉദ്യാനം, വിവിധ ഔഷധ സസ്യങ്ങൾ എന്നിവയും ഇവിടെ പരിപാലിച്ചു വരുന്നു.




## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




### മലമുഴക്കി
എൻ. എ. നസീർ
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2020.
Call No: JB 32R0
(കാടിന്റെ ഗഹനത സമ്മാനിച്ച വശ്യവും മനോഹരവുമായ അനുഭവങ്ങളുടെ ദീപ്തമായ ഓർമ്മക്കുറിപ്പുകൾ)



### കേരളത്തിലെ നീർപ്പക്ഷികൾ
ഡോ. ടി.ആർ. ജയകുമാരി & ആർ. വിനോദ് കുമാർ
ഗ്രീൻ ബുക്സ്: തൃശ്ശൂർ, 2018.
Call No: K96.212 32Q8
(പ്രകൃതിയുടെ നീർത്തടങ്ങളെ ആശ്രയിച്ച ജീവിക്കുന്ന കേരളത്തിലുള്ളതും കേരളത്തിലേക്ക് ദേശാടകരായി എത്തുന്നതുമായ നീർപ്പക്ഷികളെക്കുറിച്ചുള്ള ഗ്രന്ഥം)




### കുറ്റാന്വേഷണത്തിലെ വൈദ്യശാസ്ത്രം
ഡോ. ബി. ഉമാദത്തൻ
ഡിസി ബുക്സ്: കോട്ടയം, 2020.
Call No: L0bZ 32R0
(ഫോറൻസിക് മെഡിസിൻ എന്ന ശാസ്ത്രശാഖയെ വസ്തുനിഷ്ഠമായും ലളിതമായും സമഗ്രമായും അവതരിപ്പിക്കുന്ന ഗ്രന്ഥം)



### പൂർണ: എവറസ്റ്റ് കീഴടക്കിയ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പെൺകുട്ടി
അപർണ തോത്ത
വിവർത്തനം ചെയ്തത് : രശ്മി കിട്ടപ്പ
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2020.
Call No: MY26-wPOO 32R0
(അപർണ തോത്തയുടെ 'Poorna: The Youngest Girl in the World to Scale Mount Everest എന്ന ഇംഗ്ലീഷ് ജീവചരിത്ര ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ)




### വിശ്വോത്തര ക്രിസ്മസ് കഥകൾ
വിവർത്തനം ചെയ്തത് : പി.ജെ. മാത്യു
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2018.
Call No: O,3(Q6) 32Q8
(ക്രിസ്മസ് പ്രമേയമായി വരുന്ന 15 വിശ്വപ്രസിദ്ധ കഥകളുടെ സമാഹാരം)



### അധ്യാപക കഥകൾ
അക്ബർ കക്കട്ടിൽ
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2019.
Call No: O32,3AKBQ9
(കഥാസമാഹാരം)



### വിലായത്ത് ബുദ്ധ
ജി. ആർ. ഇന്ദുഗോപൻ
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2020.
Call No: O323NDR0
(നോവൽ)




### അരിപ്പൂക്കരയുടെ ഓർമ്മപ്പുസ്തകം
ശ്രീദേവി ശിവദാസ്
താമര: കോട്ടയം, 2019.
Call No: O32,3SREQ9
(നോവൽ)

## വിജ്ഞാനപഥം



ഇ.കെ. നായനാർ


സി. അച്യുതമേനോൻ


വി.ആർ.കൃഷ്ണയ്യർ


കെ.ആർ. നാരായണൻ


എ.കെ. ആന്റണി


കെ.കരുണാകരൻ

1. ഒന്നാം കേരള നിയമസഭയിലേക്ക് 1957 ൽ നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് രൂപീകൃതമായ മന്ത്രിസഭയിൽ എത്ര സ്വതന്ത്ര അംഗങ്ങൾ ഉണ്ടായിരുന്നു?

**മൂന്ന്**
**(ഡോ. എ.ആർ. മേനോൻ, വി.ആർ. കൃഷ്ണയ്യർ, പ്രൊഫ.ജോസഫ് മുണ്ടശ്ശേരി)**

2. ഒരേ കേരള നിയമസഭയിൽ തന്നെ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ പദവികൾ മാറി മാറി വഹിച്ച രണ്ട് വ്യക്തികൾ?

**ഇ.കെ. നായനാർ,**
**കെ. കരുണാകരൻ**
**(ആറാം കേരള നിയമസഭയിൽ)**

3. ഇപ്പോഴത്തെ നിയമസഭാ മന്ദിരം ഉദ്ഘാടനം ചെയ്തത് ആര് ?

**കെ.ആർ. നാരായണൻ**
**(1998 മേയ് 22 ന്)**

4. 1972 ആഗസ്റ്റ് 14 ന് അർദ്ധരാത്രി കേരള നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നത് ഏതുമായി ബന്ധപ്പെട്ടാണ്?

**ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ രജത ജൂബിലി**

5. നിയമസഭയുടെ കാലാവധി 18 മാസത്തോളം ദീർഘിപ്പിച്ചത് ഏത് കാലയളവിൽ?

**4 ാം കേരള നിയമസഭയുടെ**
**(4.10.1970 മുതൽ 22.3.1977 വരെ)**

6. അഞ്ചാം കേരള നിയമസഭയിൽ നിയമസഭാംഗമല്ലാതെ മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണി ഉപതെരഞ്ഞെടുപ്പിൽ ഏത് മണ്ഡലത്തിൽ നിന്നാണ് ജനവിധി തേടിയത്?

**കഴക്കൂട്ടം (തിരുവനന്തപുരം ജില്ല)**

7. സഭയിൽ ഭൂരിപക്ഷം ഉണ്ടായിരുന്നിട്ടും നിയമസഭയുടെ കാലാവധി തീരുന്നതിനു മുമ്പ് ക്യാബിനറ്റ് ഉപദേശപ്രകാരം ഗവർണ്ണർ നിയമസഭ പിരിച്ചു വിട്ടത് എന്ന്? ഏത് നിയമസഭാ കാലയളവിൽ?

**1991 ഏപ്രിൽ 5 ന്,**
**8 ാം കേരള നിയമസഭ**
**(25.3.1987 മുതൽ 5.4.1991 വരെ)**

8. കേരള നിയമസഭ പാസ്സാക്കിയ ഏത് നിയമത്തിനാണ് പ്രസിഡന്റ് പുനഃപരിശോധനയ്ക്കുള്ള ശിപാർശ നൽകുകയോ അനുമതി നൽകുകയോ ചെയ്യാതിരുന്നത്?

**1973 ലെ ദി ഹിന്ദു മാര്യേജ് (കേരള അമെന്റ്മെന്റ്) ബിൽ**


9. കേരളത്തിന്റെ പ്രഥമ മന്ത്രിസഭയിൽ അംഗമായിരിക്കുകയും പിന്നീട് സുപ്രീംകോടതി ജഡ്ജിയാകുകയും ചെയ്ത വ്യക്തി?

**വി.ആർ.കൃഷ്ണയ്യർ**

10. 1957 നു ശേഷം കേരള നിയമസഭയിൽ എത്ര വിശ്വാസ പ്രമേയം ചർച്ചയ്ക്ക് വന്നു?


**ഒന്ന്**
**(18.3.1970 ൽ സി. അച്യുതമേനോൻ അവതരിപ്പിച്ചത്)**

## വലയിൽ നിന്ന്.......







### ആയിരം ചിറകുള്ള പക്ഷി
വി.ജി. തമ്പി
ഗ്രീൻ ബുക്സ്: തൃശ്ശൂർ, 2019.
Call No: O32,6THA Q9
(ലേഖന സമാഹാരം)



### യാത്ര പറയാതെ
എം.വി. ശ്രേയാംസ്കുമാർ
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2020.
Call No: U8 32R0
(യാത്രാവിവരണം)




### ശശി തരൂരിന്റെ പ്രഭാഷണങ്ങൾ
ശശി തരൂർ
വിവർത്തനം ചെയ്തത് : സിസിലി
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2020.
Call No: V2y7SHA,232R0
(ഡോ. ശശി തരൂരിന്റെ ഇംഗ്ലീഷ് പ്രഭാഷണങ്ങളുടെ മലയാള പരിഭാഷ.)



### ആ മരത്തെയും മറന്നു മറന്നു ഞാൻ
കെ.ആർ. മീര
ഡിസിബുക്സ്: കോട്ടയം, 2020.
Call No: O32,3MEER0
(നോവൽ)

കേരളത്തിന്റെ സാമൂഹ്യ പരിവർത്തന ചരിത്രത്തിൽ അയ്യങ്കാളിയുടെ ജീവിതവും പ്രവർത്തനങ്ങളും മായാത്ത ഏടുകളായി അവശേഷിക്കുന്നു. താൻ ഉൾപ്പെടുന്ന ജനവിഭാഗത്തിന്റെ അവശതകളും ആവശ്യങ്ങളും കാൽനൂറ്റാണ്ടോളം അയ്യങ്കാളിയുടെ ഗംഭീരസ്വരത്തിൽ പ്രജാസഭയിലെ ഭിത്തികൾക്കുള്ളിൽ അലയടിച്ചു. തലയുയർത്തി ജീവിക്കുന്നതിന് വിദ്യാഭ്യാസവും ഭൂമിയുമാണ് വേണ്ടത് എന്ന തിരിച്ചറിവിൽ, അതിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ പോരാട്ടങ്ങളാണ് പ്രസംഗങ്ങളിൽ നിഴലിച്ചത്



# ശ്രീമൂലം പ്രജാസഭയിലാദ്യമായി അവർണ്ണർക്കു വേണ്ടി ഒരാൾ

ആഗസ്റ്റ് 28 അയ്യങ്കാളിയുടെ ജന്മദിനം ആഘോഷിക്കുമ്പോൾ തിരുവനന്തപുരത്തെ വെങ്ങാനൂരിൽ നിന്ന് പ്രജാസഭയിലേയ്ക്കുള്ള അദ്ദേഹത്തിന്റെ പടയോട്ടത്തെ നാട് ഓർമ്മിക്കുന്നു. സവർണ്ണപ്രമാണിമാരെ വെല്ലുവിളിച്ച വില്ലുവണ്ടിയോടിച്ച പോരാളി, അടിമകളെ അടിച്ചമർത്തിയ മണ്ണിൽ അവർക്കു വേണ്ടി പോരാടിയ പടത്തലവൻ, കീഴാള ജനതയെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ അശ്രാന്തപരിശ്രമം നടത്തിയ മഹാത്മാവ് എന്നിങ്ങനെ അയ്യങ്കാളി അറിയപ്പെടുമ്പോൾ അധഃസ്ഥിത വിഭാഗത്തിനുവേണ്ടി പ്രജാസഭയിൽ അദ്ദേഹം നടത്തിയ വാക്പോരാട്ടങ്ങളും ശ്രദ്ധേയമാകുന്നു.

തിരുവിതാംകൂറിൽ നിയമനിർമ്മാണ സഭകളുടെ ആദ്യരൂപത്തിന്റെ വിത്തുപാകിയത് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തായിരുന്നു. 1888ൽ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകൃതമായപ്പോൾ മൂന്ന് അനൗദ്യോഗികാംഗങ്ങൾ ഉൾപ്പെടെ എട്ട് അംഗങ്ങളാണുണ്ടായിരുന്നത്. പൊതുജനങ്ങൾക്ക് ഭരണകാര്യങ്ങളിൽ അഭിപ്രായ പ്രകടന പങ്കാളിത്തം നൽകുക എന്ന ഉദ്ദേശ്യത്തോടെ 1904 ൽ ശ്രീമൂലം പ്രജാസഭ എന്ന പേരിൽ മറ്റൊരു നിയമനിർമ്മാണ സഭ കൂടി രൂപീകരിച്ചത് ശ്രീമൂലം തിരുനാളിന്റെ വിപ്ലവകരമായ ഭരണപരിഷ്കാരമായിരുന്നു. തെരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമായി പരമാവധി നൂറ് അംഗങ്ങളുമായി പ്രജാസഭ നിലവിൽ വന്നു.

പ്രജാസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാത്ത ജനപ്രതിനിധികളെ ഭരണകൂടം നാമനിർദ്ദേശം ചെയ്യുകയായിരുന്നു. ഇവർ സഭയിൽ പ്രാതിനിധ്യം ലഭിക്കാത്ത സമുദായങ്ങളിൽ നിന്നുള്ളവരായിരിക്കണം എന്നായിരുന്നു വ്യവസ്ഥ. വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ സഭയിൽ അവതരിപ്പിച്ച് പരിഹാരം തേടുന്നതിന് അതതു വിഭാഗത്തിന്റെ പ്രതിനിധിയെ നോമിനേറ്റ് ചെയ്യുന്ന രീതിയുണ്ടായിരുന്നു. എങ്കിലും അവർണ്ണ വിഭാഗങ്ങളിലെ ജനങ്ങൾക്ക് അയിത്തത്തിന്റെ പേരിൽ അത്തരമൊരു പ്രാതിനിധ്യം ഇല്ലാതിരുന്നതിനാൽ അവർക്ക് വിദ്യാഭ്യാസം, സർക്കാർ ഉദ്യോഗങ്ങൾ തുടങ്ങിയവയ്ക്ക് അവസരം ലഭിച്ചിരുന്നില്ല. 1911-ൽ പുലയ വിഭാഗത്തിന്റെ പ്രശ്നങ്ങൾ സഭയിൽ അവതരിപ്പിക്കുന്നതിനും പരിഹാരം തേടുന്നതിനും ഒരു പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രജാസഭയിൽ അവർണ്ണരെ പ്രതിനിധാനം ചെയ്ത് ആദ്യമെത്തിയത് സവർണ്ണവിഭാഗത്തിൽ നിന്നുള്ള 'സുഭാഷിണി' പത്രാധിപർ കരമന പി.കെ. ഗോവിന്ദപ്പിള്ളയായിരുന്നു. ശ്രീമൂലം പ്രജാസഭയുടെ ഏഴാം സമ്മേളന കാലത്ത് 1911 ഫെബ്രുവരി 18 ന് ചേർന്ന യോഗത്തിൽ പി.കെ.ഗോവിന്ദപിള്ള സംസ്ഥാനത്തെ പുലയ സമുദായത്തിൽപ്പെട്ടവരെ സംബന്ധിക്കുന്ന സാമൂഹികപ്രശ്നങ്ങൾ സഭയിൽ അവതരിപ്പിച്ച് സംസാരിച്ചു.അഞ്ചുലക്ഷത്തിലധികം വരുന്ന പുലയ സമുദായക്കാരുടെ പ്രധാന പ്രശ്നം പാർപ്പിടവും സ്വന്തമായി കൃഷിഭൂമിയും ഇല്ലാത്തതാണ്. അതിനുവേണ്ടി അവർ നൽകുന്ന അപേക്ഷകൾക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ലെന്നും യജമാനനുവേണ്ടി കൃഷി ചെയ്യുന്ന സ്ഥലത്തിനു സമീപത്തുള്ള പുറമ്പോക്കു ഭൂമി അവർക്ക് പതിച്ചുകൊടുക്കണമെന്നും പി.കെ. ഗോവിന്ദപിള്ള ആവശ്യപ്പെട്ടു. സർക്കാർ അനുമതി ഉണ്ടായിരുന്നിട്ടും ആ സമുദായത്തിൽപ്പെട്ടവർക്ക് സ്കൂൾ പ്രവേശനം നൽകാത്തതിനെ വിമർശിച്ചുകൊണ്ട് അദ്ദേഹം ഫെബ്രുവരി 17 ന് വീണ്ടും സഭയിൽ സംസാരിച്ചു. പുലയ സമുദായത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണമെന്നും അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകണമെന്നും പി.കെ. ഗോവിന്ദപിള്ള സഭയിൽ വാദിച്ചു.



വെങ്ങാനൂരിലെ അയ്യങ്കാളി സ്മാരകം

പി.കെ.ഗോവിന്ദപിള്ളയ്ക്ക് ദിവാൻ പി.രാജഗോപാലാചാരി സഭാതലത്തിൽ മറുപടി നൽകി. സർക്കാർ ആശുപത്രികളിൽ പുലയർക്കുള്ള വാർഡുകളുടെ എണ്ണം കൂട്ടണമെന്ന വിഷയം ആലോചിക്കാമെന്നും അവരിൽ പരീക്ഷകൾ ജയിച്ചവരുടെ ലിസ്റ്റ് ചീഫ് സെക്രട്ടറിക്ക് മെമ്പർ നൽകണമെന്നും ദിവാൻ പറഞ്ഞു. ആ മറുപടി തൃപ്തികരമായി തോന്നാത്തതിനാൽ പി.കെ.ഗോവിന്ദപിള്ള മറ്റൊരു വിഷയം സഭയിൽ അവതരിപ്പിച്ചു. അടുത്ത യോഗത്തിൽ അവരിൽ ഒരാൾ തന്നെ സഭയിൽ ഹാജരായി ആവശ്യങ്ങൾ യോഗത്തിൽ ബോധിപ്പിക്കുന്നതിന് അനുവദിക്കണമെന്നായിരുന്നു അപേക്ഷ. ഇക്കാര്യത്തിൽ ദിവാൻ മറ്റംഗങ്ങളുടെ അഭിപ്രായം ആരാഞ്ഞതിൽ ആരും എതിർപ്പ് പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ ഗോവിന്ദപ്പിള്ളയുടെ ആവശ്യം അംഗീകരിക്കപ്പെട്ടു. പ്രജാസഭയുടെ അടുത്ത യോഗത്തിൽ പുലയ വിഭാഗത്തിന്റെ സങ്കടങ്ങൾ നേരിട്ട് സഭയിൽ ബോധിപ്പിക്കുന്നതിന് അതേ സമുദായത്തിൽ നിന്നുള്ള പ്രതിനിധിയെ നോമിനേറ്റ് ചെയ്യുന്നതാണെന്ന് ദിവാൻ പ്രഖ്യാപിച്ചു. അക്കാലത്ത് അവർണ്ണ വിഭാഗത്തിൽ നിന്ന് ഉയർന്നുവന്ന അയ്യങ്കാളിയെ പ്രതിനിധിയാക്കുന്നതായിരുന്നു ഏവർക്കും താല്പര്യം. തഹസീൽദാരായിരുന്ന പ്രാക്കുളം പത്മനാഭപിള്ളയുടെ ശിപാർശ കൂടി കണക്കിലെടുത്ത് 1911 ഡിസംബർ 4 ന് അയ്യങ്കാളിയെയും മറ്റു പതിനഞ്ച് പേരെയും നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

1912 ഫെബ്രുവരി 26 ന് ചേർന്ന പ്രജാസഭയുടെ എട്ടാമത് സമ്മേളനത്തിൽ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി നിയമനിർമ്മാണ സഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അയിത്ത ജാതിക്കാരനായ അയ്യങ്കാളി തന്റെ വില്ലുവണ്ടിയിലെത്തിച്ചേർന്നു. ഫെബ്രുവരി 27 ന് സഭാതലത്തിൽ ഇംഗ്ലീഷിൽ കന്നിപ്രസംഗം നടത്തി. പുലയ സമുദായത്തിൽപ്പെട്ടവർക്ക് പുതുവൽ പതിക്കപ്പെട്ട തരിശുഭൂമികളിൽ ഉപയോഗമില്ലാതെ കിടക്കുന്നവയിൽ ചിലത് അവരുടെ സൗഖ്യത്തിനും സൗകര്യത്തിനുമായി അനുവദിച്ചു നൽകണമെന്നതായിരുന്നു പ്രഥമ ആവശ്യം. ആ വിഭാഗത്തിലുള്ളവർ സ്വന്തമായി അധ്വാനിച്ചുണ്ടാക്കി അനുഭവിച്ചു വരുന്നതും വാസസ്ഥലം നിർമ്മിച്ചിട്ടുള്ളതുമായ ഭൂമിയിൽ ചില വനംവകുപ്പുദ്യോഗസ്ഥർ ധനികരുമായി യോജിച്ച് ഒഴിച്ചിടപ്പെട്ട വനങ്ങളുണ്ടെന്ന് വാദിച്ചുകൊണ്ട് വനങ്ങളിലുള്ള കുടിലുകളിൽ നിന്ന് ഒഴിഞ്ഞുപോകുവാൻ നിർബന്ധിക്കുകയും മറ്റുള്ളവരെ ആ പ്രദേശം കൈവശപ്പെടുത്തുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതായ പരാതിയും അയ്യങ്കാളി സഭയിൽ ഉന്നയിച്ചു. സബ്മിഷന് സഭാതലത്തിൽ ദിവാൻ രാജഗോപാലാചാരി മറുപടി നൽകി.

1912 മാർച്ച് 4 ലെ ശ്രീമൂലം പ്രജാസഭ സമ്മേളനത്തിൽ പുലയ സമുദായത്തിലെ കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനുള്ള സ്വാതന്ത്ര്യത്തെ സംബന്ധിച്ചാണ് അയ്യങ്കാളി ബോധിപ്പിച്ചത്. സംസ്ഥാനത്തെ എല്ലാ പള്ളിക്കൂടത്തിലും അവർക്ക് പ്രവേശനം കൊടുക്കുന്നത് അഭിലഷണീയമാണെന്നും പുലയ കിടാങ്ങൾക്ക് ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകണമെന്നും അയ്യങ്കാളി ശക്തമായി വാദിച്ചു. അയ്യങ്കാളിയുടെ നിർദ്ദേശങ്ങൾ ദിവാൻ സ്വീകരിക്കുകയും പുലയ വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുവാൻ ശേഷിയുള്ള ആ സമുദായത്തിൽ നിന്നുള്ളവർ ഉണ്ടെങ്കിൽ അവരുടെ ലിസ്റ്റ് തയ്യാറാക്കി ഡയറക്ടറുടെ പക്കൽ കൊടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

1913 ഫെബ്രുവരി 13 ന് ശ്രീമൂലം പ്രജാസഭയുടെ ഒൻപതാമത് സമ്മേളനത്തിൽ പങ്കെടുത്ത അയ്യങ്കാളി സാമുദായിക സ്വാതന്ത്ര്യം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ പുലയ സമൂഹം അനുഭവിച്ചുവരുന്ന അസംഖ്യം നന്മകൾക്കു വേണ്ടി സഭയിൽ നന്ദി പറഞ്ഞു. ഫെബ്രുവരി 22 ന്റെ സമ്മേളനത്തിൽ സർക്കാർ ഓഫീസുകളിൽ താഴ്ന്ന തസ്തികകളിൽ പുലയരെ നിയമിക്കേണ്ടതിനെപ്പറ്റിയുള്ള നിവേദനം പ്രസംഗരൂപത്തിൽ സഭാതലത്തിൽ അവതരിപ്പിച്ചു. പുലയ വിഭാഗങ്ങളിൽ നിന്നും സർക്കാർ അച്ചുകൂടങ്ങളിൽ പീസ് വർക്ക് ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്നും പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിൽ കൂലിവേലക്കാരായി ജോലി ചെയ്യുന്നവരിൽ മതിയാംവണ്ണം വിദ്യാഭ്യാസം നേടിയവരെ മേസ്തിരി മുതലായ ചില്ലറ ജീവനങ്ങൾ കൊടുക്കണമെന്നും പുലയ സമുദായത്തിലുള്ളവർക്ക് വാർഡുകളുള്ള ആശുപത്രികളിൽ വാർഡർമാരായി നിയമിക്കുന്നതിന് ആജ്ഞകൾ അയയ്ക്കണമെന്നും വനം വകുപ്പുകളിൽ കാവൽക്കാരായി നിയമിക്കണമെന്നും കരകൗശലവിദ്യാശാലകളിൽ അനുയോജ്യമായ തസ്തികകൾ സംജാതമാക്കി നിയോഗിക്കണമെന്നും അയ്യങ്കാളി ആവശ്യപ്പെട്ടു.

ഭൂമി പതിച്ചു കൊടുക്കുന്നതിന് 1912 മുതൽ പ്രജാസഭയിൽ ആവശ്യം ഉന്നയിച്ചതിന്മേൽ 500 ഏക്കർ ഭൂമി പതിച്ചു കൊടുക്കുന്നതിന് ദിവാൻ ഉത്തരവിട്ടെങ്കിലും പ്രഖ്യാപനത്തിനുശേഷം നാലു വർഷങ്ങൾ കഴിഞ്ഞിട്ടും റവന്യൂ ഉദ്യോഗസ്ഥർ ഭൂമി പതിച്ചു കൊടുത്തില്ല. അത് സംബന്ധിച്ച് 1916 ഫെബ്രുവരി 29 ന് ചേർന്ന പ്രജാസഭാസമ്മേളനത്തിൽ അയ്യങ്കാളി പരാതിപ്പെട്ടിരുന്നു. യഥാസമയം ഭൂമി നല്കാത്തതിനാൽ ഈ ഭൂമി ഇപ്പോൾ മറ്റു ജാതിക്കാർ കയ്യേറിയിരിക്കുകയാണെന്നും തടി വിലക്കെടുക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ അവർക്ക് അത് ഒഴിവാക്കിക്കൊടുക്കണമെന്നും അതു സംബന്ധിച്ച കാര്യങ്ങൾ അന്വേഷിച്ച് നടപ്പാക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഈ ആവശ്യം സർക്കാർ പരിഗണിക്കുകയും 1919 മുതൽ പുലയ വിഭാഗത്തിലുള്ളവർക്ക് ഭൂമി പതിച്ചു നൽകൽ ആരംഭിക്കുകയും ചെയ്തു. യാതൊരു കൈമാറ്റ വ്യവസ്ഥയും പാടില്ലെന്ന് രേഖപ്പെടുത്തിയ ചെമ്പുപട്ടയങ്ങളാണ് വിതരണം ചെയ്തത്. എന്നാൽ അർഹതപ്പെട്ട സാധുജനങ്ങളിൽ പലർക്കും ഈ സൗജന്യഭൂമി കിട്ടിയില്ലെന്നു മാത്രമല്ല, പതിക്കുന്നതിൽ സവർണ്ണരായ ഉദ്യോഗസ്ഥർ കൃത്രിമത്വവും കാണിച്ചിരുന്നു. തടിവിലയും തറവിലയും ഇല്ലാതെ തന്നെ തന്റെ സമുദായക്കാർക്ക് പുതുവൽ ഭൂമി പതിച്ചു നൽകണമെന്ന് സർക്കാർ ഉത്തരവുണ്ടായിട്ടും വളരെ കുറച്ചുപേർക്ക് മാത്രമേ അത് ലഭിച്ചുള്ളുവെന്നും അവരുടെ പാർപ്പിട സൗകര്യത്തിനായി തിരുവിതാംകൂറിന്റെ മറ്റു ഭാഗങ്ങളിലും പുതുവൽ ഭൂമി നൽകുന്നത് ഇക്കൂട്ടർക്ക് അനുഗ്രഹമായിരിക്കുമെന്നും 1920 ഫെബ്രുവരി 24 ന് അയ്യങ്കാളി സഭയിൽ ചൂണ്ടിക്കാട്ടി. സർക്കാർ ഈ ആവശ്യം പരിഗണിക്കുകയും ഭൂമി പതിച്ചു നൽകുകയും ചെയ്തു.

വിദ്യാസമ്പന്നത കൊണ്ടുമാത്രമേ കീഴ്ജാതിക്കാർക്ക് ഉന്നതിയുണ്ടാകുകയുള്ളുവെന്ന് അയ്യങ്കാളി മനസ്സിലാക്കിയിരുന്നു. പ്രജാസഭയിലെ 22 വർഷത്തെ സേവനകാലത്തിനിടയിൽ ഏറ്റവും കൂടുതൽ അവതരിപ്പിച്ച വിഷയവും തന്റെ ജനവിഭാഗത്തിന്റെ വിദ്യാഭ്യാസം സംബന്ധിച്ചായിരുന്നു. വിദ്യാഭ്യാസ സ്വാതന്ത്ര്യം സ്ഥാപിച്ചുകിട്ടുന്നതിന്റെ മുന്നോടിയായി 1914 ഫെബ്രുവരി 26 ലെ സഭാതലപ്രസംഗത്തിലൂടെ എതിർപ്പുകൾ മറികടന്ന് പുലയ വിഭാഗത്തിലെ കുട്ടികൾക്ക് ഒരിക്കൽ പ്രവേശനം കൊടുത്തിട്ടുള്ളയിടങ്ങളിൽ യാതൊരു ഉപദ്രവവും ഇല്ലായെന്നും പ്രവേശനം കൊടുക്കുന്നതിന് തടസ്സം നേരിടുന്നിടത്ത് സർക്കാർ ഉത്തരവുകൾ നടത്തിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്കും പാഠശാല ഇൻസ്പെക്ടർമാർക്കും കർശനമായ ഉത്തരവുകൾ നൽകണമെന്നും അയ്യങ്കാളി അപേക്ഷിച്ചു.

നിരക്ഷരനായ അയ്യങ്കാളി കീഴ്ജാതിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പ്രജാസഭ വഴി നിരന്തരം പോരാടിയതിന്റെ ഫലമായി ആ വി



# കോവിഡ് തകർത്ത സമ്പദ് വ്യവസ്ഥ

പിണറായി വിജയൻ
മുഖ്യമന്ത്രി

കഴിഞ്ഞ ചില സമ്മേളനങ്ങളെന്ന പോലെ നിയമസഭയുടെ ഈ സമ്മേളനവും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തന്നെയാണ് നടക്കുന്നത്. കോവിഡ് ലോകത്തെയാകെയും രാജ്യത്തെയാകെയും ചൂഴ്ന്നുനിൽക്കുകയാണ് എന്നതിനാൽ അതിനെതിരായ പ്രതിരോധസജ്ജത തന്നെയാവുന്നു നമ്മുടെയും മുഖ്യ പ്രശ്നം. അനേകായിരങ്ങളുടെ ജീവനപഹരിച്ച, ഇപ്പോഴും ഭീഷണിയായി നിലനിൽക്കുന്ന ഈ രോഗത്തെ ഫലപ്രദമായി ചെറുക്കാൻ ചെയ്യേണ്ട കാര്യങ്ങളെക്കാൾ പ്രാധാന്യമുള്ളതൊന്നും നമ്മുടെ മുന്നിലില്ല.

കോവിഡ് ഒരു മഹാമാരി എന്ന നിലയിൽ മാത്രമല്ല ഗുരുതര പ്രശ്നമായിത്തുടരുന്നത്. സമസ്ത രംഗങ്ങളിലും മരവിപ്പും പ്രതിസന്ധിയും സൃഷ്ടിക്കുന്ന കനത്ത സാമ്പത്തിക വെല്ലുവിളി കൂടി ആയിരിക്കുന്നു അത്. ഈ മരവിപ്പിനെ മറികടക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയണമെങ്കിൽ കാര്യമായ തോതിൽ കേന്ദ്രം സഹായിച്ചേ പറ്റൂ. കേന്ദ്രത്തിന്റെ വരുമാനത്തിന്റെ നല്ല പങ്കും സംസ്ഥാനങ്ങളിൽ നിന്നാണ് എന്നതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ വലിയ ധാർമിക ഉത്തരവാദിത്വം കേന്ദ്രത്തിനുണ്ട്.

പല വികസിത രാജ്യങ്ങളും സമ്പദ്ഘടനയെ പുനർനവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടു പോകുകയാണ്. ജനങ്ങളിൽ പണമെത്തിക്കാനുള്ള നടപടികൾ അതിന്റെ ഭാഗമായുണ്ടുതാനും. എന്നാൽ ഇവിടെ, ദേശീയ തലത്തിൽ, നിർഭാഗ്യവശാൽ ജനങ്ങളുടെ കൈയിൽ പണം എത്തിച്ച് അവരെ ശാക്തീകരിക്കേണ്ടതിനു പകരം ജനങ്ങളുടെ കൈയിലുള്ള പണം കൂടി ചോർത്തുന്ന നടപടികൾ എടുക്കുന്നു. പെട്രോൾ-ഡീസൽ-പാചകവാതക വിലകളിലെ അഭൂതപൂർവ്വവും നിരന്തരവുമായ വർദ്ധനവുതന്നെ ഉദാഹരണം. എണ്ണവില നിശ്ചയിക്കാനുള്ള അധികാരം സർക്കാർ എണ്ണക്കമ്പനികൾക്കു കൈമാറിയത് മുതൽക്കാണ് ഈ പിടിവിട്ടുപോകൽ ഉണ്ടായത്. ഇതിന്റെയൊക്കെ ആഘാതം നമ്മൾ സഹിക്കുന്നുണ്ട്.

കോവിഡ് മൂലം മരിച്ചവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് സുപ്രീംകോടതി ഉത്തരവു വന്നിട്ടുണ്ട്. സ്വാഗതാർഹമാണത്. ഇതിന്റെ സാമ്പത്തിക ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റ് തന്നെ ഏറ്റെടുക്കണം. ഇതിൽ ലാഭനഷ്ടങ്ങൾ നോക്കേണ്ടതില്ല. ഇത്തരമൊരു സമീപനം കേന്ദ്രത്തെ കൊണ്ട് അംഗീകരിപ്പിക്കാനുള്ള കൂട്ടായ ശ്രമങ്ങൾ നടത്താനാവണം. ഇത്തരമൊരു ഘട്ടത്തിൽ ജനങ്ങളെ സാമ്പത്തികമായി ശക്തമാക്കുന്ന ഏതു നടപടിയും വൈഷമ്യത്തിലായ സമ്പദ്ഘടനയെ വീണ്ടെടുത്ത് ശക്തിപ്പെടുത്തുന്നതിന് ഭാവിയിൽ വഴിവയ്ക്കും.

കോവിഡ് കാര്യത്തിലടക്കം സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹതപ്പെട്ടവയെ ഇല്ലാതാക്കുന്ന ഒരു പരാമർശവും ഒരിടത്തും ഉണ്ടാവുന്നില്ല എന്ന് ഉറപ്പുവരുത്തണം. സംസ്ഥാനം തുക വഴിതിരിച്ചു വിടുന്നു; അനുവദിച്ചത് ഉപയോഗിക്കാതെ വിടുന്നു തുടങ്ങിയ അടിസ്ഥാനരഹിതമായ വിമർശനങ്ങൾ അർഹതപ്പെട്ടത് നിഷേധിക്കാൻ വ്യഗ്രതപ്പെടുന്നവരുടെ കൈയിൽ നമ്മെ അടിക്കാൻ കിട്ടുന്ന വടികളാണ്. അതു സംഭവിക്കാതെ നോക്കണം. നമ്മൾ മരണനിരക്കു കുറച്ചു കാണിക്കുന്നില്ല.

*ശേഷം 20 ാം പേജിൽ ▶▶▶*

*'ആസാദി കാ അമൃത് മഹോത്സവ്' കേരള നിയമസഭയിലും 1-ാം പേജിന്റെ തുടർച്ച.....*



'ആസാദി കാ അമൃത് മഹോത്സവ്' ന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിൽ ഒരുക്കിയ പൂക്കളത്തിന് സമീപം മുഖ്യമന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവർ ദീപം തെളിയിക്കുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ പൈതൃകത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും ഉത്ഭവത്തെക്കുറിച്ചുമെല്ലാം പുതിയ തലമുറയ്ക്ക് അറിവ് പകരുന്നതിലൂടെ രാജ്യം മുന്നോട്ടുകുതിക്കുമെന്നും 75 ാം സ്വതന്ത്ര്യദിനാ ഘോഷങ്ങൾ ഏറ്റവും ഭംഗിയായി ഇന്ത്യയ്ക്ക് മാതൃകയായി ആഘോഷിക്കാൻ കേരളത്തിന് കഴിയട്ടെയെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആശംസാപ്രസംഗത്തിൽ പറഞ്ഞു.

നിയോജക മണ്ഡല വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിഷയങ്ങൾ സാമാജികർക്ക് പരിചയപ്പെടുത്തുന്ന പരിപാടിയുടെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവ്വഹിച്ചു. ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരായ കെ.എസ്.ഉഷ, എസ്.നരേന്ദ്രൻപിള്ള എന്നിവർ വിഷയമവതരിപ്പിച്ച് സംസാരിക്കുകയും സാമാജികരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

'ആസാദി കാ അമൃത് മഹോത്സവ്' ന്റെ ഭാഗമായി സാമാജികരും നിയമസഭാ സെക്രട്ടേറിയറ്റ് ഗായകസംഘവും ദേശഭക്തി ഗാനങ്ങൾ അവതരിപ്പിച്ചു. മന്ത്രിമാരും നിയമസഭാ സാമാജികരും നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരും പങ്കെടുത്തു.

ഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം ഗണ്യമായിവർദ്ധിച്ചു. വിദ്യാഭ്യാസ വിഷയത്തിൽ സ്കോളർഷിപ്പ് ഉൾപ്പെടെ സർക്കാർ ചെയ്തുകൊടുത്ത എല്ലാ ആനുകൂല്യങ്ങൾക്കും 1920 മാർച്ച് 2 ന് അയ്യങ്കാളി സഭാതലത്തിൽ നന്ദി പറഞ്ഞു. ദരിദ്രരായ പുലയ, പറയ വിഭാഗത്തിൽപ്പെട്ട കുട്ടികൾ രാവിലെ ആഹാരമൊന്നും കഴിക്കാതെയാണ് സ്കൂളിൽ പോകുന്നതെന്നും കുട്ടികൾക്ക് സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നത് വിദ്യാലയങ്ങളിൽ പോകുന്നതിന് പ്രോത്സാഹനമേകും എന്നും മനസ്സിലാക്കി സൗജന്യ ഉച്ചക്കഞ്ഞി നടപ്പാക്കുന്നതു സംബന്ധിച്ച് അയ്യങ്കാളി പ്രജാസഭയിൽ 1924 മാർച്ച് 10 ന് സബ്മിഷൻ ഉന്നയിച്ചു. പ്രാഥമികതലം വരെ നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന്റെ ആവശ്യം ഉന്നയിച്ചു. ഹിന്ദു പുലയ വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നിർബന്ധിതമാക്കാനും ഓരോരുത്തർക്കും ഒരു ചക്രത്തിന് ഉച്ചക്കഞ്ഞി നൽകാനും ഗവൺമെന്റ് പരിഗണിക്കുമെന്ന് മറുപടി നൽകി. താഴ്ന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ വിദേശങ്ങളിലയച്ച് ഉന്നതവിദ്യാഭ്യാസം നൽകണമെന്ന ആവശ്യവും സഭയിൽ ഉയർത്തി. ഭരണതലത്തിൽ നിന്ന് നിയമനങ്ങളും പിന്തുണയും ലഭിച്ചിട്ടും അയിത്തജാതിയിൽപ്പെട്ടവരുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥകൾക്ക് സമൂലമായ മാറ്റങ്ങൾ ഉണ്ടാകുന്നില്ല എന്നത് വ്യക്തമായിരുന്നു. അയ്യങ്കാളി പ്രജാസഭയിൽ തന്റെ ആവശ്യങ്ങൾ ശക്തമായ ഭാഷയിൽ അവതരിപ്പിച്ചുകൊണ്ടേയിരുന്നു. 1932 മാർച്ച് 18 ന് അയ്യങ്കാളി പ്രജാസഭയിൽ നടത്തിയ പ്രസംഗത്തിലും പുലയർ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാ ഇളവുകളും ആനുകൂല്യങ്ങളും സർക്കാരിൽ നിന്നുണ്ടാകണമെന്ന ആവശ്യമായിരുന്നു മുന്നോട്ടുവച്ചത്. പഠിച്ചവർക്ക് കഴിയുന്നിടത്തോളം സർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സവർണ്ണ ഹിന്ദുക്കളിൽ നിന്നുള്ള നിരന്തരമായ പീഡനങ്ങൾ മൂലം കീഴ്ജാതിയിൽപ്പെട്ട നിരവധിയാളുകൾ കൂട്ടത്തോടെ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിരുന്നു. സഞ്ചാരസ്വാതന്ത്ര്യം, വിദ്യാലയപ്രവേശനം, സാമ്പത്തിക സഹായം തുടങ്ങിയവയെല്ലാം അക്കൂട്ടരെ ക്രിസ്തുമതത്തിലേയ്ക്ക് ആകർഷിച്ചു. ഏതു മതത്തിലായാലും അയിത്ത ജാതിക്കാരോടുള്ള സാമൂഹിക മനോഭാവത്തിന് വലിയ മാറ്റങ്ങൾ വന്നിട്ടില്ല എന്ന് അയ്യങ്കാളിക്ക് ബോധ്യമായിരുന്നു. 1923 മാർച്ച് 21 ന് അയ്യങ്കാളി സഭയിൽ നടത്തിയ പ്രസംഗം മതപരിവർത്തനം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കുന്നതായിരുന്നു. ഹിന്ദുക്കളായ പുലയർ ക്രിസ്തുമതത്തിലോ ഇസ്ലാം മതത്തിലോ ചേർന്നു കഴിഞ്ഞാൽ അവരുടെ ദാരിദ്ര്യവും അയിത്തവും മാറുന്നു. ഇക്കൂട്ടർക്ക് വീടോ പൂജ നടത്താൻ ക്ഷേത്രങ്ങളോ കുടിവെള്ളത്തിന് കിണറോ ഇല്ല. അതുകൊണ്ട് മറ്റു സമുദായങ്ങൾക്ക് ചെയ്യുന്നതിനേക്കാൾ കൂടുതൽ കിണറുകളും അമ്പലങ്ങളും അവരുടെ ആവശ്യത്തിന് നിർമ്മിച്ചു നൽകണമെന്ന് അയ്യങ്കാളി അപേക്ഷിച്ചു.

അയ്യങ്കാളി പുലയവിഭാഗത്തിന്റെ പ്രതിനിധി ആയി സഭയിൽ നോമിനേറ്റ് ചെയ്യപ്പെട്ടയാളാണെങ്കിലും സമാനമായ മറ്റു ദളിത വിഭാഗങ്ങളിലെ ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടിയും പ്രജാസഭയിൽ ശബ്ദമുയർത്തിയിരുന്നു. ഇതരവിഭാഗങ്ങളിൽപ്പെട്ടവരുടെ പ്രതിനിധികളെക്കൂടി പ്രജാസഭയിൽ എത്തിക്കുന്നതിന് ശിപാർശ ചെയ്തു. പ്രജാസഭയുടെ പന്ത്രണ്ടാമത് സമ്മേളനത്തിൽ അയ്യങ്കാളിയേയും കണ്ടൻ കുമാരനേയും അധഃസ്ഥിത വിഭാഗങ്ങളുടെ പ്രതിനിധികളായി നാമനിർദ്ദേശം ചെയ്തിരുന്നു. എന്നാൽ 1915,1916 വർഷങ്ങളിൽ അയ്യങ്കാളി മാത്രമാണ് പ്രതിനിധിയായി സഭയിലുണ്ടായിരുന്നത്. സാമാജികരുടെ അംഗസംഖ്യയിൽ വന്ന ഈ കുറവ് അയ്യങ്കാളിയുടെ 1916 ഫെബ്രുവരി 28 ലെ പ്രസംഗത്തിൽ പ്രതിഫലിക്കുകയും ചെയ്തു.

കേരളത്തിന്റെ സാമൂഹ്യ പരിവർത്തന ചരിത്രത്തിൽ അയ്യങ്കാളിയുടെ ജീവിതവും പ്രവർത്തനങ്ങളും മായാത്ത ഏടുകളായി അവശേഷിക്കുന്നു. താൻ ഉൾപ്പെടുന്ന ജനവിഭാഗത്തിന്റെ അവശതകളും ആവശ്യങ്ങളും കാൽനൂറ്റാണ്ടോളം അയ്യൻകാളിയുടെ ഗംഭീരസ്വരത്തിൽ പ്രജാസഭയിലെ ഭിത്തികൾക്കുള്ളിൽ അലയടിച്ചു. തലയുയർത്തി ജീവിക്കുന്നതിന് വിദ്യാഭ്യാസവും ഭൂമിയുമാണ് വേണ്ടത് എന്ന തിരിച്ചറിവിൽ, അതിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ പോരാട്ടങ്ങളാണ് പ്രസംഗങ്ങളിൽ നിഴലിച്ചത്. സമൂഹത്തിൽ അടിത്തട്ടിലുള്ള തന്റെ സമുദായത്തെ അടിമബോധത്തിൽ നിന്ന് മോചിപ്പിച്ച് മുഖ്യധാരയിലെത്തിക്കാൻ ത്യാഗോജ്ജ്വലമായി പോരാടി, സാമാജികൻ എന്ന പദവിയിലൂടെ അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവയ്ക്ക് പരിഹാരം കണ്ടെത്തിയതാണ് അയ്യങ്കാളിയുടെ പ്രവർത്തന നേട്ടമായി വിലയിരുത്തപ്പെടുന്നത്.

*തയ്യാറാക്കിയത് : ഷീല ടൈറ്റസ്*
*അണ്ടർ സെക്രട്ടറി*



# തെരഞ്ഞെടുപ്പ് പരാതിയും ഉപതെരഞ്ഞെടുപ്പും

ഒരു നിയമസഭാംഗം അദ്ദേഹത്തിന്റെ അംഗത്വം രാജി വയ്ക്കുന്നതിനായി നിശ്ചിത ഫാറത്തിൽ സ്വന്തം കൈപ്പടയിൽ എഴുതി സ്പീക്കറെ അറിയിക്കേണ്ടതാണ്. പ്രസ്തുത അംഗത്തിന്റെ രാജി സ്വമേധയായുള്ളതും യാഥാർത്ഥ്യവുമാണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ സ്പീക്കർക്ക് രാജി ഉടനെ സ്വീകരിക്കാവുന്നതാണ്. അംഗത്തിന്റെ രാജിയെത്തുടർന്ന് ബന്ധപ്പെട്ട നിയമസഭാ മണ്ഡലത്തിലെ ഒഴിവ് വിജ്ഞാപനം ചെയ്യുകയും വിജ്ഞാപനത്തിന്റെ പകർപ്പ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചുകൊടുക്കുകയും വേണം. ഭരണഘടനയിലെ അനുച്ഛേദം 190(3)(b) പ്രകാരം വന്നതായി കണക്കാക്കപ്പെടുന്ന പ്രസ്തുത ഒഴിവ് ഉൾപ്പെടെയുള്ള എല്ലാ ആകസ്മിക ഒഴിവുകളും (casual cacancies) ആറുമാസത്തിനുള്ളിൽ നികത്തണമെന്നാണ് 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 151 A യിൽ വ്യവസ്ഥ ചെയ്യുന്നത്. (1996 ആഗസ്റ്റ് 1 നാണ് സെക്ഷൻ 151 A നിലവിൽ വന്നത്). അതായത് ആറുമാസത്തിനുള്ളിൽ ഉപതെരഞ്ഞെടുപ്പ് വഴി നിയമസഭയിലെ പ്രസ്തുത ഒഴിവ് നികത്തപ്പെടേണ്ടതാണ്. എന്നാൽ സഭയുടെ കാലാവധി ഒരു വർഷം മാത്രം ബാക്കി നിൽക്കുന്ന കാലയളവിലാണ് പ്രസ്തുത ഒഴിവ് വരുന്നതെങ്കിലോ ആറുമാസത്തിനുള്ളിൽ ഉപതെരഞ്ഞെടുപ്പ് നടത്തുവാൻ സാധ്യമല്ല എന്ന് കാര്യകാരണ സഹിതം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചിച്ച് സാക്ഷ്യപ്പെടുത്തുന്ന പക്ഷമോ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതില്ല. കൂടാതെ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റൊരു വ്യത്യസ്ത സാഹചര്യത്തിലും സെക്ഷൻ 151 A ബാധകമാകുന്നില്ല. ആയതാണ് ചുവടെ വിശദീകരിക്കുന്നത്.

ഒരു നിയോജകമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പിനെതിരെ 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകൾക്കനുസൃതമായി തെരഞ്ഞെടുപ്പ് പരാതി നിലവിലുണ്ടെങ്കിൽ അങ്ങനെയുള്ള നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗം രാജി വച്ച്, അനുച്ഛേദം 190(3)(b) അനുസരിച്ച് ഒഴിവ് വന്നാലോ മറ്റു വിധത്തിലുള്ള ആകസ്മിക ഒഴിവ് വന്നാലോ, തെരഞ്ഞെടുപ്പ് പരാതിയിൻമേൽ അന്തിമ തീരുമാനം വരുന്നതുവരെ ഉപതെരഞ്ഞെടുപ്പ് നടത്തുന്നതല്ല. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ തീരുമാനം സാധൂകരിക്കപ്പെട്ടതും ഊട്ടിയുറപ്പിക്കപ്പെട്ടതും സുപ്രീം കോടതിയുടെ D.Sanjeevayya v. The Election Tribunal, Andhra Pradesh and Ors (AIR 1967 SC 1211), Election Commission of India v. Telangana Rastra Samithi and Anr (2011) 1 SCC 370 എന്നീ കേസുകളിലെ വിധിന്യായങ്ങളിലൂടെയാണ്. 1951 ലെ ജനപ്രാതിനിധ്യ ആക്ടിലെ സെക്ഷൻ 84, 98(c), 101(b), 8A എന്നിവയുടെ പ്രാബല്യം സെക്ഷൻ 151 A ഇല്ലാതാക്കുന്നില്ല എന്ന് ഈ രണ്ടു കോടതിവിധികളും പ്രസ്താവിക്കുന്നു.

ഒരംഗത്തിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്നും അതിനോടൊപ്പം പരാതി നൽകിയ സ്ഥാനാർത്ഥിയെയോ മറ്റൊരു സ്ഥാനാർത്ഥിയെയോ തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കണമെന്നുമുള്ള ആശ്വാസമാണ് സെക്ഷൻ 84 മുഖേന പരാതിക്കാരന് ലഭ്യമാകുന്നത്. തെരഞ്ഞെടുപ്പ് പരാതിയുടെ വിചാരണയ്ക്കൊടുവിൽ പരാതിക്കാരനായ സ്ഥാനാർത്ഥിയെയോ മറ്റൊരു സ്ഥാനാർത്ഥിയെയോ തെരഞ്ഞെടുക്കപ്പെട്ടതായി ഉത്തരവ് പുറപ്പെടുവിക്കാനുള്ള ഹൈക്കോടതിയുടെ അധികാരത്തെയാണ് സെക്ഷൻ 98(c) വിവക്ഷിക്കുന്നത്. സെക്ഷൻ 101(b), പരാതിക്കാരനായ സ്ഥാനാർത്ഥിയെയോ മറ്റൊരു സ്ഥാനാർത്ഥിയെയോ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കാനുള്ള കാരണങ്ങൾ സംബന്ധിച്ച് പ്രതിപാദിക്കുന്നു. തെരഞ്ഞെടുപ്പിൽ ആശാസ്യമല്ലാത്ത നടപടിയിലൂടെയാണ് ഒരംഗം തെരഞ്ഞെടുക്കപ്പെട്ടതെങ്കിൽ അങ്ങനെയുള്ളയാളെ അയോഗ്യനാക്കുന്നതിനെക്കുറിച്ചാണ് സെക്ഷൻ 8 A പ്രതിപാദിക്കുന്നത്.

1951-ലെ ആക്ടിൽ സെക്ഷൻ 151 A കൂട്ടിച്ചേർക്കുന്നതിന് മുമ്പ് കോടതി മുമ്പാകെ വന്ന ഒരു കേസ്സിലാണ് D.Sanjeevayya വിധി ഉണ്ടായത്. അനുച്ഛേദം 190(3)(b) അനുസരിച്ച് ഒഴിവ് വന്ന ഒരു നിയമസഭാ മണ്ഡലത്തിലേക്ക് ആദ്യം നടന്ന തെരഞ്ഞെടുപ്പിനെതിരെ കോടതിയിൽ ഒരു പരാതി നിലനിൽക്കെ, ഉപതെരഞ്ഞെടുപ്പ് നടത്തണമോ എന്ന വിഷയത്തിൻമേൽ കോടതി നടത്തിയ വിധിപ്രസ്താവത്തിൽ ഇങ്ങനെ പറയുന്നു.

'4. We are unable to accept the argument of the Appellant as correct. In our opinion, the provisions of Section 150 of the Act must be interpreted in the context of Sections 84 and 98(c) and other relevant provisions of Part III of the same Act. If the interpretation contended for by the Appellant is accepted as correct the vacancy must be filled by a bye-election as soon as a member resigns his seat notwithstanding the pendency of an election petition challenging his election. If the candidate who filed the election petition eventually gets a declaration that the election of the member is void and that he himself had been duly elected there will be two candidates representing the same constituency at the same time, one of them declared to be duly elected at the general election and the other declared to has been elected at the bye-election and an impossible situation would arise. It cannot be supposed that Parliament contemplated such a situation while enacting Section 150 of Act. Parliament could not have intended that the provisions of Part VI of the Act pertaining to election petitions, should stand abrogated as soon as a member resigns his seat in the Legislature. It is a well settled Rule of construction that the provisions of a statute should be so read as to harmonise with one another and the provisions of one Section cannot be used to defeat those of another unless it is impossible to effect reconciliation between them...'

ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗത്തിനെതിരെ തെരഞ്ഞെടുപ്പ് പരാതി ഉണ്ടെങ്കിൽ, ആ അംഗം തന്റെ സ്ഥാനം രാജി വയ്ക്കുന്നതിലൂടെ പരാതിയുടെ തുടർനടപടി ഇല്ലാതാക്കാൻ കഴിയില്ല എന്നും കോടതി അന്ന് നിരീക്ഷിച്ചിരുന്നു.

സെക്ഷൻ 151 A കൂട്ടിച്ചേർത്തതിലൂടെ ആകസ്മിക ഒഴിവുകൾ ആറുമാസത്തിനുള്ളിൽ നികത്തിയിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണെന്നും ഇത് നിർബന്ധമായും പാലിക്കപ്പെടേണ്ട ഒരു വ്യവസ്ഥയാണെന്നും (mandatory provision) ആയതിനാൽ ഇക്കാര്യത്തിലുള്ള മുൻ കോടതി വിധികൾ നിലനിൽക്കുന്നതല്ല എന്നുമുള്ള വാദങ്ങൾ Election Commission of India v. Telangana Rastra Samithi and Anr എന്ന കേസ്സിൽ സുപ്രീം കോടതി അംഗീകരിച്ചില്ല. തെരഞ്ഞെടുപ്പ് പരാതി നിലനിൽക്കുന്നതും അല്ലാത്തതുമായ രണ്ട് തരം ഒഴിവുകളായി തരംതിരിവ് ഇക്കാര്യത്തിൽ കോടതി വരുത്തി. സെക്ഷൻ 151 A നിർബന്ധമാണ് എന്നും ആയതിനാൽ തെരഞ്ഞെടുപ്പ് പരാതി നിലനിൽക്കുന്ന മണ്ഡലത്തിലെ ഒഴിവ് നികത്തുന്നതിനായി ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിന് ഇലക്ഷൻ കമ്മീഷന് നിർദ്ദേശം നൽകിയ ഹൈക്കോടതി വിധി നിലനിൽക്കുന്നതല്ലായെന്നും പ്രസ്താവിച്ചുകൊണ്ട് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ ഇങ്ങനെ പറയുന്നു.

'45. The Act is a complete code for the conduct of elections by the Election Commission of India appointed under article 324 of the Constitution which provides for superintendence, direction, control and conduct of elections to Parliament and to the Legislature of every state and also of election to the offices of President and Vice-President held under the Constitution. The provisions of Article 190(3)(b) of the Constitution have, therefore, to be read along with the provisions of the 1951 Act. Section 84 of the said Act cannot be rendered otiose be holding that all vaccancies on account of the aforesaid provision of the Constitution become immediately available for being filled up by way of a bye-election. The same reasoning applies in regard to Section 151 A of the 1951 Act and its impact on the latter part of Section 84 thereof. As has been mentioned here in before, a proceeding under Section 84 has to run its full course, particularly for the purpose of Section 8 A of the said Act. The views expressed by the Division Bench of the High Court on this point cannot, therefore, be sustained'.

മേൽപ്പറഞ്ഞ കോടതി നിരീക്ഷണങ്ങളിൽ നിന്നും നിയമത്തിലെ വ്യവസ്ഥകൾ പരസ്പരം പൊരുത്തപ്പെടുത്തി വായിക്കേണ്ടവയാണെന്നും ഒരു വകുപ്പിലെ വ്യവസ്ഥ മറ്റൊരു വകുപ്പിനെ ദുർബലപ്പെടുത്തുകയോ വ്യർത്ഥമാക്കുകയോ ചെയ്യുന്ന രീതിയിൽ വ്യാഖ്യാനിക്കപ്പെടരുതെന്നുമുള്ള സാമാന്യതത്ത്വം (Rule of Harmonious Construction) വ്യക്തമാക്കുന്നതായി കാണാവുന്നതാണ്.

*തയ്യാറാക്കിയത് :*
*സജു എസ്.,*
*സെക്ഷൻ ഓഫീസർ*

## വൈകിയ മഞ്ചേശ്വരം ഉപതെരഞ്ഞെടുപ്പ്

തെരഞ്ഞെടുപ്പ് പരാതി നിലവിലുണ്ടായിരുന്നതിനാൽ കേരള നിയമസഭയിൽ ഒഴിവ് വന്ന സ്ഥാനത്തേക്ക് ആറു മാസത്തിനകം ഉപതെരഞ്ഞെടുപ്പ് നടത്താൻ സാധിക്കാത്തതായ സംഭവം ഉണ്ടായിട്ടുണ്ട്. പതിനാലാം കേരള നിയമസഭയിൽ അംഗമായിരുന്ന പി.ബി.അബ്ദുൽ റസാക്കിന്റെ നിര്യാണത്തെത്തുടർന്ന് മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിലേക്കാണ് ഇപ്രകാരം ഉപതെരഞ്ഞെടുപ്പ് ആറുമാസത്തിനകം നടക്കാതെ പോയത്. അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് 2018 ഒക്ടോബർ 20 പ്രാബല്യത്തിൽ മഞ്ചേശ്വരം മണ്ഡലം ഒഴിഞ്ഞുകിടക്കുന്നതായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 2016 ൽ മഞ്ചേശ്വരത്ത് നിന്ന് തെരഞ്ഞെടുക്കപ്പെട്ട പി.ബി.അബ്ദുൽ റസാക്കിനെതിരെ തൊട്ടടുത്ത എതിർ സ്ഥാനാർത്ഥി കെ.സുരേന്ദ്രൻ കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 2016 ലെ 2 ാം നമ്പർ തെരഞ്ഞെടുപ്പ് പരാതി (Election Petition 2 of 2016) നിലനിന്നിരുന്നതിനാലാണ് ഉപതെരഞ്ഞെടുപ്പ് വൈകിയത്. പി.ബി.അബ്ദുൽ റസാക്കിന്റെ നിര്യാണത്തെത്തുടർന്ന് കെ.സുരേന്ദ്രൻ 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 109 പ്രകാരം പരാതി പിൻവലിക്കാൻ ഹൈക്കോടതിയിൽ അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ 2019 ജൂൺ 18 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. സെക്ഷൻ 110 (3) (c) പ്രകാരം, പരാതി പിൻവലിച്ച കെ.സുരേന്ദ്രന് പകരം പരാതി നൽകാൻ ആരും (to be substituted as petitioner, in place of the party withdrawing the petition) മുന്നോട്ട് വരാത്തതിനാലും എതിർ കക്ഷിക്കാർ ആരും തന്നെ പരാതി പിൻവലിക്കുന്നതിന് തടസ്സവാദം ഉന്നയിക്കാത്തതിനാലും തെരഞ്ഞെടുപ്പ് പരാതി പിൻവലിക്കാൻ കേരള ഹൈക്കോടതി 2019 ജൂലൈ 16 ന് കെ സുരേന്ദ്രന് അനുമതി നൽകി. പരാതി പിൻവലിക്കുന്നതിന് പരാതിക്കാരൻ മുന്നോട്ട് വച്ച വാദങ്ങൾ ന്യായമാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് പിൻവലിക്കാൻ അനുമതി നൽകിയത്. പരാതി പിൻവലിച്ചത് സംബന്ധിച്ച റിപ്പോർട്ട് തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചുകൊടുക്കുന്നതിനും തെരഞ്ഞെടുപ്പ് പരാതി തള്ളിയതായും കോടതി അന്ന് ഉത്തരവിട്ടു. ഇതിന് ശേഷമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലേക്ക് ഉപതെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചത്. മറ്റ് നാല് നിയോജക മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പിനോടൊപ്പം മഞ്ചേശ്വരം ഉപതെരഞ്ഞെടുപ്പും 2019 ഒക്ടോബർ 21 ന് നടന്നു.

# ശപഥങ്ങൾ
## അഥവാ
## പ്രതിജ്ഞകൾ
### ഭരണഘടനാ വ്യവസ്ഥകൾ



### ഭരണഘടനയുടെ മൂന്നാം പട്ടിക

ഇന്ത്യയുടെ ഭരണഘടനയ്ക്ക് 12 ഷെഡ്യൂളുകൾ (പട്ടികകൾ) ഉണ്ട്. അവയിൽ, മൂന്നാമത്തെ ഷെഡ്യൂൾ അഥവാ പട്ടികയിലാണ് ശപഥങ്ങളുടെ അഥവാ പ്രതിജ്ഞകളുടെ ഫാറങ്ങൾ എങ്ങനെയെന്ന് പ്രതിപാദിച്ചിരിക്കുന്നത്. യൂണിയനിലെ ഒരു മന്ത്രിയുടെ ഉദ്യോഗം സംബന്ധിച്ച് ശപഥത്തിന്റെ ഫാറം (oath of office), യൂണിയനിലെ ഒരു മന്ത്രിയുടെ രഹസ്യപാലന ശപഥം (oath of secrecy), പാർലമെന്റിലേക്കുള്ള (ലോക്സഭയിലേക്കും രാജ്യസഭയിലേക്കും) തെരഞ്ഞെടുപ്പിലെ ഒരു സ്ഥാനാർത്ഥി ചെയ്യേണ്ട ഒരു ശപഥം അഥവാ പ്രതിജ്ഞ ഫാറം, പാർലമെന്റിലെ ഒരു അംഗം ചെയ്യേണ്ട ശപഥത്തിന്റെയോ പ്രതിജ്ഞയുടെയോ ഫാറം, സുപ്രീം കോടതിയിലെ ജഡ്ജിമാരും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലും (സി ആൻഡ് എ.ജി)ചെയ്യേണ്ട ശപഥത്തിന്റെ അഥവാ പ്രതിജ്ഞയുടെ ഫാറം, ഒരു സംസ്ഥാനത്തിലെ ഒരു മന്ത്രിയുടെ ഉദ്യോഗം സംബന്ധിച്ച ശപഥത്തിന്റെ ഫാറം, ഒരു സംസ്ഥാനത്തിലെ ഒരു മന്ത്രിയുടെ രഹസ്യപാലന ശപഥത്തിന്റെ ഫാറം, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണ മണ്ഡലത്തിലേക്കുള്ള (ലെജിസ്ലേറ്റീവ് കൗൺസിലിലെ) തെരഞ്ഞെടുപ്പിലെ ഒരു സ്ഥാനാർത്ഥി ചെയ്യേണ്ട ശപഥത്തിന്റെ അഥവാ പ്രതിജ്ഞയുടെ ഫാറം, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഒരംഗം ചെയ്യേണ്ട ശപഥത്തിന്റെയോ പ്രതിജ്ഞയുടെയോ ഫാറം, ഹൈക്കോടതിയിലെ ജഡ്ജിമാർ ചെയ്യേണ്ട ശപഥത്തിന്റെയോ പ്രതിജ്ഞയുടെയോ ഫാറം എന്നീ എട്ട് ഫാറങ്ങളാണ് മൂന്നാം പട്ടികയിലുള്ളത്. ഇംഗ്ലീഷിലോ അതത് സ്ഥലത്തെ ഔദ്യോഗിക ഭാഷയിലോ/ ഭാഷകളിലോ ആണ് പ്രതിജ്ഞയെടുക്കുന്നത്. ഭരണഘടന നിലവിൽ വന്ന 1950 ജനുവരി 26 ൽ ഇല്ലാതിരുന്ന 'ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും' എന്നീ വാക്കുകൾ കേന്ദ്രമന്ത്രിയുടെയും സുപ്രീം കോടതി ജഡ്ജിയുടെയും സംസ്ഥാന മന്ത്രിയുടെയും ഹൈക്കോടതി ജഡ്ജിയുടെയും ശപഥം സംബന്ധിച്ച ഫാറത്തിൽ 1963 ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്ടിന്റെ 5-ാം വകുപ്പ് പ്രകാരം ചേർക്കുകയുണ്ടായി. അതുപോലെ, നിയമനിർമ്മാണ മണ്ഡലത്തിലേക്കുള്ള സ്ഥാനാർത്ഥി ചെയ്യേണ്ടതായ ശപഥവും പ്രസ്തുത സഭയിലെ അംഗം ചെയ്യേണ്ട ശപഥത്തിന്റെ ഫാറവും നേരത്തെയുണ്ടായിരുന്ന ഫാറം മാറ്റി പ്രസ്തുത ഭരണഘടനാ ഭേദഗതിയിലൂടെ പുതിയത് ചേർക്കുകയുണ്ടായി.

ഒരു പൊതുതെരഞ്ഞെടുപ്പിനുശേഷം മന്ത്രിസഭയാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. മന്ത്രിമാർ സംസ്ഥാന ഗവർണർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു. ഉദ്യോഗം സംബന്ധിച്ച ശപഥം (oath of office), രഹസ്യപാലന ശപഥം ( oath of secrecy) എന്നീ രണ്ട് ശപഥങ്ങളാണുള്ളത്. മന്ത്രി എന്ന നിലയിലുള്ള കർത്തവ്യം ഏറ്റെടുക്കുന്നതാണ് ഉദ്യോഗം സംബന്ധിച്ച ശപഥം. മന്ത്രി എന്ന നിലയിൽ പരിഗണനയിൽ വരുന്ന വിഷയങ്ങളുടെ രഹസ്യാത്മകത കാത്തു സൂക്ഷിക്കുമെന്നുള്ളതാണ് രഹസ്യപാലന ശപഥത്തിൽ സൂചിപ്പിക്കുന്നത്. എല്ലാ ശപഥങ്ങളിലും ഒന്നുകിൽ ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു എന്നോ അല്ലെങ്കിൽ സഗൗരവം പ്രതിജ്ഞ ചെയ്യുന്നു എന്നോ ശപഥം ചെയ്യാനുള്ള അവകാശമുണ്ട്.

### ക്രമപ്രകാരമല്ലെങ്കിൽ പിഴ അഞ്ഞൂറു രൂപ

ഭരണഘടനയുടെ ഈ വ്യവസ്ഥക്കനുസൃതമല്ലാതെ സത്യപ്രതിജ്ഞ ചെയ്യുന്നത് ക്രമപ്രകാരമാവുകയില്ല. ഭരണഘടനയുടെ 188-ാം അനുച്ഛേദപ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യാതെ നിയമനിർമ്മാണ സഭയിൽ അംഗമെന്ന നിലയിൽ പ്രവർത്തിച്ചാൽ അപ്രകാരം താൻ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്ന ഓരോ ദിവസത്തേക്കും ആ സംസ്ഥാനത്തിനു ചെല്ലേണ്ട കടമെന്ന നിലയിൽ വസൂലാക്കേണ്ട അഞ്ഞൂറ് രൂപ പിഴയ്ക്ക് ആ ആൾ ബാധ്യസ്ഥനായിരിക്കുന്നതാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 193 ൽ നിഷ്കർഷിച്ചിരിക്കുന്നത്. പിഴ അഞ്ഞൂറു രൂപയെന്നത് 1950 ൽ ഭരണഘടന നിലവിൽ വന്നപ്പോൾ തീരുമാനിച്ചതാണ്. അക്കാലത്ത് അതൊരു വലിയ തുകയായിരുന്നു. പിന്നീട് അത് വർദ്ധിപ്പിച്ചിട്ടില്ല. ബ്രിട്ടനിൽ ഹൗസ് ഓഫ് കോമൺസിൽ ഇപ്രകാരമുള്ള ഒരു പ്രശ്നമുണ്ടായാൽ പിഴത്തുക അഞ്ഞൂറു പൗണ്ടാണെന്ന സമാനത ശ്രദ്ധേയമാണ്. മന്ത്രിയെന്ന നിലയിൽ പ്രതിജ്ഞ ക്രമപ്രകാരമല്ലെന്നു കണ്ടെത്തിയാൽ അപ്രകാരമുള്ള പിഴയൊന്നും ഒരു നിയമത്തിലും നിഷ്ക്കർഷിച്ചിട്ടില്ല. കേന്ദ്രമന്ത്രിമാർക്ക് രാഷ്ട്രപതിയും സംസ്ഥാന മന്ത്രിമാർക്ക് ഗവർണറും സത്യവാചകം ചൊല്ലിക്കൊടുക്കുന്നതിനാൽ പിന്നീട് തിരുത്തേണ്ട സാഹചര്യം വരുന്നില്ല. എന്നാൽ, പാർലമെന്റംഗവും നിയമസഭാംഗവും പ്രോടെം സ്പീക്കർ/സ്പീക്കർ മുമ്പാകെ ശപഥ വാചകം ചൊല്ലുന്നതിനാൽ പലപ്പോഴും ക്രമപ്രകാരമല്ലാതെ വന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്.

### കേരള നിയമസഭയിൽ



കേരള നിയമസഭയിൽ 1960 മാർച്ച് 12 നാണ് ക്രമപ്രകാരമല്ലാത്ത സത്യപ്രതിജ്ഞ സംബന്ധിച്ച ആദ്യത്തെ സംഭവം. 'ജനങ്ങളെ സാക്ഷിനിർത്തി ദൃഢപ്രതിജ്ഞ ചെയ്യുന്നു'വെന്നാണ് ഒന്നാം കേരള നിയമസഭയിൽ കാർത്തികപ്പള്ളി മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ആർ.സുഗതൻ സത്യവാചകം ചൊല്ലിയത്. അത് ക്രമപ്രകാരമല്ലെന്ന് അന്നത്തെ നിയമകാര്യമന്ത്രി പി.റ്റി.ചാക്കോ സഭയിൽ പ്രസ്താവിക്കുകയും അതിനെത്തുടർന്ന് അന്നേ ദിവസം തന്നെ പ്രസ്തുത അംഗം നിയമാനുസൃതമായി പറയേണ്ട രീതിയിൽ പ്രതിജ്ഞ ചെയ്യുകയും ചെയ്തു. കൊടുങ്ങല്ലൂർ നിയോകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉമേഷ് ചള്ളിയിൽ എന്ന അംഗം 2001 ജൂണിൽ ഗുരുദേവന്റെ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി. ആയത് ചട്ടവിരുദ്ധമെന്ന് ഹൈക്കോടതി വിധിക്കുകയും തുടർന്ന് 83 ദിവസം സഭാ സമ്മേളനത്തിൽ സംബന്ധിച്ചതിൽ 41500 രൂപ അദ്ദേഹത്തിന് പിഴയടക്കേണ്ടിയും വന്നു. വിധിക്കെതിരെ അദ്ദേഹം സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവയ്ക്കുകയുണ്ടായി.

നിലവിലുള്ള പതിനഞ്ചാം നിയമസഭയിൽ സമാനമായൊരു സംഭവമുണ്ടായി. ദേവികുളം മണ്ഡലത്തിൽ നിന്നും വിജയിച്ച എ.രാജ 2021 മെയ് 24 ാം തീയതി തമിഴിലായിരുന്നു സഭയിൽ പ്രൊടെം സ്പീക്കറുടെ മുമ്പാകെ സത്യവാചകം ചൊല്ലിയത്. അതിൽ 'സഗൗരവമെന്നോ' 'ദൈവനാമത്തിലെന്നോ' പറഞ്ഞിരുന്നില്ല. നിയമവകുപ്പ് വിവർത്തനം ചെയ്തതിലെ പിഴവായിരുന്നു ഇത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സഗൗരവത്തിന് തുല്യമായ 'ഉള്ളാർന്ത' എന്ന തമിഴ് പദം ചേർത്ത് അദ്ദേഹം 2021 ജൂൺ 2 ാം തീയതി നിയമസഭാ സ്പീക്കറുടെ മുമ്പാകെ സത്യവാചകം ചൊല്ലി. സ്പീക്കറുടെ ചേംബറിലായിരുന്നു സത്യപ്രതിജ്ഞ. പിന്നീട്, തന്റേതല്ലാത്ത കുറ്റമാണെങ്കിലും ഭരണഘടനയുടെ 193 ാം അനുച്ഛേദപ്രകാരം അഞ്ചു ദിവസം സഭയിൽ ഇരുന്നതിന്റെ പേരിൽ 2500 രൂപ അദ്ദേഹം പിഴ ഒടുക്കുകയുണ്ടായി.

പഴയകാലത്ത് വളരെ കുറച്ച് ആളുകൾക്കു മാത്രമേ മന്ത്രിമാരുടെയും നിയമസഭാംഗങ്ങളുടെയും സത്യപ്രതിജ്ഞാ ചടങ്ങ് കാണുവാൻ അവസരമുണ്ടായിരുന്നുള്ളൂ. എന്നാൽ, ദൃശ്യമാധ്യമങ്ങളും കേരള നിയമസഭയുടെ സഭാ ടി.വി. ഉൾപ്പെടെയുള്ള മാധ്യമങ്ങളും ലൈവായി സത്യപ്രതിജ്ഞാ ചടങ്ങുകൾ സംപ്രേക്ഷണം ചെയ്യുന്ന ഇക്കാലത്ത് ഇതു സംബന്ധിച്ച നടപടികളും നിയമവശങ്ങളും മറ്റും മനസ്സിലാക്കാൻ സാധാരണ ജനങ്ങൾക്കും താൽപര്യമേറിയിട്ടുണ്ടെന്ന കാര്യം എടുത്തു പറയേണ്ടതാണ്.

തയ്യാറാക്കിയത്:
ആർ. കിഷോർകുമാർ,
സ്പെഷ്യൽ സെക്രട്ടറി

## പതിനഞ്ചാം കേരള നിയമസഭ
### രണ്ടാം സമ്മേളനം



പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2021 ജൂലൈ 22 ന് ആരംഭിച്ചു. 2021-22 വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പുമാണ് പ്രധാനമായും ഈ സമ്മേളനത്തിൽ നടന്നത്. മൊത്തം പതിനേഴ് ദിവസത്തെ സമ്മേളനത്തിൽ നാല് ദിവസങ്ങൾ ഗവൺമെന്റ് കാര്യത്തിനായും മൂന്ന് ദിവസങ്ങൾ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനുമായും ചെലവഴിച്ചു. 2021-22 ലെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെയും ഉപധനാഭ്യർത്ഥനകളുടെയും ചർച്ചയ്ക്കും വോട്ടെടുപ്പിനും ശേഷം ധനവിനിയോഗ ബില്ലുകൾ പാസ്സാക്കി സഭ ആഗസ്റ്റ് 13 ന് പിരിഞ്ഞു. 2021 ലെ ധനകാര്യ ബില്ലും ഈ സമ്മേളനത്തിൽ സഭ പാസാക്കി. സമ്പൂർണ്ണ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ഇത്തവണയും സഭ സമ്മേളിച്ചത്.



നിയമസഭാ പ്രസംഗങ്ങളിലൂടെ........

# അവസരസമത്വം നൽകാതെ സ്ത്രീകളെ ഒറ്റപ്പെടുത്തുന്നത് അനീതി

1990 ഡിസംബർ 20 ന് വനിതാ കമ്മീഷൻ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. നബീസാ ഉമ്മാൾ നടത്തിയ പ്രസംഗം



കേരള വനിതാ കമ്മീഷൻ ബിൽ കേരളത്തിന്റെ അഭിമാനഭാജനമായ ശ്രീമതി ഗൗരിയമ്മ അവതരിപ്പിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. വനിതകളായ ഞങ്ങൾക്ക് ആ കാര്യത്തിൽ അങ്ങയോടും ബഹുമാനപ്പെട്ട മന്ത്രിയോടും അങ്ങേയറ്റത്തെ ആദരവുണ്ട്. ഇവിടെ വനിതകളെക്കുറിച്ച് പലരും പറഞ്ഞു കഴിഞ്ഞു. സ്ത്രീയെന്നു പറഞ്ഞാൽ 'സത്വഗുണം, തമോഗുണം, രജോഗുണം ഇവയുടെ ത്രിവേണി സംഗമമാണ്' സത്വഗുണപ്രധാനിയായിരിക്കുമ്പോൾ അങ്ങ് ഉൾപ്പെട്ടയുള്ള പുരുഷന്മാർ പറയും 'വെള്ളത്താമരപോലെ വിശുദ്ധിതിരളും സ്ത്രീചിത്തമേ' എന്നൊക്കെ. അങ്ങനെ അല്ലാതെ പെരുമാറുമ്പോൾ Fraility thy name is women 'അങ്കുശമില്ലാത്ത ചാപല്യമേ മണ്ണിൽ അംഗനയെന്നു വിളിക്കട്ടെ നിന്നെ ഞാൻ' എന്നു പറയും. പണ്ടു കാലം മുതലേ രാജ്യത്തു നടക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിയിൽ ഒരു സ്ത്രീയുണ്ടെന്നു പറഞ്ഞു. കുരുക്ഷേത്ര യുദ്ധത്തിന് കാരണക്കാരിയായത് ദ്രൗപതിയാണെന്നും ഹെലൻ ഓഫ് ട്രായി ആണ് യവനയുദ്ധത്തിന് കാരണമെന്നുമൊക്കെ പറഞ്ഞിട്ടുണ്ട്. പക്ഷേ കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്ക് ഇവിടെ പലരും പറഞ്ഞതുപോലെ സ്ത്രീയൊരു പ്രമുഖ ഘടകമാണ്. പരസ്പര വിശ്വാസത്തിലും സഹകരണത്തിലും അധിഷ്ഠിതമായിട്ടുമാത്രമേ കുടുംബജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാദ്ധ്യമാവുകയുള്ളു. പക്ഷേ സ്ത്രീ ഗർഭിണിയായിരിക്കുന്ന സമയത്ത് 'പുംസവന'മെന്നൊരു അടിയന്തരം നടത്താറുണ്ട്. 'പുമാൻ ജായതെ,നഃപുത്രിജായതെ' എന്നാണ് ഇതിന്റെ ഉള്ളടക്കം. കാരണം, പും നാമം നരകത്തിൽ നിന്ന് പിതാവിനെ ത്രാണനം ചെയ്യുന്നവനാണ് പുത്രൻ, എന്നുള്ള ഒരു വ്യവസ്ഥിതി ഉണ്ടായിരുന്നതുകൊണ്ടാണ് ആ തരത്തിൽ പുളികുടി അടിയന്തിരം അല്ലെങ്കിൽ പുംസവനമൊക്കെ നടത്തിയിരുന്നത്. പെൺകുട്ടികൾ ജനിച്ചു കഴിഞ്ഞാൽ അമ്മമാരൊക്കെ പറയും അടക്കമായിട്ടും ഒതുക്കമായിട്ടുമൊക്കെ വേണം നടക്കാൻ, ഉറച്ചു വർത്തമാനം പറയരുത്, ഭൂമി കുലുക്കി സഞ്ചരിക്കരുത്, 'പദേപദശതംനസ്ത്തംയയാ ലീലയാ' എന്നുള്ള മട്ടിലേ നടക്കാവൂ, എന്നൊക്കെ. അതൊക്കെ കേട്ട് വളർന്ന് വന്ന പെൺകുട്ടി വിവാഹം കഴിക്കുന്നു, വിവാഹത്തെ സംബന്ധിച്ചിടത്തോളവും മാതൃത്വത്തെ സംബന്ധിച്ചിടത്തോളവും ഒരൊറ്റ മതവും തെറ്റായി പറയുന്നില്ല. മാതാവിന്റെ പാദത്തിലാണ് സ്വർഗ്ഗം സ്ഥിതിചെയ്യുന്നതെന്നാണ് നബി തിരുമേനി പറഞ്ഞത്. അറേബ്യയിലെ ചുട്ടുപഴുത്ത മലരാണ്യത്തിൽ ജീവനോടുകൂടി പെൺകുഞ്ഞുങ്ങളെ കുഴിച്ചു മൂടുന്ന പൈശാചികമായ സാഹചര്യം നിലവിലുണ്ടായിരുന്നു. സ്ത്രീ നിങ്ങൾക്ക് ഒരു കവചമാകുന്നു, അറിഞ്ഞുകൊണ്ട് സ്ത്രീയും പുരുഷനും നല്ല പ്രവൃത്തികൾ ചെയ്താൽ അവർക്ക് വിമലമായ ലാവണത്തിൽ എത്തിപ്പെടാൻ സാധിക്കുമെന്നൊക്കെ പറഞ്ഞിട്ടുണ്ട്. പക്ഷേ ആ സമുദായത്തിൽപ്പെട്ട ആളുകളാണ് ഇപ്പോൾ നാലു കല്ല്യാണം കഴിച്ചിട്ട് അഞ്ചാമത്തേത് ഇൻജസ്റ്റല്ല ഇറെഗുലറാണെന്ന് പറഞ്ഞ് ആദ്യത്തെ ഒന്നിനെ ലൊടക്കാക്കി ഷെഡിൽ കേറ്റി തലാക്ക് തലാക്ക് മുത്തലാക്ക് പറഞ്ഞിട്ട് അഞ്ചാമത് ഒരെണ്ണത്തിനെക്കൂടി എടുത്ത് വീണ്ടും നാലാക്കി കൊണ്ട് നടക്കുന്നത്. തുല്യമായി കൊട്ടുത്തുപോറ്റാൻ കഴിവുള്ളവർ മാത്രമേ ഒരെണ്ണത്തിലധികം ഭാര്യമാരെ സ്വീകരിക്കാവൂയെന്ന് നബി തിരുമേനി പറഞ്ഞിട്ടുണ്ട്. ബദർ യുദ്ധം ഉഹദയുദ്ധം ഒക്കെ നടന്ന സാഹചര്യത്തിലാണ് അങ്ങനെയൊരു പരാമർശമുണ്ടായത്. അനാഥക്കുട്ടികളേയും വിധവകളേയും സംരക്ഷിക്കാൻ വേണ്ടിയാണ്. തുല്യമായി കൊട്ടുത്തുപോറ്റാൻ സാധിക്കുമോ? ദശരഥ മഹാരാജാവിന് സാധിച്ചിട്ടുണ്ടോ? രണ്ടായിട്ടല്ലേ അദ്ദേഹം പുത്രകാമേഷ്ടി വേളയിൽ വന്ന പായസം പങ്കുവച്ചത്? ഒരു ഭാര്യ വെറുവെറെ നോക്കിയിരിക്കുമ്പോൾ രണ്ടു ഭാര്യമാർക്കായിട്ടാണ് ഓരോ പങ്ക് കൊടുത്തത്. ദേവാസുര യുദ്ധത്തിൽ കൊച്ചുവിരൽ അച്ചാണി ആക്കി വച്ചത് ഇളയ ഭാര്യ കൈകേകിയാണ്. അപ്പോൾ സ്നേഹം തുല്യമായി കൊടുത്തു ജീവിക്കാൻ സാദ്ധ്യമല്ലല്ലോ? ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ പാടില്ലയെന്ന് പരോക്ഷമായി അനുശാസിക്കുന്ന മതമാണ് ഇസ്ലാം മതം. അല്ലാതെ തുല്യമായി കൊടുത്തു പോറ്റാൻ കഴിവില്ലാത്തവൻപോലും നടന്ന് പെണ്ണുകെട്ടിക്കോയെന്ന് ഒരു സ്ഥലത്തും പറയുന്നില്ല. അതും ഞങ്ങളെ സംബന്ധിച്ചിടത്തോളം വേദനാജനകമായ കാര്യമാണ്.

ഹിന്ദുതത്വസംഹിതകളിൽ നോക്കുക. 'ജഗതപിതരൗ' എന്ന് അതായത് ജഗത്തിൽ അമ്മയും അച്ഛനും തുല്യ പങ്കാളിത്തമുള്ള ആളുകളാണെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. അതുപോലെ തന്നെ 'ഉമാമഹേശ്വരൻ, സാംബശിവൻ' എന്നൊക്കെ പറയുമ്പോൾ സ്ത്രീ പുരുഷബന്ധത്തിന്റെ ആ അനുപാതം അൻപത്-അൻപത് എന്നുള്ള മട്ടിലാണ്.

ക്രിസ്ത്യാനിറ്റിയിലും ഇതുപോലെ തന്നെയാണ്, പക്ഷേ ഒരു കാര്യമേയുള്ളു, വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു, സ്വർഗ്ഗത്തിൽവെച്ച് ഇണക്കിയവരെ ഭൂമിയിൽ പിരിക്കാൻ സാദ്ധ്യമല്ലായെന്നൊക്കെ പറയുമ്പോൾ ഈ ഭൂമിയിൽ ആ സമുദായത്തിൽപ്പെട്ട ആളുകളും അനുഭവിക്കുന്ന വൈഷമ്യങ്ങൾ കുറച്ചൊന്നുമല്ലെന്നു നാം മനസ്സിലാക്കണം. സ്വത്തവകാശത്തിന്റെ പേരിൽ മേരിറോയി നടത്തിയ കേസിന്റെ കാര്യം നാം ഓർക്കണം. ജീവനാംശത്തിന്റെ പേരിൽ ഷാഹാനുബീഗത്തിന്റെ കേസും നമുക്ക് അറിയാവുന്നതാണ്. മഹറും മത്ആയും മറ്റും കൊടുക്കണമെന്ന് അനുശാസിക്കുന്ന മതത്തിൽ സ്ത്രീകൾക്ക് നിയമപരിരക്ഷ നിഷേധിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ കാര്യവും നമുക്ക് അറിയാം. അതുകൊണ്ടാണ് എല്ലാ തത്ത്വസംഹിതകളും സ്ത്രീകൾക്ക് അടിസ്ഥാനപരമായിത്തന്നെ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും ഇന്ത്യൻ ഭരണഘടനയിൽ ഇക്കാര്യത്തിൽ പ്രത്യേക അനുശാസനങ്ങൾ ഉണ്ടെങ്കിലും നിരവധി പഴുതുകളിലൂടെ വളരെ വിദഗ്ദ്ധമായി പല പുരുഷന്മാരും രക്ഷപ്പെടുന്നു. സ്ത്രീകൾക്ക് പലപ്പോഴും നിയമം നിഷേധിക്കുകയോ, നിരാകരിക്കുകയോ ചെയ്യുന്നതുകൊണ്ടാണ് സ്ത്രീകളുടെ പ്രശ്നം കാര്യമായി കണക്കിലെടുത്ത് അതിനുവേണ്ട പരിഹാരം നിർദ്ദേശിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സാമൂഹ്യവിഭവ വികസന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ശ്രീ. വി.പി. സിംഗ് ഒരു ബിൽ കൊണ്ടുവന്നത്. അതിന്റെ പേരിലാണ് ഇവിടെയും വനിതാ ക്ഷേമബിൽ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ ഇതിൽത്തന്നെ 'ചെയർമാൻ' എന്നാണ് പറഞ്ഞിരിക്കുന്നത്. 'ചെയർപേഴ്സൺ' എന്നാക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. കാരണം ഒരു പുരുഷനുകൂടി അതിനകത്ത് ഈ പരാമർശനം കൊണ്ട് കടക്കാൻ സൗകര്യമുണ്ട്.

എന്റെ സകല അഭ്യുദയത്തിനും കാരണക്കാരൻ എന്റെ ഭർത്താവുതന്നെയാണ്. ആദമിന്റെ വാരിയെല്ലെടുത്താണ് സ്ത്രീയെ സൃഷ്ടിച്ചതെന്ന് ബൈബിളിൽ പറയുന്നു. You are the flesh of my flesh and the bone of my bone and I call thee women എന്നാണ് ബൈബിൾ വ്യാഖ്യാനം. അപ്പോൾ ഒരു വാരിയെല്ല് തന്നെ ഇത്രയും 'വെനമസ്' ആണെങ്കിൽ ബാക്കി വാരിയെല്ലുകളും മറ്റെല്ലാ എല്ലുകളുമുള്ള പുരുഷന്മാരുടെ കാര്യം എന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർ രാഘവനോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. എനിക്ക് അങ്ങനെ പീഡനങ്ങളൊന്നും ഉണ്ടായിട്ടില്ല. കാരണം എനിക്ക് അവസര സമത്വം അനുവദിച്ചു തരുന്ന തരത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിച്ചു. പക്ഷെ എന്റെ സമുദായത്തിൽപ്പെട്ട വടക്കോട്ടുള്ള സ്ത്രീകൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല. അതുകൊണ്ട് വിദ്യാഭ്യാസ സൗകര്യങ്ങൾ കൊടുക്കണം, അവസര സമത്വം ഉണ്ടാകണം, വളരാനും വികസിക്കാനുമുള്ള സാഹചര്യങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന എല്ലാ വൈതരണികളെയും ചാടിക്കടക്കാനുള്ള അവസരം സ്ത്രീകൾക്കു കിട്ടണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളു. സ്ത്രീകൾ ഇന്ന് പീഡിപ്പിക്കപ്പെടുന്നില്ലേ? ജനിക്കാൻ അനുവദിക്കപ്പെടുന്നുണ്ടോ? എന്റെ സഹോദരി ഇവിടെ പറഞ്ഞു, ജനിക്കാൻ അനുവദിക്കുന്നില്ല, ആംനോസിന്തസിസ് ടെസ്റ്റ് നടത്തുകയാണ് എന്ന്. അത് നടത്തിനോക്കിയാൽ പെൺ ഭ്രൂണമെങ്കിൽ അതിനെ നശിപ്പിച്ചുകളയുന്നു. ഇനി ജനിച്ചാലോ ജീവിക്കാൻ അനുവദിക്കുന്നില്ല. അരളിക്കൊട്ടയെക്കുറിച്ച് നിങ്ങളൊക്കെ വായിച്ചു കാണും. തമിഴ്നാട്ടിൽ നെല്ലിയാംപതി എന്നു പേരായ ഒരു ഗ്രാമത്തിൽ അമ്മ പെൺകുട്ടിയുടെ വായിൽ അരളിയുടെ ചാറും നെൽമണിയും ഇട്ടുകൊടുത്ത് അതോടൊപ്പം കുഞ്ഞിന് പാൽ കൊടുക്കുന്നു. എങ്ങനെയെങ്കിലും മരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അങ്ങനെ ചെയ്തിട്ടും മരിക്കാതെ ജീവിച്ച പെൺകുട്ടിക്കാണ് അരളിക്കൊട്ടയെന്ന് പേര് കിട്ടിയത്. അങ്ങനെ എത്ര പെൺകുട്ടികളാണ് ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ കഴിയുന്നത്.

അതുപോലെ വിവാഹസമയത്ത് നൽകുന്ന സ്ത്രീധനത്തിന്റെ പേരിൽ എത്ര വിവാഹമോചനങ്ങളാണ് നടക്കുന്നത്? വാസ്തവത്തിൽ അതൊക്കെ കണ്ടുപിടിച്ച് ദുഃഖിതരായ സ്ത്രീകൾക്ക് നിയമസഹായം നൽകാൻ തീർച്ചയായിട്ടും കേരള വനിതാകമ്മീഷൻ ബിൽ മുഖേന സാധിക്കുമെന്നുള്ളതാണ് എന്റെ ശുഭപ്രതീക്ഷ. നിങ്ങൾക്കെല്ലാം അറിയാമല്ലോ കേന്ദ്രമന്ത്രിയായ കല്ല്യാൺ സിംഗ് കൽവിയുടെ കാര്യം. ഭർത്താവ് മരിച്ചാൽ വിധവയായ സ്ത്രീ സർവ്വാഡംബര വിഭൂഷിതയായി ചിതാഗ്നിയിൽ ചെന്നിരിക്കണം. ക്ഷത്രിയന്മാരുടെ ഇടയിലുള്ള അലിഖിത നിയമമാണ് അത്. എന്തിനാണെന്നോ, അടുത്ത ജന്മവും അവർ തന്നെ ഭാര്യാഭർത്താക്കൻമാരായി വരണമെന്നുള്ളതാണ് അതിന്റെ പിന്നിലുള്ള ചേതോവികാരം. അപ്പോൾ സ്ത്രീയാണ് പുരുഷനു മുമ്പ് മരിക്കുന്നതെങ്കിൽ പുരുഷൻ തീയിൽ ചെന്നിരിക്കുമോ? അങ്ങനെയല്ലേ സമത്വവാദികളാഗ്രഹിക്കേണ്ടത്? അതിൽ നിങ്ങൾക്ക് എതിരുണ്ടോ? എങ്കിൽ ഞങ്ങൾക്കും എതിരുണ്ട്. ഇല്ലെങ്കിൽ ഇല്ല. പുരുഷൻ അങ്ങനെ ഒരു സൗമനസ്യം കാണിക്കുമോ? അങ്ങ് പറഞ്ഞല്ലോ സ്നേഹം വേണം, കാരുണ്യം വേണമെന്നൊക്കെ. ഒരു സ്ത്രീയെ പച്ച ജീവനോടുകൂടി ദഹിപ്പിക്കുന്നതാണോ കാരുണ്യം? അത് എന്ത് ആചാരത്തിന്റെ പേരിലായാലും ഞങ്ങൾക്ക് അംഗീകരിക്കാൻ പറ്റുമോ? ഇപ്പോൾ രാജസ്ഥാനിലും മറ്റും പകുതി വെന്തും വേവാതെയും സതീക്ഷേത്രങ്ങളുടെ മറപറ്റി കഴിയുന്ന നിരവധി സ്ത്രീകൾ ഉണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. മേഘാലയയിൽ മാത്രമേ പുരുഷൻമാർക്ക് സ്വത്തവകാശമോ മറ്റ് ആനുകൂല്യ വ്യവസ്ഥകളോ ഇല്ലാത്തതായി ഞാൻ മനസ്സിലാക്കുന്നുള്ളു. ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലൊക്കെ സ്ത്രീകൾ ജീവനോടുകൂടി എരിക്കപ്പെടുന്നു. പല കാരണങ്ങളാലും അവർ കഷ്ടതയനുഭവിക്കുന്നു. നമ്മുടെ നാട്ടിൽത്തന്നെ മാവേലി സ്റ്റോറുകളിൽ നിൽക്കുന്ന നീണ്ട ക്യൂ നോക്കിയാലറിയാം ഭൂരിപക്ഷം സ്ത്രീകളാണ്. സ്ത്രീകളെയാണ് പല കാര്യങ്ങൾക്കും പീഡിപ്പിക്കുന്നത്. അവരുടെ മാതൃത്വം അഭിനന്ദനവും ഒപ്പം അഭിശപ്തവുമായി മാറിയിരിക്കുകയാണ്. വേളിച്ചരടിന്റെ കെട്ടുമുറുക്കുന്ന, ഒരു കുഞ്ഞിന്റെ ജനനത്തിന് കാരണമാകുന്ന മാതൃത്വത്തെ വാഴ്ത്തുന്നതൊടൊപ്പംതന്നെ സ്ത്രീയെ മുക്കിലും മൂലയിലുമൊക്കെ വെച്ച് ബലാൽസംഗം ചെയ്ത് അപമാനിതയാക്കാനും ശ്രമം നടക്കുന്നു. മാതൃത്വത്തിന്റെ പവിത്രതയ്ക്ക് കളങ്കം വരുത്തുന്ന തരത്തിലുള്ള പല നടപടികളും ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നുമുണ്ട്.

പരസ്യത്തിനുവേണ്ടിയും മറ്റും സ്ത്രീകളെ ഉപയോഗിക്കുന്ന സംഗതി ഇവിടെ ശ്രീമതി മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. ഇവിടെ സംസ്ഥാനതല ശിശുക്ഷേമ സമിതിയുണ്ട്. അതിൽ ഗവർണ്ണറും മുഖ്യമന്ത്രിയും പ്രധാന അംഗങ്ങളാണ്. അതുകഴിഞ്ഞാൽ പിന്നെയുള്ള പത്തുപേരും പുരുഷൻമാരാണ്. ഒരു സ്ത്രീക്ക് ഇവിടെ പ്രാതിനിധ്യമില്ല. അതുപോലെ സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കാനുള്ള നിരവധി കമ്മീഷനുകളുണ്ടിവിടെ. അതിലൊക്കെ സ്ത്രീകളെ ഒരു മാതിരി വിലക്കപ്പെട്ട കനികളാക്കി മാറ്റി നിറുത്തിയിരിക്കുകയാണ്. അവസരസമത്വം നല്കാതെ സ്ത്രീകളെ ഒറ്റപ്പെടുത്തുന്നത് അനീതിയാണ്. ഈ അനീതികളൊക്കെ എണ്ണിയെണ്ണി പറഞ്ഞ് പരിഹാരം കാണുന്നതിനുവേണ്ടിയാണ് വനിതാക്ഷേമകമ്മീഷൻ രൂപംകൊള്ളുന്നത്. അപ്പോൾ അതിലെ ചെയർപേഴ്സൺ നിർബന്ധമായും സ്ത്രീയായിരിക്കണം - shall be, preferably എന്നൊന്നും പാടില്ല. must be a woman എന്നു തന്നെ പറയണം. ഡയറക്ടർ സ്ത്രീയോ പുരുഷനോ ആയിക്കൊള്ളട്ടെ, അഞ്ച് അംഗങ്ങളുണ്ട്. പിന്നെ ഡയറക്ടർ നിർദ്ദേശിക്കുന്ന അംഗങ്ങളുണ്ട്. എന്നിരുന്നാലും ഏത് സാഹചര്യത്തിലും ഇതിന്റെ ചെയർ പേഴ്സൺ ഒരു സ്ത്രീ തന്നെ ആയിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. മാത്രവുമല്ല ഇക്കാര്യത്തിൽ സ്ത്രീയും പുരുഷനും തമ്മിൽ വഴക്ക് കൂടാനുള്ള കാര്യമൊന്നുമില്ല. സംസ്ഥാനത്തിൽ ജനസംഖ്യയിൽ പകുതിയലധികം വരുന്ന സ്ത്രീകൾക്ക് തക്കതായ പ്രാതിനിധ്യമില്ല. ഇവിടെ നിയമസഭയിൽത്തന്നെ എട്ടുപേരല്ലേയുള്ളു. ഒരു മന്ത്രിയും ഒരു ഡെപ്യൂട്ടി സ്പീക്കറും കഴിഞ്ഞാൽ ഞങ്ങൾ രണ്ടു വശത്തും മൂന്നു മൂന്നു ആളുകളേയുള്ളു. മതിയായ പ്രാതിനിധ്യമുണ്ടോ? 30 ശതമാനമുണ്ടോ? പാർലമെന്റിലെ അംഗത്വത്തിലും ഇതില്ല. മറ്റൊരു സ്ഥലത്തുമില്ല. എന്തുകൊണ്ടില്ല? എന്നു ചോദിച്ചാൽ പലതിന്റെയും പേരിൽ ചില അമ്മമാരുടെ വയറ്റിൽ ജനിച്ചുപോയ സ്ത്രീകൾക്ക് വിദ്യാഭ്യാസം കൊടുക്കാതെ പല ലാവണങ്ങളിലും യോഗ്യത ലഭിക്കാനുള്ള അവസരം നൽകാതെ ചവുട്ടി താഴ്ത്തിയിരിക്കുകയാണ് ചെയ്യുന്നത്. ജാതിയുടെ പേരിലായാലും മതത്തിന്റെ പേരിലായാലും ആചാരാനുഷ്ഠാനങ്ങളുടെ പേരിലായാലും ഈ അനീതി ഇന്നും നിലനിൽക്കുകയാണ്. ഇത്തരം അനീതികൾക്ക് അറുതിവരുത്തുന്നതിനുവേണ്ടിയാണ് നമ്മുടെ പ്രിയപ്പെട്ട ഗൗരിയമ്മ, പണ്ട്, ഭാമ തേര് തെളിച്ചതുപോലെയും വിക്ടോറിയ ഭരിച്ചതു പോലെയും ഉണ്ണിയാർച്ച അടരാടിയതുപോലെയും ശക്തിയുക്തമായി പോരാടാൻ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അങ്ങ് വിശേഷിപ്പിച്ചതു പോലെ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള ഈ ബിൽ മാഗ്നാകാർട്ടയ്ക്ക് തുല്യമായിത്തീരട്ടെ എന്നുള്ള ആഗ്രഹത്തോടുകൂടി ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.


**പ്രൊഫ. നബീസ ഉമ്മാൾ**

**എട്ടാം കേരള നിയമസഭയിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. സ്ത്രീ ശാക്തീകരണ രംഗത്തെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റേതുൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചു. കോളേജ് പ്രിൻസിപ്പാളായി വിരമിച്ച പ്രൊഫ.നബീസ ഉമ്മാൾ കേരള, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റികളിൽ പരീക്ഷാബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.**

## ഒളിംപിക്സ് മെഡൽ ജേതാക്കൾക്ക് കേരള നിയമസഭയുടെ അഭിനന്ദനം

2021 ൽ ജപ്പാനിലെ ടോക്കിയോയിൽ നടന്ന 32 ാമത് ഒളിംപിക്സിൽ മെഡൽ നേടിയ ഇന്ത്യൻ കായിക താരങ്ങളെ കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ സഭ അഭിനന്ദിച്ചു. ജാവലിൻ ത്രോയിൽ 87.58 മീറ്റർ ദൂരം എറിഞ്ഞ് സ്വർണ്ണ മെഡൽ നേടി രാജ്യത്തിന് അഭിമാനകരമായ വിജയം സമ്മാനിച്ച നീരജ് ചോപ്രയെ സഭ പ്രത്യേകം അഭിനന്ദിച്ചു. ആധുനിക ഒളിംപിക്സിൽ ഇന്ത്യ നേടുന്ന ആദ്യത്തെ അത്‌ലറ്റിക്സ് സ്വർണമെഡൽ എന്ന നിലയിൽ തലമുറകളുടെ സ്വപ്നമാണ് നീരജിലൂടെ സാക്ഷാത്കരിച്ചതെന്ന് സഭ പ്രശംസിച്ചു. 49 കിലോ വനിതാ വിഭാഗം ഭാരോദ്വഹനത്തിൽ വെള്ളിമെഡൽ നേടിയ സായ്കോം മീരാബായ് ചാനു, പുരുഷവിഭാഗം 57 കിലോ ഫ്രീസ്റ്റൈൽ ഗുസ്തി മത്സരത്തിൽ വെള്ളി മെഡൽ നേടിയ രവികുമാർ ദഹിയ, 69 കിലോ വനിതാ വിഭാഗം ബോക്സിങ്ങിൽ വെങ്കല മെഡൽ നേടിയ ലവ്‌ലിന ബോർഗോഹെയ്ൻ, 65 കിലോ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡൽ നേടിയ ബജ്‌രംഗ് പുനിയ എന്നിവരേയും സഭ അഭിനന്ദിച്ചു.

1980 ലെ മോസ്കോ ഒളിംപിക്സിനു ശേഷം പുരുഷവിഭാഗം ഹോക്കിയിൽ ജർമനിയെ തോൽപ്പിച്ച് വെങ്കല മെഡൽ നേടിയ ഇന്ത്യൻ ടീമിനെയും മലയാളിയായ ഗോൾകീപ്പർ ശ്രീജേഷിനേയും ബാഡ്മിന്റനിൽ വെങ്കല മെഡൽ നേടിയ പി.വി.സിന്ധുവിനെയും കേരള നിയമസഭ പ്രത്യേകമായി അഭിനന്ദിച്ചു. മലയാളിയായ ശ്രീജേഷ് നടത്തിയ മികച്ച സേവുകളാണ് ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചത് എന്നത് അഭിമാനകരവും ആഹ്ലാദകരവുമാണെന്നും വനിതാ വിഭാഗം ഹോക്കി ടീമിന് വെങ്കല മെഡൽ നഷ്ടപ്പെട്ടെങ്കിലും കളിയിൽ മികച്ച പോരാട്ടമായിരുന്നു അവർ കാഴ്ച്ചവച്ചതെന്നും വനിതാ ഹോക്കി ടീമിന്റെ പോരാട്ട വീര്യവും അഭിനന്ദനം അർഹിക്കുന്നുവെന്നും സഭ പരാമർശിച്ചു.



പി. ആർ. ശ്രീജേഷ്



നീരജ് ചോപ്ര

## ചിത്രജാലകം



ഒന്നാം കേരള നിയമസഭയുടെ മുഖ്യമന്ത്രിയായി ഇ.എം.എസ്. നമ്പൂതിരിപ്പാട് ഗവർണർ ബി. രാമകൃഷ്ണ റാവു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു



നിയമസഭാ സെക്രട്ടേറിയറ്റിലെ വിരമിച്ച ജീവനക്കാർ നിയമസഭാ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി എന്നിവരോടൊപ്പം

## 1991 ലെ കേരള വനിതാ കമ്മീഷൻ ആക്ടും ഭേദഗതി നിയമങ്ങളും ഒറ്റനോട്ടത്തിൽ

ഭരണഘടനയും നിയമങ്ങളും സ്ത്രീസുരക്ഷ ഉറപ്പ് വരുത്തുന്നുണ്ടെങ്കിലും സമൂഹത്തിന്റെ വിവിധ തുറകളിൽ സ്ത്രീകൾക്കു നേരെ ശാരീരിക മാനസിക പീഡനങ്ങളും തൽഫലമായുള്ള മരണങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം പീഡനങ്ങൾ തടയുന്നതിനാവശ്യമായ പരിഹാര മാർഗ്ഗം കണ്ടെത്തണമെന്ന സ്ത്രീപക്ഷ സംഘടനകളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാസംഘടന പ്രവർത്തകരും നിയമജ്ഞരും സാമൂഹ്യപ്രവർത്തകരും സ്ത്രീപുരോഗതിയിൽ താൽപര്യമുള്ള വ്യക്തികളും അടങ്ങുന്ന ഒരു കമ്മിറ്റി 1989 മേയ് 18 ന് സർക്കാർ വിളിച്ചു ചേർക്കുകയും നിയമനിർമ്മാണം ആവശ്യമായ മേഖലകൾ പരിശോധിച്ച് കരട് രേഖ തയ്യാറാക്കാൻ അന്നത്തെ വനിതാ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെയും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയെയും ചുമതലപ്പെടുത്തുകയും ചെയ്തതോടെ വനിതാ കമ്മീഷൻ ബില്ലിന് തുടക്കമായി.

സമൂഹത്തിൽ സ്ത്രീ പുരുഷ തുല്യത കൈവരിക്കുന്നതിനായി സ്ത്രീകൾക്കു നേരെയുള്ള ചൂഷണവും അക്രമവും അവസാനിപ്പിക്കുന്നതിനുള്ള ഒരു നടപടിക്രമം ആവിഷ്ക്കരിക്കുന്നതിനും സ്ത്രീകളുടെ ഉന്നമനത്തിനായി നിയമനടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയുള്ള നിയമനിർമാണം എന്ന ലക്ഷ്യത്തോടെ 1991 ലെ കേരള വനിതാ കമ്മീഷൻ ബിൽ തയ്യാറാക്കി. ഗസറ്റ് വിജ്ഞാപനം മുഖേന ഒരു ചെയർപേഴ്സണും ആറിൽ കൂടുതലല്ലാത്ത അംഗങ്ങളും ഉൾപ്പെടുന്ന ഒരു വനിതാ കമ്മീഷൻ സർക്കാർ രൂപീകരിക്കേണ്ടതാണെന്നും അതിൽ ഒരംഗം പട്ടികജാതി/പട്ടകവർഗ്ഗത്തിൽപ്പെട്ട വനിതയായിരിക്കണമെന്നും ആക്ടിന്റെ 5 ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരുന്നു. ചെയർപേഴ്സൺ ഉന്നതമായ വ്യക്തിത്വത്തിനുടമയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അറിവും അവ കൈകാര്യം ചെയ്യുന്നതിന് പ്രാവീണ്യവുമുള്ള വ്യക്തിയായിരിക്കണമെന്നും നിയമത്തിൽ വ്യവസ്ഥയുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള നീതിരഹിതമായ നടപടികൾ നിർവ്വചിച്ചിട്ടുമുണ്ട്.

സ്ത്രീകൾക്ക് നേരെയുള്ള നീതിരഹിതമായ നടപടികൾ സംബന്ധിച്ച് അന്വേഷണം നടത്തി, അത് തടയുന്നതിന് വേണ്ട ശിപാർശ സഹിതം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക, നിലവിലുള്ള നിയമങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിക്കുന്ന പോരായ്മകൾ ഉണ്ടെങ്കിൽ അത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക, സർക്കാർ - പൊതുമേഖല സർവ്വീസുകളിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുക, സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടിക്ക് ശിപാർശ നൽകുക തുടങ്ങിയവ കമ്മീഷന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നീതിരഹിതമായ നടപടി ഉണ്ടായെന്ന് സ്ത്രീകളിൽ നിന്നോ സംഘടനയിൽ നിന്നോ പരാതി ലഭിക്കുകയോ സർക്കാരിൽ നിന്ന് അപേക്ഷ ലഭിക്കുകയോ ചെയ്താൽ കമ്മീഷന് അതു സംബന്ധിച്ച് അന്വേഷണം നടത്താവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. ഇത്തരം സംഭവങ്ങളിൽ കമ്മീഷന് സ്വമേധയാ നടപടി സ്വീകരിക്കാൻ അധികാരമുണ്ട്. സാക്ഷികളെ വിളിച്ചു വരുത്തി തെളിവെടുക്കുന്നതിനും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും വനിതാ കമ്മീഷന് സിവിൽ കോടതിക്ക് തുല്യമായ അധികാരമുണ്ട്. കൂടാതെ കമ്മീഷന്റെ പ്രവർത്തനത്തെ കോടതിയിൽ ചോദ്യം ചെയ്യാനും കഴിയില്ല.




സർക്കാർ സ്വീകരിക്കുന്ന, സ്ത്രീകളെ ബാധിക്കുന്ന നയപരമായ കാര്യങ്ങൾ വനിതാ കമ്മീഷനുമായി കൂടിയാലോചിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. 1990 ഡിസംബർ 29 ന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കെ.ആർ. ഗൗരിയമ്മയാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. അന്നേ ദിവസം തന്നെ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1991 ഏപ്രിൽ 4 ന് പാസാക്കുകയും ചെയ്തു. 1995 ആഗസ്റ്റ് 22 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതോടെ 1991 ലെ കേരള വനിതാ കമ്മീഷൻ നിയമം നിലവിൽ വന്നു.

കേരള വനിതാ കമ്മീഷൻ പുനസംഘടിപ്പിച്ചുകൊണ്ടും അംഗസംഖ്യ മൂന്നായി പരിമിതപ്പെടുത്തിക്കൊണ്ടും ക്വോറം രണ്ടായി നിജപ്പെടുത്തിക്കൊണ്ടും 2002 ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) നിയമം നിലവിൽ വന്നു. ഈ ഭേദഗതിയിലൂടെ വനിതാകമ്മീഷനിൽ പട്ടിക ജാതി/ പട്ടിക വർഗ്ഗ പ്രാതിനിധ്യം ഇല്ലാതായി. ചെയർപേഴ്സണും അംഗങ്ങൾക്കും പൂർവ്വകാല സേവനം കണക്കിലെടുക്കാതെ ശമ്പളത്തിനു പകരം നിശ്ചിത തുക ഓണറേറിയം നൽകാനും ഈ ഭേദഗതിയിലൂടെ വ്യവസ്ഥ ചെയ്തു. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി 2002 ജൂൺ 12 ന് സഭയിൽ അവതരിപ്പിച്ച ബില്ലിന് 2002 ജൂലൈ 16 ന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചു.

വനിതാ കമ്മീഷന് ലഭിക്കുന്ന പരാതികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് പരിഹാര നിർദ്ദേശങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് കമ്മീഷന് കഴിയാതെ വന്ന സാഹചര്യത്തിൽ, പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടി അംഗസംഖ്യ ആറായി വർദ്ധിപ്പിക്കുന്നതിനും കമ്മീഷനിലെ ചെയർപേഴ്സണും അംഗങ്ങളും വനിതകളായിരിക്കേണ്ടതാണെന്നും കമ്മീഷന്റെ സെക്രട്ടറിയെയും അംഗമാക്കണമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 2007 ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ കൊണ്ടുവന്നു. പട്ടിക ജാതി/ പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് വീണ്ടും പ്രാതിനിധ്യം നൽകാനും കമ്മീഷന്റെ സെക്രട്ടറിക്ക് കൂടുതൽ ഉത്തരവാദിത്തം നൽകാനും ഈ നിയമനിർമ്മാണത്തിലൂടെ കഴിഞ്ഞു. 2007 സെപ്റ്റംബർ 5 ന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പി.കെ.ശ്രീമതി ടീച്ചർ സഭയിൽ അവതരിപ്പിച്ച ബിൽ 2007 സെപ്റ്റംബർ 17 ന് നിയമസഭ പാസ്സാക്കി. ബില്ലിന് 2007 ഒക്ടോബർ 13 ന് ഗവർണറുടെ അനുമതി ലഭിച്ചു.

# കോവിഡ് തകർത്ത സമ്പദ് വ്യവസ്ഥ......

*മുഖ്യമന്ത്രിയുടെ ലേഖനം തുടർച്ച....*

തുക വകമാറ്റി ചെലവാക്കുന്നില്ല. ഇക്കാര്യം സംബന്ധിച്ച് അംഗങ്ങൾക്ക് വ്യക്തതയുണ്ടാവണം. ഐ.സി.എം.ആർ. മാർഗനിർദ്ദേശങ്ങൾ പ്രകാരമാണ് മരണനിരക്ക് കണക്കാക്കുന്നത്. മാർഗനിർദ്ദേശത്തിൽ എന്തു മാറ്റം വരുത്തിയാലും അതിനനുസരിച്ചുള്ള മാറ്റം ഇവിടെ വരും.

കോവിഡ് ഒന്നാം തരംഗകാലത്ത് കേരളത്തിൽ കോവിഡ് നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കിയതിനാൽ രോഗവ്യാപനം വളരെ കുറവായിരുന്നു. ഐ.സി.എം.ആറിന്റെ സീറോ പ്രിവലൻസ് പഠനമനുസരിച്ച് രോഗവ്യാപനം ഏറ്റവും കുറഞ്ഞ സംസ്ഥാനമായിരുന്നു കേരളം. രണ്ടാം തരംഗത്തിൽ കേരളത്തിലെ വ്യാപനനിരക്ക് കൂടിയത് നേരത്തെ രോഗം വന്ന് ഭേദമായവർ കേരളത്തിൽ കുറവായിരുന്നതുകൊണ്ടാണ്. അതിവ്യാപനശേഷിയുള്ള ഡെൽറ്റ വൈറസ് വകഭേദം കൂടി ആവിർഭവിച്ചതോടെ കേരളത്തിൽ രോഗവ്യാപനം കൂടുതൽ ശക്തിപ്പെട്ടു.

ഈ സാഹചര്യത്തിൽ കുറഞ്ഞത് 60% പേർക്കെങ്കിലും വാക്സിനേഷൻ നൽകി അതിവേഗം ഹേർഡ് ഇമ്മ്യൂണിറ്റി കൈവരിക്കാനാണ് കേരളം ശ്രമിക്കുന്നത്. അതിന് സമ്പൂർണ്ണ വാക്സിനേഷൻ നടത്തണം. ഇപ്പോഴും കേരളത്തിന്റെ വാക്സിൻ നൽകൽ ശേഷിക്കൊത്ത്, വാക്സിൻ ലഭ്യത ഉയർന്നിട്ടില്ല എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ കേരളത്തിന് കൂടുതൽ വാക്സിൻ അനുവദിപ്പിക്കാൻ നമുക്ക് കൂട്ടായി ശ്രമിക്കാം.

ഇതിനകം ലഭിച്ച വാക്സിൻ അല്പം പോലും പാഴാക്കാതെ പൂർണ്ണമായും വിതരണം ചെയ്ത സംസ്ഥാനമാണ് കേരളം. ഇതെല്ലാം പരിഗണിച്ചാൽ, കേരളത്തിന് കൂടുതൽ വാക്സിന് അർഹതയുണ്ട്. അതോടൊപ്പം സ്വകാര്യ മേഖല വഴി നൽകുന്ന 25% വാക്സിൻ കഴിവതും വേഗത്തിൽ എത്തിക്കാനും കേന്ദ്രസർക്കാരിനോട് നാം സംയുക്തമായി ആവശ്യപ്പെടണം.


കോവിഡ് കാലമായതുകൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം കോവിഡ് പ്രതിരോധത്തിനുകൂടി സഹായകമാകുന്ന വിധത്തിൽ നടത്താൻ സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വ്യവസ്ഥകൾ ലഘൂകരിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ ജനങ്ങൾക്ക് ആശ്വാസം നൽകേണ്ടതുണ്ട്. ഇത് ഗൗരവതരമായ പ്രശ്നമായി നമുക്ക് സഭാതലത്തിലും ഉയർത്തിക്കൊണ്ടുവരാൻ കഴിയണം.

ഈ കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ മറ്റിടങ്ങളെ അപേക്ഷിച്ച് താരതമ്യേന മെച്ചപ്പെട്ട നിലയിൽ ആണെങ്കിൽ പോലും കേരളവും വെല്ലുവിളികൾ നേരിടുന്നുണ്ട്. എന്നാൽ, ഏതു പ്രതിസന്ധിയുടെ ഇടയിലും കേരളത്തിലെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് യാതൊരു മുടക്കവും ഉണ്ടാകരുത് എന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. അതിനു വേണ്ട ബദൽ സാമ്പത്തിക മാർഗ്ഗങ്ങൾ അവതരിപ്പിച്ചുകൊണ്ട് കേരളം രാജ്യത്തിന് മാതൃകയായിട്ടുണ്ട്. തടസ്സമില്ലാതെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയും നാം രാജ്യത്തിനു മാതൃക ആകേണ്ടതുണ്ട്. അത് സംസ്ഥാനത്തിന്റെയാകെ യശസ്സിനെയാണ് ഉയർത്തുക എന്ന ബോധ്യത്തോടെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഇക്കാര്യത്തിൽ നമുക്ക് നിലകൊള്ളാൻ കഴിയണം.

അടുത്ത 25 വർഷം കൊണ്ട് കേരളത്തെ വികസിത-മദ്ധ്യവരുമാന രാഷ്ട്രങ്ങളുടെ നിലയിലേക്ക് വളർത്താനാണ് നാം ശ്രമിക്കുന്നത്. അതിന് നിക്ഷേപങ്ങൾ ആകർഷിക്കുകയും വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും ഉത്പാദനം വർധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം തന്നെ വികസിത രാജ്യങ്ങളുടേതിന് സമാനമായ ഗതാഗതസൗകര്യങ്ങൾ കൂടി കേരളത്തിൽ ഒരുക്കേണ്ടതുണ്ട്. നമ്മുടെ ഗതാഗത മേഖലയിൽ റെയിൽവേ, ഹൈവേ, വാട്ടർവേ, എയർപോർട്ട് എന്നിവയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിൽ കേന്ദ്രത്തിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് കെ-റെയിലിന്റെ സിൽവർ ലൈൻ പദ്ധതി. ഈ സെമി ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതി ആരംഭിക്കാൻ കേന്ദ്രത്തിന്റെ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുമ്പോൾ തന്നെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്ന വിധത്തിൽ സ്ഥലം ഏറ്റെടുപ്പുമായി സംസ്ഥാന സർക്കാർ മുന്നോട്ടു പോകുകയാണ്.

ഇതിനു പുറമെ തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട്, അങ്കമാലി - ശബരി എന്നീ റെയിൽപ്പാതകൾക്കും അനുമതി ലഭിക്കേണ്ടതുണ്ട്. ഇവയൊക്കെ തന്നെ വളരെ നാളുകളായി കേന്ദ്രത്തിന്റെ പരിഗണനയിലുള്ള വിഷയങ്ങളാണ്. ട്രെയിൻ ടിക്കറ്റിൽ നിന്നും ചരക്കുകടത്തു കൂലിയിൽ നിന്നും ഇന്ത്യൻ റെയിൽവേക്ക് ഏറ്റവും അധികം റവന്യൂ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ കേരളത്തിൽ പുതിയ റെയിൽപ്പാതകൾ ആരംഭിക്കുന്നത് റെയിൽവേക്ക് കൂടി ഗുണകരമാവുന്ന കാര്യമാണ്.

രണ്ടാമത്തെ ഗതാഗത മേഖല ദേശീയപാതയാണ്. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 70 മീറ്റർ വീതിയിൽ ഉള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിയുണ്ട്. ദേശീയപാത അതോറിറ്റിയാണ് ആ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനമാണ് ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കുന്നത്. അതിനു സർക്കാർ ഉത്തരവിലൂടെ സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. തീരദേശ പാതയും മലയോരപാതയും ഉൾപ്പെടെ പ്രഖ്യാപിക്കപ്പെട്ട ദേശീയപാതകൾ നടപ്പാക്കേണ്ടതുണ്ട്.



ജലാശയങ്ങളാൽ സമൃദ്ധമായ നാടാണ് കേരളം. നമ്മുടെ നാടിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ ജലാശയങ്ങളാൽ ബന്ധിപ്പിക്കപ്പെട്ടതാണ്. അതുകൊണ്ടുതന്നെ തിരക്കേറിയ റോഡുഗതാഗതത്തിന് ബദലാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ജലഗതാഗതം. ഈ സാധ്യത തിരിച്ചറിഞ്ഞുകൊണ്ടാണ് ദേശീയ ജലപാതയുടെ വികസനത്തിനും ഉൾനാടൻ ജലഗതാഗതത്തിന്റെ പ്രചാരണത്തിനും വേണ്ട നടപടികൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. എന്നാൽ, ജലഗതാഗത മേഖലയെ മെച്ചപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ദേശീയ ജലപാതയുടെ വികസനത്തിന് കേന്ദ്ര ഫണ്ട് ഇനിയും ലഭ്യമായിട്ടില്ല.

പിന്നെയുള്ള ഗതാഗത മേഖല വ്യോമയാനത്തിന്റേതാണ്. കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കേന്ദ്രതലത്തിൽ പൂർത്തിയാക്കപ്പെടേണ്ടതുണ്ട്. കേരളത്തിൽ ചില ഇടങ്ങളിൽ എയർസ്ട്രിപ് സജ്ജമാക്കാൻ നാം അനുമതി തേടിയിട്ടുണ്ട്. ഇതിനൊക്കെപുറമെ തിരുവനന്തപുരം എയർ പോർട്ടിന്റെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം ആയിട്ടില്ല. കേരളത്തെ പോലെ ഒന്നിലധികം അന്താരാഷ്ട്ര വിമാനത്താവളങ്ങൾ നടത്തി പരിചയസമ്പത്തുള്ള മറ്റൊരു സംസ്ഥാന സർക്കാർ ഇന്ത്യയിൽ ഇല്ല എന്ന വസ്തുത മുൻനിർത്തി തിരുവനന്തപുരം വിമാനത്താവളം സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ഉള്ള ഒരു കമ്പനിയിലൂടെ നടത്താനുള്ള അനുമതി കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കാൻ കൂട്ടായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്.

വിമാനത്താവളങ്ങളെക്കുറിച്ച് പറയുമ്പോൾ നമ്മുടെ പ്രവാസി സഹോദരങ്ങളെ പരാമർശിക്കാതിരിക്കാനാവില്ല. ഗൾഫ് രാജ്യങ്ങളുടെ യാത്രാവിലക്ക് കാരണം പലരും കേരളത്തിൽ കുടുങ്ങിയിരിക്കുകയാണ്. അവരിൽത്തന്നെ പലർക്കും ഇന്ത്യയിൽ ലഭ്യമാകാത്ത വാക്സിനുകളാണ് ഗൾഫിൽ ഫസ്റ്റ് ഡോസായി ലഭിച്ചത്. അവരുടെ സെക്കന്റ് ഡോസ് വാക്സിനേഷൻ പെൻഡിംഗാണ്. അതുകൊണ്ടു തന്നെ അവരെ എത്രയും വേഗം തിരികെ ഗൾഫിൽ എത്തിക്കേണ്ടതുണ്ട്. അത് അവരുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ആ നിലയ്ക്കുള്ള അടിയന്തര ഇടപെടൽ കേന്ദ്രത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഒന്നാം തരംഗത്തിൽ നടത്തിയ 'വന്ദേ ഭാരത് മിഷന" സമാനമായ സംവിധാനം ഒരുക്കേണ്ടതുണ്ട്.സംസ്ഥാനം ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്.

തിരുവനന്തപുരം എയർപോർട്ടുമായി ബന്ധപ്പെട്ട മാത്രമല്ല സ്വകാര്യവൽക്കരണ പ്രശ്നം നിലവിലുള്ളത്. ബിപിസിഎൽ സ്വകാര്യവൽക്കരിക്കുകയാണ്. നമ്മുടെ പെട്രോ കെമിക്കൽസ് പാർക്ക്, ഫാക്ടിന്റെ പുനരുദ്ധാരണം എന്നിവയെ ഒക്കെ ബാധിക്കുന്ന വിഷയമാണ് അത്. പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കാൻ ഇനിയും അനുമതി ലഭിച്ചിട്ടില്ല. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി കേരളം കഴിവ് തെളിയിച്ചിട്ടുള്ളതാണ്. അതുകൊണ്ടു തന്നെ ഏറ്റെടുക്കാൻ കേരളം സന്നദ്ധത പ്രകടിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് വിട്ടുകിട്ടണം.

ജി.എസ്.ടി കോമ്പൻസേഷനാണ് മറ്റൊരു പ്രധാന പ്രശ്നം. കേരളത്തിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ സുപ്രീം കോടതിയിൽ പോകുമെന്ന നില വന്നപ്പോഴാണ് കേന്ദ്രം കുടിശ്ശിക അനുവദിച്ചത്. ഇത്തരത്തിൽ ഫെഡറൽ തത്വങ്ങൾ ലംഘിക്കപ്പെടുന്ന അവസ്ഥ ഉണ്ടായിക്കൂടാ. ഭരണഘടനാപരമായി കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകാൻ ബാധ്യസ്ഥപ്പെട്ടതും നൽകുമെന്ന് നിയമത്തിലൂടെ അംഗീകരിച്ചിട്ടുള്ളതുമായ വിഹിതം യഥാസമയത്ത് കിട്ടാൻ നാം കൂട്ടായി പരിശ്രമിക്കണം. ഇത് സംസ്ഥാനങ്ങൾക്കാകെ ആശ്വാസകരമായ നിലപാടായി മാറും.

15 ാം ധനകാര്യ കമ്മീഷന്റെ സെക്ടർ ബെനഫിറ്റ് എന്ന ആശയം ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം എന്നീ കാര്യങ്ങളിൽ കേരളത്തിനു ഗുണകരമാക്കാൻ കഴിയണം. പൊതുവെ 15 ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുടെ സാമ്പത്തിക വിഭവങ്ങളെ പരിമിതപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റ്സിന്റെ കാര്യത്തിൽ കേരളത്തിന് അനുകൂലമായ നിലപാട് കേന്ദ്രത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം.

കോവിഡ് മൂലം രാജ്യത്തിന്റെ മൊത്തം സാമ്പത്തിക വ്യവസ്ഥ തകരാറിലാണ്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വരുമാന നഷ്ടമുണ്ട്. സംസ്ഥാനത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ ഇടിവ് ജി.എസ്.ടി. യിലാണുണ്ടായത്. വരുമാനം കുറയുകയും ചെലവു വർദ്ധിക്കുകയും ചെയ്തതിന്റെ പ്രശ്നങ്ങളിലാണ് സംസ്ഥാനങ്ങൾ. ഈ സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം കൃത്യമായി സംസ്ഥാനത്തിനു കിട്ടണം. അതതു സമയത്ത് ധനകാര്യകമ്മീഷൻ അവാർഡു വഴി കിട്ടുന്ന തുകയും കൃത്യമായി കിട്ടണം.

വായ്പാ പരിധി നാലര ശതമാനമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ അതു വഴിയുള്ള സാധ്യത ഉപയോഗപ്പെടുത്താനാവാത്തവിധം കർക്കശവും ഫെഡറൽ തത്വങ്ങൾക്കു നിരക്കാത്തതുമായ നിരവധി വ്യവസ്ഥകൾ കേന്ദ്രം കൊണ്ടുവന്നു. ഉദാരവൽക്കരണനയങ്ങളുടെ നടപ്പാക്കൽ, പൊതുമേഖലാ കമ്പനികളെ സ്വകാര്യവൽക്കരിക്കൽ, ബോർഡു വായ്പ എഴുതിത്തള്ളൽ തുടങ്ങിയ വ്യവസ്ഥകളാണ് മുന്നോട്ടുവയ്ക്കുന്നത്.സംസ്ഥാന താൽപര്യങ്ങൾക്കു വിരുദ്ധമായ ഉപാധികൾ അടിച്ചേൽപിക്കുന്നതിനെതിരായി ശബ്ദമുയർത്തണം.

കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ഇന്ത്യൻ പോർട്ട്സ് ബിൽ, 2021 മായി ബന്ധപ്പെട്ട ആശങ്കകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ, കോളേജ് പാഠ്യപദ്ധതികൾ ഏകപക്ഷീയമായി പരിഷ്കരിക്കുന്നു എന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഇത്തരം നിയമങ്ങളിലൂടെ പടിപടിയായി സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കുമേൽ ഒന്നിനു പുറകെ ഒന്നായി കൈ കടത്തുകയാണ്. ഇത് ഗൗരവമുള്ള പ്രശ്നമാണ്.

ഇന്ത്യയുടെ ഭാഗമായ ഒരു സംസ്ഥാനത്തെ നിയമസഭയിലെ അംഗങ്ങൾ എന്ന നിലയിൽ നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങൾ മുറുകെപിടിച്ചുകൊണ്ട് നിലകൊള്ളുക എന്നത് പ്രധാനമാണ്. അത് രാജ്യത്തിന്റെ പ്രാദേശിക സവിശേഷതകളെ സംരക്ഷിച്ചുകൊണ്ട് മുന്നേറുന്ന ജനാധിപത്യമായി നിലകൊള്ളുവാൻ ഇന്ത്യയെ സഹായിക്കും. അതാകട്ടെ ഇന്ത്യയിലെ വിവിധ സംസ്കാരങ്ങൾക്കും സമസ്ത ജനവിഭാഗങ്ങൾക്കും പ്രയോജനപ്രദമാകുകയും ചെയ്യും.

ഇത്തരം വിഷയങ്ങളൊക്കെ ഉന്നയിക്കുമ്പോൾ, ശക്തമായ കേന്ദ്രം, സംതൃപ്തമായ സംസ്ഥാനങ്ങൾ, പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഇടപെടുന്നത് പൊതുവിൽ നമ്മുടെ രാജ്യത്തിനും അതിന്റെ ജനാധിപത്യ വ്യവസ്ഥയ്ക്കും കേരളത്തിനും എല്ലാം ഗുണകരമാകും. കേരളത്തിന്റെ താൽപര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

പ്രതികരണങ്ങൾക്കും
അന്വേഷണങ്ങൾക്കും
kladrd@gmail.com എന്ന ഇ-മെയിൽ
വിലാസത്തിൽ ബന്ധപ്പെടുക

- എഡിറ്റർ

Printed and Published by S.V. Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers (Pvt) Limited, Gandhari Amman Kovil Road, Thiruvananthapuram and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- M.B. Rajesh